# ഗുരുനാഥൻ.

പുസ്തകം 9 | 1105 തുലാം | ലക്കം 3

## * വിദ്യാഭ്യാസലോകത്തിലെ ചില നവീനപ്രസ്ഥാനങ്ങൾ

(മിസ്സ്. കോറി ഗോർഡൻ.)

അടുത്ത കാലത്ത് വിദ്യാഭ്യാസലോകത്തിലുണ്ടായിട്ടുള്ള ഒരു പ്രധാനപ്രസ്ഥാനം കുട്ടികളുടെ മാനസികപോഷണസംബന്ധമായി നമ്മുടെ വീക്ഷണഗതിയിലുള്ള ഒരു മാററമാകുന്നു. ആറുവയസ്സാകുന്നതുവരെ കുട്ടിയുടെ ശരീരസ്ഥിതിയിൽ മാത്രം പ്രധാനമായി ശ്രദ്ധിച്ചാൽ മതി എന്നായിരുന്നു അടുത്തകാലംവരെ നമ്മുടെ വിചാരം. ഇന്ന് വിദ്യാഭ്യാസപ്രവൎത്തകന്മാരും മനശ്ശാസ്ത്രപണ്ഡിതന്മാരും ഒരു കുട്ടിയുടെ ജീവിതകാലത്തിൽ രണ്ടുവയസ്സുമുതൽ ആറുവയസ്സുവരെയുള്ള ഘട്ടം ഏററവും പ്രധാനമായ ഒന്നാണെന്ന് വിചാരിക്കുന്നു. ഒരു കുട്ടിയുടെ വളൎച്ചയുടെ ഫലമായി നല്ല ഒരു ശരീരമുണ്ടാകണമെങ്കിൽ ശരിയായ ഒരു അടിസ്ഥാനമുണ്ടായിരിക്കണമെന്നാണ് അവരുടെ അഭിപ്രായത്തിന്റെ സാരം. ഒരു കുട്ടിയുടെ മാനസികവും കായികവുമായ അഭിവൃദ്ധിയിൽ നാം ഒരുപോലെ ശ്രദ്ധിക്കേണ്ടതാണ്. പ്രായമാകുമ്പോൾ മാനസികമായിക്കാണുന്ന വിഷമങ്ങൾ ബാല്യകാലത്തിൽ ബുദ്ധിപൂൎവ്വകമായല്ലാതെ വളൎത്തിയതിന്റെ ഫലമാണെന്നുള്ളതിന് ധാരാളം തെളിവുകൾ ഉണ്ട്. സ്വഭാവരൂപൽക്കരണഘട്ടത്തിൽ—അഭ്യസനം നൽകുവാൻ എത്രയും എളുപ്പമായ ഘട്ടത്തിൽ—ബുദ്ധിപൂൎവ്വകമായ നേതൃത്വത്തിന്റെ ആവശ്യകതയേയും പ്രാധാന്യതയേയും പററി കൂടുതലായി ഒന്നും പറയേണ്ട ആവശ്യമില്ലല്ലൊ. വിദ്യാഭ്യാസവകുപ്പിൽ പരിചരണവിദ്യാലയം ഏൎപ്പെടുത്തുകയാണെങ്കിൽ കുട്ടിയെ ശരിയായി നയിക്കാവുന്നതും വിഷമതകൾ പരിഹരിക്കാവുന്നതുമാകുന്നു. ഇങ്ങിനെയുള്ള വിദ്യാലയങ്ങൾ സ്ഥാപിക്കുവാൻ ഭാഗ്യമുണ്ടായിട്ടുള്ള യൂറോപ്യൻരാജ്യങ്ങളിൽ തന്മൂലമുണ്ടായിട്ടുള്ള ഗുണഗണങ്ങൾ ഏതു സാമാന്യനിരീക്ഷകനും

* വിദ്യാലയത്തിൽ പോകുന്നതിനു മുമ്പുള്ള അഭ്യസനശാലകളെപ്പററിയാണ് ഈ ലേഖനത്തിലെ പ്രധാന സംഗതികൾ.

അനായാസേന മനസ്സിലാക്കുന്നതാണ്. പ്രസ്തുതവിദ്യാലയങ്ങൾ മററു സ്ഥാപനങ്ങളേക്കാൾ ഗൃഹത്തോട് കൂടുതൽ ബന്ധമുള്ളവയായിത്തീരുന്നു. കുട്ടികളുടേയും മാതാപിതാക്കന്മാരുടേയും ഗുണത്തിനായി ഈ വിദ്യാലയങ്ങളിലെ അന്തരീക്ഷം ഗൃഹത്തിലേതിനോടു സദൃശമായിത്തീരുന്നു. പരിചരണവിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാർ കുട്ടികളുടെ നാനാതരത്തിലുള്ള അഭിവൃദ്ധിയെ സംബന്ധിച്ചിടത്തോളം, മാതാപിതാക്കന്മാരുടെ ഉപദേഷ്ടാക്കളും സ്നേഹിതന്മാരുമായിത്തീരുന്നു. ബുദ്ധിമതിയായ ഒരു മാതാവു് വിദ്യാലയത്തിലെ രീതിതന്നെ ഗൃഹത്തിലും അനുകരിക്കുന്നതായിരിക്കും.

ഗൃഹം പരിചരണവിദ്യാലയംപോലെയുള്ള ഒരു സ്ഥാപനവുമായി സംഘടിപ്പിക്കുന്നതുകൊണ്ടുള്ള മാഹാത്മ്യം എത്ര പറഞ്ഞാലും അധികമാകുകയില്ല. അതു് പ്രായമായ കാലത്തെക്കാൾ ബാല്യകാലത്താണ് എത്രയും പ്രധാനമായിരിക്കുന്നതു്. കുട്ടിയുടെ ഓരോ അനുഭവങ്ങൾ അവന്റെ വിജയകരമായ വളർച്ചക്ക് അത്യാവശ്യമാണ്. അതുകൊണ്ടുള്ള വേറൊരു ഗുണം തുല്യപ്രായമുള്ളവരുമായി ഇടപെടുന്നു എന്നുള്ളതാകുന്നു. ഒരുകുട്ടിക്ക് എപ്പോഴും പ്രായമായ ഒരാളുമായി ഇടപെടേണ്ടിവരുന്നതു് നിർഭാഗ്യം എന്നേ പറയേണ്ടു. രണ്ടുപേരുടേയും ജീവിതരീതിയും വീക്ഷണഗതിയും അത്ര വ്യത്യസ്തപ്പെട്ടതാണ്. കുട്ടിയുടെ ലോകവും അയാളുടെ ലോകവും അഭിപ്രായവ്യത്യാസമാകുന്ന ഒരു വൻകടൽ വേർപെടുത്തിയിരിക്കുന്നുഎന്നു പറയാം. എന്നു മാത്രമല്ല ചെറുപ്പത്തിൽതന്നെ പ്രായമായവരുടെ മനസ്ഥിതി സ്വീകരിപ്പിക്കുന്നതുകൊണ്ട് ബാല്യകാലത്തിലെ അമൂല്യഗുണങ്ങൾ കുട്ടിയിൽനിന്നും അപഹരിക്കുകയും ചെയ്യുന്നു. കുട്ടികൾക്ക്, കുട്ടികളെ വേഗത്തിൽ മനസിലാക്കുവാനും അവരിൽനിന്നും പലതും സ്വാഭാവികമായി പഠിക്കുവാനും കഴിയും.

പരിചരണവിദ്യാലയത്തിലെ അദ്ധ്യാപകൻ കുട്ടികളെ പരിപാലിക്കുന്നവിഷയത്തിൽ വിദഗ്ദ്ധനായിരിക്കണം. കുട്ടികളുടെ ലഹളകൾകൊണ്ടു വിഷമിക്കുന്ന മാതാക്കൾ പരിചരണവിദ്യാലയത്തിലെ ആഹ്ലാദപ്രദമായ അവസ്ഥകണ്ടു സന്തോഷിക്കുകയും, അവിടെനിന്നും വേണ്ട പാഠം പഠിക്കുകയും ചെയ്യുന്നു. ലഹളകൾക്കു അവരും കുററക്കാരികളാണെന്നു മനസ്സിലാക്കുന്നു. മാതാവു് ബുദ്ധിമതിയാണെങ്കിൽ അവിടത്തെ രീതിയെ മാററുകയും ചെയ്യും. എന്നാൽ ഈ സംഗതിയിൽ മാതാപിതാക്കന്മാരെ കുററപ്പെടുത്തുന്നതുകൊണ്ടു പ്രയോജനമില്ല. ലോകത്തിലെ ഒരു പ്രസിദ്ധ പരിചരണവിദ്യാലയത്തിലെ ഡയറക്ടർജോലി നിർവ്വഹിച്ചിട്ടുള്ള കൊളംബിയാസർവ്വകലാശാലയിലെ പ്രൊഫസർ ഹെലൻവുള്ളി പറയുന്നതു നോക്കുക:—"രണ്ടു വയസ്സുമുതൽ അഞ്ചു വയസ്സുവരെയുള്ള കുട്ടികളുടെ വിദ്യാഭ്യാസരീതികളിൽ എല്ലാ അമ്മമാരും വിദഗ്ദ്ധകളാണെന്നു വി

ചാരിച്ചുകൂട. അഞ്ചുവയസ്സുമുതൽ പത്തുവയസ്സുവരെയുള്ള കുട്ടികളുടെവിദ്യാഭ്യാസരീതികളിൽ എല്ലാ അമ്മമാരും വിദഗ്ദ്ധകളല്ല എന്നതുപോലെ തന്നെയാണ് അത്. ഇന്ന ബാല്യകാലമാണ് എത്രയും വിഷമതരമായിരിക്കുന്നത്. എന്തുകൊണ്ടെന്നാൽ അക്കാലത്തെപ്പററി നാം നല്ലപോലെ മനസ്സിലാക്കിയിട്ടില്ല. പ്രായമായകുട്ടികൾക്കുള്ളതുപോലെ അവിടെയും വിദ്യാഭ്യാസരീതി ശരിപ്പെടുത്തിയിട്ടില്ല."

വിദ്യാലയത്തിൽ പോകുന്നതിന മുമ്പുള്ള കുട്ടികളുടെ കാര്യത്തിൽ ശരിയായ ഒരു നിയന്ത്രണം ഉണ്ടാകേണ്ടതു് ഈ രാജ്യത്തിൽ എത്രയും അത്യാവശ്യമാണ്. മാതൃത്വമാണ് ലോകത്തിൽവച്ച് ഏററവും ഉൽകൃഷ്ടമായ തൊഴിലെങ്കിലും ഇന്ന അതിനുള്ള ശരിയായ സജ്ജീകരണമില്ല; അതുഅടുത്തകാലത്ത് കുറച്ചുകൂടി ഉൽകൃഷ്ടതരമാകുന്നതിനുള്ള ലക്ഷണവും കാണുന്നില്ല. എന്നാലും കുട്ടിയുടെ കാര്യത്തിൽ വൈദഗ്ദ്ധ്യമേറിയ നേതൃത്വം ആവശ്യമാണെന്ന കാണാം. ഗൃഹവും പരിചരണവിദ്യാലയവും ഒന്നിച്ചു പ്രവർത്തിക്കുകയാണെങ്കിൽ വിഷമതകൾ കുറയും.

ശരിയായി രൂപവൽക്കരിച്ചിട്ടുള്ള ഒരു പരിചരണവിദ്യാലയപദ്ധതികൊണ്ട് കുട്ടികളുടെ മാനസികവും, കായികവും, ആയ ക്ഷേമത്തിന അഭിവൃദ്ധിയുണ്ടാക്കാമെന്നുള്ളതിന സംശയമില്ല.

### ബുദ്ധിശക്തിപരീക്ഷണം.

പള്ളിക്കൂടത്തിൽ പോകുവാൻ പ്രായമാകാത്ത കുട്ടികളോടുള്ള ഈ പുതിയ പെരുമാററമൊഴിച്ച് ൧൯൦൫ ന ശേഷമുണ്ടായിട്ടുള്ള പ്രധാന പ്രസ്ഥാനം ബുദ്ധിശക്തിപരീക്ഷണമാണ്. ബുദ്ധിശക്തിപരീക്ഷണത്തിൽ കൂടുതൽ പര്യവേഷണം ഈയിടെ നടത്തിയിട്ടുണ്ട്. അതു വിദ്യാഭ്യാസ പ്രവർത്തകന്മാരുടെ ശ്രദ്ധയെ ആകർഷിച്ചിട്ടുമുണ്ട്. ബുദ്ധിശക്തി പരീക്ഷണത്തിൽ തൃപ്തികരമായ ഒരു രീതി ഉപയോഗിക്കുകയാണെങ്കിൽ വളരെ ഗുണമുണ്ടാകുന്നതാണ്.

കുട്ടികൾക്കു ക്ലാസ്സുകയററം കൊടുക്കുന്ന കാര്യത്തിലും ഈ പരീക്ഷണം ഉപകാരപ്രദമായിത്തീരുന്നുണ്ട്. ലണ്ഡനിലുള്ള ഒരു വിദ്യാലയത്തിൽ വർഷാന്തപരീക്ഷക്കു കുട്ടികൾക്കു ആക്കും കുറെനാളത്തേക്കു വേതനങ്ങൾ ലഭിച്ചില്ല. അതിനുള്ളകാരണം കുട്ടികളുടെ സാമർത്ഥ്യക്കുറവാണെന്നു വിചാരിച്ചിരുന്നു. ഒരു അദ്ധ്യാപികക്കു കയററം കൊടുത്തു വേറൊരു അദ്ധ്യാപികയെ തൽസ്ഥാനത്തു നിയമിച്ചു. അവർ ഒരു നല്ല അദ്ധ്യാപികയായിരുന്നതിന പുറമെ ബുദ്ധിശക്തിപരീക്ഷണത്തിൽ വിദഗ്ദ്ധയുമായിരുന്നു. അക്കൊല്ലത്തിൽ കുട്ടികൾക്കു വേതനങ്ങൾ ലഭിച്ചു. ആണ്ടുതോറും അവയ്ക്കു മുടക്കവുമുണ്ടായില്ല. ഇതിന കാരണം കുട്ടികളുടെ ബുദ്ധിശക്തി പരിശോധിച്ചു തരംതിരിച്ചതുകൊണ്ടാണ്.

കുട്ടികളെ ശരിയായി തരംതിരിച്ചില്ലെങ്കിൽ ദോഷമാണ്. കൂടുതൽ ബുദ്ധിശക്തിയുള്ള ഒരു കുട്ടി ഒരേ പ്രായത്തിലുള്ളവരെങ്കിലും ബുദ്ധിശക്തി കുറഞ്ഞവരുടെ കൂട്ടത്തിൽ പെട്ടാൽ മടിയനായിത്തീരും. ക്ലാസ്സിൽ ഒന്നാമനായി അഹ്ഹതയില്ലാത്ത സ്ഥിതിക്കു പാത്രമായും തീന്നേക്കാം.

# അമേരിക്കയിലെ രണ്ടു പാഠശാലകൾ.

(സി. എസ്സ്. സുബ്രഹ്മണ്യൻ പോററി എം. എ.)

മിസ്സ് കെ. എൻ. ബ്രാക്ക് വേ ഹിന്ദുപത്രത്തിൽ ഇങ്ങിനെ എഴുതുന്നു.

ഗൃഹവും പാഠശാലയും തമ്മിലുള്ള ഭിന്നത, പാഠശാലകളിൽ നല്കപ്പെടുന്ന വിദ്യാഭ്യാസത്തിനും ബാഹ്യലോകത്തിലെ ജീവിതത്തിനും തമ്മിൽ വലിയ സംബന്ധം ഒന്നും ഇല്ലായ്മ, ഇവ വിദ്യാഭ്യാസകാര്യത്തിൽ താല്പര്യം ഉള്ള ആളുകളുടെ ആലോചനയ്ക്കു വിഷയമായി ഭവിച്ചിരിക്കുന്ന രണ്ടു സംഗതികൾ ആകുന്നു. ഈ വ്യത്യാസങ്ങളെ കുറയ്ക്കുന്നതിനുദ്ദേശിച്ചു പ്രവൎത്തിച്ചുപോരുന്ന അമേരിക്കയിലുള്ള രണ്ടു പാഠശാലകളെ ഞാൻ സന്ദൎശിച്ചു. ഇവ മിക്കവാറും ഇംഗ്ലണ്ടിൽ 'പ്രിപ്പറേററിസ്കൂളുകൾ' എന്നറിയപ്പെടുന്ന പാഠശാലകളോടു തുല്യങ്ങളാണ്. അതായതു് പതിമൂന്നു വയസ്സുവരെ പ്രായമുള്ള കുട്ടികൾക്കാണു അവയിൽ പ്രവേശനം നൽകപ്പെടുന്നതു്. ആൺകുട്ടികളേയും പെൺകുട്ടികളേയും ചേൎത്തു പഠിപ്പിക്കുന്നവയാണു രണ്ടു വിദ്യാലയങ്ങളും. ഞാൻ ആദ്യം സന്ദൎശിച്ചതു മാസച്ചുസെററസിൽ കേംബ്രിഡ്ജ് എന്ന സ്ഥലത്തുള്ള ഷേഡീഹിൽസ്കൂളാണ്. ഹാൎവേൎഡ് യൂണിവേൎസിററിയിലെ തത്വശാസ്ത്രപ്രൊഫസ്സരുടെ പത്നി മിസസ്സ് ഹാക്കിങ് തന്റെയും തന്റെ അയല്ക്കാരുടെയും കുഞ്ഞുങ്ങൾക്കായി ആരംഭിച്ച ഒരു ക്ലാസ് വളൎന്നു ഒരു പാഠശാലയായി തീൎന്നതാകുന്നു ഇതു്. ഇപ്പോൾ അതിൽ നൂററി ഇരുപതു കുഞ്ഞുങ്ങൾ പഠിക്കുന്നുണ്ടു്. അവരിൽ അധികവും മേൽപറഞ്ഞ യൂണിവേഴ്സിററിയോടു സംബന്ധപ്പെട്ട കുടുംബങ്ങളിലുള്ളവരായ രക്ഷാകൎത്താക്കളും അധ്യാപകന്മാരും ചേൎന്ന് ഒരു സഹകരണരൂപത്തിലാണ് ഈ പാഠശാലയുടെ ആരംഭം. അവർ തമ്മിൽ ആലോചിച്ചാണു പാഠശാലാമന്ദിരത്തിന്റെ പ്ലാൻ നിൎമ്മിച്ചതും. ചുററിനടന്നു പാഠശാല മുഴുവൻ എനിക്കു കാണിച്ചുതന്നതു അവിടെ പഠിക്കുന്ന മൂന്നു കുട്ടികളുടെ അമ്മയാണ്. അധ്യാപകരെല്ലാംജോലിയിൽ പ്രവേശിച്ചിരിക്കുമ്പോൾ സന്ദൎശകരെ കൂട്ടിച്ചുകൊണ്ടു കാണിക്കു

ന്നതിന്ന് അവിടെ പഠിക്കുന്ന കുട്ടികളുടെ അമ്മമാരോട് ആരോടെങ്കിലും ആവശ്യപ്പെടുകയാണ് ഹെഡ്മിസ്ട്രസ്സ് ചെയ്യാറുള്ളതു്. സാധാരണയിൽനിന്നു വിഭിന്നമായ ഒരു കോണത്തിൽ കൂടിയാണു ഞാൻ അവിടത്തെ കാര്യങ്ങൾ കണ്ടതു് എന്നു ഇതിൽനിന്നു വ്യക്തമാണല്ലോ. എത്രയും ലഘുവായ രീതിയിലും ഒരു ഗൃഹം എന്ന പോലെയും ഇതിനെ നടത്തിക്കൊണ്ടുപോകണമെന്നായിരുന്നു ഇതു സ്ഥാപിച്ച ആളിന്റെ ഉദ്ദേശങ്ങളിൽ ഒന്നു്. അതുകൊണ്ടു് ഒരു ഒററ വലിയ കെട്ടിടമായിട്ടല്ല പാഠശാലാമന്ദിരം നിർമ്മിക്കപ്പെട്ടിട്ടുള്ളതു്. ഓരോ ക്ലാസിനും ഓരോ കെട്ടിടമാണ്. ഓരോന്നിലും ഓരോ ക്ലാസ്മുറിക്കു പുറമെ, കുട്ടികൾക്കു് ഇരുന്നു പഠിക്കാൻ 'സ്ററുഡിയോ' എന്നുപറയുന്ന ഒരു മുറിയും, അവരുടെ പുറംകുപ്പായങ്ങളും തൊപ്പികളും വയ്ക്കാൻ ഉള്ള ഒരു മുറിയുംകൂടി ഉണ്ടു്. സ്ററുഡിയോ, ലാബറട്ടറി, വർക്ഷോപ്പു് ഇവയെല്ലാം വെവ്വേറെ കെട്ടിടമാണ്. അസ്സംബ്ളി ഹാൾ, ലൈബ്രറി ആഫീസുകൾ ഇവയെല്ലാം ചേർന്ന ഒരു വലിയ കെട്ടിടവും ഉണ്ടു്. ഒരു ഏകതത്വമാണു ബോധനത്തെസ്സംബന്ധിച്ച അവരുടെ ലാക്കു് .വിഷയങ്ങൾ വെവ്വേറെ വെള്ളംകൂടി കയറാൻ ഒക്കാത്ത അറകളിൽ അടഞ്ഞുപോകാതിരിപ്പാൻ പ്രത്യേക നിഷ്കർഷയുണ്ടു്. എന്റെ സന്ദർശനസമയം ഓരോ ക്ലാസും ഗ്രീസ്, ഈജിപ്റ്റ്, റഷ്യാ എന്നിങ്ങനെയുള്ള ഓരോ വലിയ രാജ്യത്തിന്റെ ജീവിതത്തെക്കുറിച്ചു് വ്യവഹരിക്കയായിരുന്നു. അതാതു രാജ്യത്തെ കേന്ദ്രമാക്കിയായിരുന്നു ബോധനം നൽകിയിരുന്നതു്. അതാതു രാജ്യത്തെ സംബന്ധിച്ചുള്ള പുസ്തകങ്ങളും, അതാതിന്റെ പല പ്രകാരത്തിലുള്ള പടങ്ങളും കുട്ടികൾ ക്ലാസ്മുറികളിൽ വച്ചു് പഠിക്കുന്നു. സ്ററുഡിയോവിലും വർക്ഷോപ്പിലും അവരുടെ പണികളും അതാതു രാജ്യത്തെ സംബന്ധിച്ചുള്ളവ തന്നെയാണ്. ഈ പാഠശാലകളുടെ പ്രധാന ഉത്സാഹങ്ങളിൽ ഒന്ന് നാടകാഭിനയമാണ്. ഓരോക്ലാസും ചെറുനാടകങ്ങൾ എഴുതുകയും അഭിനയിക്കയും ചെയ്യുന്നു. അതിനുവേണ്ട സീനറികളും ഉടുപ്പുകളുംമററും ഓരോ ക്ലാസും സ്വയം ഉണ്ടാക്കിക്കൊള്ളുന്നു. അദ്ധ്യാപകരും രക്ഷാകർത്താക്കളും തമ്മിലുള്ള സഹകരണം, പാഠശാലാഭരണസംബന്ധമായ നിബന്ധനകളുടെനിർമ്മിതി ഇവയെക്കുറിച്ചു് ഞാനും ഹെഡ്മിസ്ട്രസ്സും തമ്മിൽ സംസാരിക്ക ഉണ്ടായി.

അധ്യാപകരും വിദ്യാർത്ഥികളും ചേർന്നു വാദപ്രതിവാദം ചെയ്താണ് നിയമങ്ങൾ ഉണ്ടാക്കുന്നതു്. ന്യൂയാക്കിലുള്ള "സിററി ആൻറു കൺട്രിസ്കൂൾ" ചെന്നു കാണണമെന്ന് അവർ എന്നോട്ട് ഉപദേശിച്ചു. ആ പാഠശാല ഷേഡിഹിൽ സ്കൂളിന്റെ ആദർശങ്ങളെത്തന്നെ അധികവും പങ്കുകൊള്ളുന്നു. എന്നാൽ പാഠവിഷയങ്ങളുടെ മറെറാരു ഭാഗത്തിനാണ് അവിടെ പ്രാധാന്യം കല്പിച്ചിട്ടുള്ളതു്. അതായതു്, അവിടെ പാഠപദ്ധ

തി രൂപവല്ക്കരിച്ചിട്ടുള്ളത് വിദ്യാൎത്ഥികൾ ജീവിക്കുന്ന വൎത്തമാനലോക ത്തെ സംബന്ധിച്ച് ബോധനം നൽകുന്നതിനെ പുരസ്കരിച്ചാണ്. നേരേമറിച്ച് ഭൂതകാലലോകത്തെ സംബന്ധിച്ച അറിവുകൾക്കാണ് ഷേഡീഹിൽ സ്കൂളിൽ പ്രാധാന്യം. എന്തെന്നാൽ ചരിത്രജ്ഞാനത്തിൽനിന്ന് ഉണ്ടാകുന്ന മനോബോധം വിവേകത്തേയും സംഗതികൾ തീൎച്ച ചെയ്യാനുള്ള കെല്പിനേയും നൽകുന്നു എന്നും ഇക്കാലത്ത് അവ അധികം ആവശ്യമുണ്ട് എന്നും ആകുന്നു അവരുടെ മതം.

"സിററി ആൻറ് കൺട്രി സ്കൂൾ" ന്യൂയാൎക്ക സിററിയിൽ ഗ്രീനിച്ച് എന്ന നഗരത്തിലാണ്. അതിൽ പഠിക്കുന്ന വിദ്യാൎത്ഥികളിൽ അധികവും ശില്പകാരന്മാരുടേയും പത്രപ്രവൎത്തകന്മാരുടേയും കുട്ടികളാകുന്നു. മൂന്നുമുതൽ പതിമൂന്നുവയസ്സുവരെ പ്രായമുള്ളവരെയാണ് അതിൽ പഠിപ്പിക്കുന്നത്. കുട്ടികളുടെ വയസ്സനുസരിച്ചാണു ക്ലാസ്സുകളുടെ വിഭജനം. ഓരോ വയസ്സിലുള്ളവൎക്കു ഓരോ ക്ലാസ്സുമുറി ഉണ്ട്. ഒരു ലാബറട്ടെറിയും ഒരു ആശാരിപ്പണിപ്പുരയും ചൂളയോടുകൂടിയ ഒരു കളിമൺസാധനനിൎമ്മാണശാലയും ഒരു വായനശാലയും ഒരു വ്യായാമശാലയും കുട്ടികളുടെ പ്രായത്തിനനുസരിച്ചുള്ള കളികൾക്കായി മൂന്നു കളിക്കളങ്ങളും അവിടെ ഉണ്ട്. ഇതുകൊണ്ട് ആ പാഠശാലയ്ക്കു കെങ്കേമങ്ങളായ കെട്ടിടങ്ങൾ ഉണ്ടെന്നു കരുതരുത്. പാഠശാല നടത്തുന്നത് പട്ടണത്തിൻെറ തെക്കെ അററത്തുള്ള ഒരു പഴയ മാതിരി കെട്ടിടത്തിലത്രെ. ന്യൂയാൎക്ക നഗരത്തിൻെറ പല ഭാഗങ്ങളിലും കുട്ടികളെ കൂട്ടിച്ചുകൊണ്ടുപോയി കാണിക്കുന്നതിനായി അധികസമയം ഉപയോഗിക്കുന്നു. ഓരോന്നും സൂക്ഷിച്ചുനോക്കുന്നതിനും അതാതു സംബന്ധിച്ച് ചോദ്യങ്ങൾ ചോദിക്കുന്നതിനും കുട്ടികളെ പരിശീലിപ്പിക്കുന്നു. അവർ തീവണ്ടികൾ, കാറുകൾ, കല്ക്കരിവണ്ടികൾ, ഭാരവണ്ടികൾ, വള്ളങ്ങൾ, ബോട്ടുകൾ മുതലായി തങ്ങൾ കാണുന്നവയെ എല്ലാം സൂക്ഷിച്ചുനോക്കുകയും "എന്ത് എന്തിന്, എവിടുന്ന്, എങ്ങോട്ട്, എങ്ങിനെ" എന്നിങ്ങനെയുള്ള അനേകം ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ കണ്ടുപിടിക്കയും ചെയ്യുന്നതുമൂലം തങ്ങൾ ജീവിക്കുന്ന ലോകത്തെ സംബന്ധിച്ച കാൎയ്യങ്ങളെ ഗ്രഹിക്കുന്നു. അഞ്ചു വയസ്സുകാരെ 'സെവന്തു ആവന്യൂ' നീട്ടിപ്പണിയുന്നതു കൊണ്ടുപോയി കാണിച്ചു. നല്ലതരം കാൺക്രീററു കൂട്ട് ഉണ്ടാക്കുന്ന സമ്പ്രദായത്തിൽ അവൎക്ക വളരെ കൌതുകം തോന്നി. അവർ അതു മൂന്നു തവണ ചെന്നു കണ്ടു. അതിനുശേഷം ഒരു കുട്ടി ഒഴികെ മററെല്ലാവരും അതുണ്ടാക്കുന്ന രീതിയെ വളരെ ശരിയായി വിവരിച്ചു പറകയുണ്ടായി.

ആദ്യത്തെ മൂന്നു ഗ്രൂപ്പുകാരും അതായതു മൂന്നും നാലും അഞ്ചും വയസ്സുകാൎക്ക കളിക്കാൻ ഒരു വിസ്താരമുള്ള തുറന്ന സ്ഥലവും അവർ ജീവി

ക്കുന്ന ലോകത്തിലെ ഓരോ വസ്തുക്കൾ നിൎമ്മിക്കാൻ ഉപയുക്തങ്ങളായ ധാരാളം കളിപ്പാട്ടങ്ങളും ഉണ്ട്. ഏഴുവയസ്സുഗ്രൂപ്പിൽ എഴുത്തും വായനയും കണക്കും ആരംഭിക്കുന്നു. അവരുടെ പ്രധാനപ്പെട്ട വിനോദം ന്യൂയാൎക്ക് പട്ടണത്തിന്റെ ഒരു മാതൃക ഉണ്ടാക്കുകയാണ്. എട്ടുവയസ്സു ക്ലാസ്സ് പാഠശാലയിൽ ആവശ്യമുള്ള സാമാനങ്ങൾ മൊത്തമായി വാങ്ങിവച്ച് ചില്ലറവില്പന നടത്തുന്നു. ഇതു് അവൎക്കു കണക്കുവിഷയം സംബന്ധിച്ച് വളരെ സഹായം ചെയ്യുന്നുണ്ട്. അവരുടെ പാഠശാലജോലി മുഴുവൻ വാങ്ങുകയും വില്ക്കുകയും എന്ന വ്യാപാരത്തെ കേന്ദ്രീകരിച്ചാകുന്നു. അതു സംബന്ധിച്ച പുരാതനജനങ്ങളുടെ ജീവിതക്രമത്തേയും അവർ പഠിക്കുന്നു. സ്കൂളിലെ പോസ്റ്റാഫീസിന്റേയും സാമാനക്കലവറയുടേയും ചുമതല ഒൻപതു വയസ്സു ക്ലാസ്സുകാൎക്കാണ്. പത്തുകാൎക്ക് അച്ചടിയിലും ബൈണ്ടിങ്ങിലുംക്കൂടി കൈയുണ്ട്. ഏഴുകാൎക്ക് വായിക്കാനുള്ളവ നൽകുന്ന ജോലി ഇവൎക്കാകകൊണ്ട് ആ വിഷയം സംബന്ധിച്ച പ്രായോഗിക പരിശീലനവും ലഭിക്കുന്നു. പതിനൊന്നുകാൎക്ക് ഒരു അച്ചടിയന്ത്രം ഉണ്ട്. അതിനെ ഉപയോഗിച്ച് അവർ പല പ്രവൃത്തികളും എടുക്കുന്നു. പ്രായോഗിക പരിശീലനം കുട്ടികളെ സാധനങ്ങൾ കൈകാൎയ്യം ചെയ്യാൻ നിപുണരാക്കുന്നതിനു പുറമെ അവ സംബന്ധിച്ച ഓരോ സംഗതികൾ ഗ്രഹിക്കാൻവേണ്ടി പുസ്തകങ്ങൾ വായിക്കാനും ഇടയാക്കുന്നു. സയൻസ്സ്, സാഹിത്യം, സംഗീതം, നാടകം മുതലായവയ്ക്കും പാഠപദ്ധതിയിൽ സ്ഥാനം നൽകിയിട്ടുണ്ട്.

നമ്മുടെ നാട്ടിലും ഒരു "സിററിആൻഡ് കൺട്രി" സ്കൂൾ എങ്കിലും ഉണ്ടായിക്കാണാൻ പലൎക്കും ആഗ്രഹം ഉണ്ടായേക്കാം.

# സാപ്തപദീനപാരമ്യം.

## തൃതീയരംഗം

(എം. രാജരാജവൎമ്മതമ്പുരാൻ എം. എ., ബി. എൽ.)

"യെയഥാമാംപ്രപദ്യന്തെതാംസ്തഥൈവഭജാമ്യഹം
മമവൎത്മാനുവൎത്തന്തെമനുഷ്യാഃപാൎത്ഥ!സൎവശഃ."

ഭഗവാനെ ഏതുമാതിരി ഭജിക്കുന്നുവോ അതനുസരിച്ച ഫലസിദ്ധിയുണ്ടാകുമെന്നുള്ളതുപോലെ, മഹാസമിതിയും അനുഗ്രഹങ്ങൾ നല്കുന്നുണ്ടെന്ന് അനേകദൃഷ്ടാന്തങ്ങളുള്ളവയിൽ ഒന്നുരണ്ട് ഇവിടെ പറയാം.

യൂറോപ്പുമഹാഖണ്ഡത്തിൻെറ ദക്ഷിണപൂർവ്വാശയിൽ പുരാതനകാലത്തു് ഭാരതഭൂമിയോടൊപ്പം പ്രസിദ്ധിനേടിയിരുന്ന ഗ്രീസ്സ് രാജ്യം സ്ഥിതിചെയ്യുന്നു. ഇന്നു കാണുന്ന പാശ്ചാത്യപരിഷ്കാരത്തിൻെറ സൂതികാഗൃഹം അവിടമാണെന്നതു് അവിതർക്കിതമായ സംഗതിയാണു്. ഗൈർവ്വാണത്തിനൊപ്പം പൊലിപ്പവും വൈഭവവുമുള്ള മററൊരു ഭാഷയുണ്ടെങ്കിൽ അതു് ഗ്രീക്കുഭാഷയാകുന്നു. അതിൽനിന്നു് കടംവാങ്ങിയാണു നവീനശാസ്ത്രീയഭാഷകളെല്ലാം വ്യാപാരം നടത്തുന്നതു്. ഗ്രീസ്സുരാജ്യത്തിൽ ജനിച്ചുവളൎന്ന മഹാകേമന്മാരായിരുന്ന കവികളുടേയും, ശാസ്ത്രവിദഗ്ദ്ധന്മാരുടേയും, തത്വശാസ്ത്രിമാരുടേയും പേരും കൃതികളും ഇന്നും ലോകത്തിൽ ആദരപുരസ്സരം പണ്ഡിതന്മാർ കൊണ്ടാടുന്നു. ഗ്രീക്കുഭാഷ പഠിക്കാതുള്ള പാണ്ഡിത്യം നിസ്സാരമെന്നു് മഹാവിദ്യാലയങ്ങൾ ഗണിക്കുന്നു. ശില്പവിദ്യ മുതലായ വിചിത്രകലകളിൽ ഗ്രീസ്സുകാർ അന്നു ചെയ്തിട്ടുള്ള പണികൾ ലോകത്തെ ഇന്നും വിസ്മയപരതന്ത്രമാക്കുന്നുണ്ടു്. സാഹിത്യത്തിലും, സംഗീതത്തിലും, വിചിത്രകലകളിലും ഇത്രമാത്രം പ്രാവീണ്യം നേടിയിരുന്ന ഗ്രീസ്സുകാർ വീൎയ്യത്തിൽ കുറഞ്ഞവരായിരുന്നൊ? സാക്രട്ടീസ്സ്, പ്ലേററൊവും അരിസ്റ്റാട്ടലും ശാസ്ത്രജ്ഞന്മാരായിരുന്നതുപോലെ പെരിക്ലീസ്സും ഹെറിക്കുലീസ്സ്, ഫിലിപ്പും മഹാവീരന്മാരായിരുന്നു. അലക്സാണ്ടരുടെ ദിഗ്വിജയയാത്രയിൽ സിന്ധുനദീതീരത്തു് ജയസ്തംഭം നാട്ടിയതു ഭാരതചരിത്രത്തിൽ പ്രസിദ്ധമാണല്ലൊ.

ഇത്രമാത്രം പ്രസിദ്ധിനേടിയിരുന്ന ഗ്രീസ്സുരാജ്യം റോമന്മാരുടെ ആധിപത്യം മുഴുത്തപ്പോൾ ക്രമേണ ക്ഷയിച്ചു് അപ്രധാനമായിത്തീൎന്നു. എങ്കിലും ആ പ്രദേശത്തിൻെറ ഭംഗിയും സമൃദ്ധിയും നിലനില്ക്കതന്നെ ചെയ്തു. ഇന്നും അവിടത്തെ ജനങ്ങളെ കണ്ടാൽ ഒരു കുലീനത പ്രത്യേകമായി സ്ഫുരിച്ചുകാണാം. ഗ്രീസ്സുരാജ്യത്തിൻെറ ഏതാണ്ടു മദ്ധ്യഭാഗത്തായി കാറിന്തു ഉൾക്കടൽ സ്ഥിതിചെയ്യുന്നു. ഇംഗ്ലിഷുമാസം ആഗസ്റ്റ് അതായതു നമ്മുടെ ഓണക്കാലം- അപ്പോൾ കാണണം ആ പ്രദേശത്തിൻെറ രാമണീയകം-മദ്ധ്യാഹ്നസമയത്തു് കാറിന്തുൾക്കടലിൽനിന്നു് തിരമാലകളടിച്ചു തരുനിബിഡങ്ങളായ കുന്നുകളുടെ അടിവാനത്തെ ഫേനിലമാക്കി പണ്ടുണ്ടായിരുന്ന യശോധാവള്യത്തെ ഇന്നും നിലനിൎത്തിപ്പോരുന്നു. കുന്നുകളിൽ തിങ്ങിനില്ക്കുന്ന വൃക്ഷങ്ങളുടെ ഇലകൾ മന്ദമാരുതനേററു പാന്ഥരെ സുഖനിദ്രക്കു് ആഹ്വാനം ചെയ്യുന്നു. ഈ കുന്നുകളുടെ മുകളിൽ കയറിനോക്കിയാൽ ഒരു പുറത്തു നീലപ്പട്ടു വിരിച്ചതുപോലുള്ള സമുദ്രവും മറുപുറത്തു് പച്ചവില്ലീസു ചാൎത്തിയിരിക്കുന്ന പരന്ന വിസ്തൃതമായ പാടങ്ങളും കാണാം. ഈ പാടങ്ങളിൽ വിലസുന്നതു് ധാന്യങ്ങൾ മുളച്ചുവന്ന കതിരുകളായിരിക്കുമൊ? അല്ല, മുന്തിരിച്ചെടികളാണു്. തറയിൽനിന്നു മൂന്നടി

[illegible]



എം. രാജരാജവൎമ്മതമ്പുരാൻ

എം. ഏ., ബി. എൽ.

L. S. PRESS,-KOTTAKAL.

യിൽ കൂടുതലില്ല അവയ്ക്കുള്ള പൊക്കം. ഓരോ ചെടിയിലും കുലകുലയായി കുരുവില്ലാമുന്തിരിങ്ങ കായ്ച്ചുനില്ക്കുന്നു. കുലയ്ക്കോരോന്നിനും പത്തം ഇലത്തിൽ കൂടുതൽ നീളമുണ്ട്. കണ്ണെത്തുവോളം ദൂരം മുന്തിരിച്ചെടികൾ ഫലപുഷ്ടങ്ങളായി നില്ക്കുന്നതുകണ്ടാൽ ആരും കണ്ണുവെയ്ക്കും. കുരുവില്ലാ മുന്തിരിയുടെ വളർച്ചക്ക് ഇത്ര ഉതകിയ തറ മറെറാരിടത്തുമില്ലെന്നു കണ്ടുപിടിച്ചിട്ട് ഒരു നൂറുകൊല്ലത്തിൽ കൂടുതലായിട്ടില്ല. എങ്കിലും ആ കൃഷി ഗ്രീസ്സുരാജ്യത്തു വളരെ പ്രചരിച്ചിരിക്കുന്നു. അതാണ് അവിടത്തെ പ്രധാനകൃഷിയെന്നുതന്നെ പറയാം. കുരുവില്ലാമുന്തിരിങ്ങ അവിടെനിന്നാണു മറുരാജ്യക്കാർ വാങ്ങുന്നത്. ഓണക്കാലത്താണു മുന്തിരിങ്ങ പറിച്ചെടുക്കുന്നത്. അപ്പോൾ ആണും പെണ്ണും, കുഞ്ഞും തള്ളയുമെല്ലാം പാടത്തിറങ്ങി കൂട്ടകൾ നിറച്ചു മുന്തിരിങ്ങ പറിച്ചുശേഖരിച്ച് ഉണക്കുന്ന ധിറുതി കാണേണ്ടതാണ്. എട്ടുദിവസം വെയിലത്തുവച്ചുണക്കിയാൽ മറുനാട്ടിലേക്കു ചരക്കു കയററി അയക്കാം. അതിൽനിന്നുണ്ടാവുന്ന ആദായം ചില്ലറയല്ല.

കാറിന്തുൾക്കടലിൻെറ കരയിലുള്ള തന്നാമധേയത്തോടുകൂടിയ പട്ടണം പണ്ടേ പ്രസിദ്ധിനേടിയതാണ്. യോഗിവര്യനായിരുന്ന സെൻറു പാൾ സ്നേഹത്തെക്കുറിച്ചുള്ള പ്രസിദ്ധപത്രിക അവിടെ വച്ചായിരുന്നു എഴുതിയത്. കോറിന്ത്യന്മാർ പണ്ടു പ്രബലന്മാരായിരുന്നു. കാറിന്തുനഗരത്തിനു നൂറുമൈൽ കിഴക്കാണു ഗ്രീസ്സുരാജ്യത്തിൻെറ തലസ്ഥാനനഗരമായ ആത്തൻസു സ്ഥിതിചെയ്യുന്നതു്. ഒരുകാലത്ത് ആത്തൻസു കുബേരനഗരമായിരുന്നു. വർഷസഹസ്രങ്ങൾ കഴിഞ്ഞിട്ടും അതിൻെറ പുകൾ ഇന്നും നിലനില്ക്കുന്നുണ്ട്.

ഇന്നത്തെ യൂറോപ്യൻ ഭൂപടത്തിൽ ഗ്രീസ്സുരാജ്യം ബാല്ക്കൻ ഉപദ്വീപിൽ ഉൾപ്പെട്ടതായിട്ടാണു ഗണിച്ചിരിക്കുന്നതു്. വേറെ അഞ്ചുരാജ്യങ്ങൾകൂടി 'ബാല്ക്കൻസ്' അതിർത്തിയിൽ ഉൾപ്പെടുത്തീട്ടുണ്ട്. അവ, ബൾഗേറിയ, യൂഗോസ്ലാവിയ, റുമേനിയ, തുർക്കി, അൽബേനിയ, എന്നിവയാകുന്നു. ജർമ്മൻമഹായുദ്ധംവരെ ഇവ മിക്കതും ആസ്ട്രിയഹംഗേറി സാമ്രാജ്യത്തിനു കീഴടങ്ങിയിരുന്നു. പല ജാതിക്കാരാണു ബാല്ക്കൻസിൽ ആധിവസിക്കുന്നതു്; എങ്കിലും സ്ലാവു് വർഗ്ഗക്കാരാണു അധികം. യൂറോപ്പുപടം നോക്കിയാൽ ഈ ബാല്ക്കൻസ് എന്ന രാജ്യങ്ങൾ ഏഷ്യയിൽനിന്നു യൂറോപ്പിലേക്കു കടക്കാനുള്ള പടിക്കലാണു സ്ഥിതിചെയ്യുന്നതെന്നു കാണാം. അതുകൊണ്ടുണ്ടായിട്ടുള്ള ദോഷം ഇത്രമാത്രമെന്നു പറയാൻ മേല. പൌരസ്ത്യ ദേശങ്ങളിൽനിന്നുണ്ടായിട്ടുള്ള മൂർസ്സുകളുടെയും ചീനന്മാരുടേയും ആക്രമണങ്ങളെല്ലാം ആദ്യമായി ഏല്ക്കാൻ ഈ രാജ്യം പാത്രമായിത്തീർന്നു. ചരിത്രത്തിൽ നോക്കിയാൽ എന്നും അവിടം ഒരു അടക്കളമായിത്തന്നെയിരുന്നിട്ടുള്ളതായി കാണാം.

ബാല്ക്കൻ ചരിത്രം ആറു ഘട്ടങ്ങളായി പിരിക്കാം. ആദ്യം ഗ്രീക്കുകാരുടെ പ്രാബല്യം മൂത്തിരുന്ന കാലം; പിന്നീടു റോമാസാമ്രാജ്യത്തിനു കീഴടങ്ങിയിരുന്ന കാലം; അനന്തരം ആ സാമ്രാജ്യം ശിഥിലമായപ്പോൾ കാൺസ്റ്റാൻറിനോപ്പിൾ രാജധാനിയാക്കി മുതിന്ന ബൈസാൻഷ്യൻസാമ്രാജ്യത്തിൻെറ കൈവശത്തായ കാലം; ക്രിസ്ത്വബ്ദം പതിനഞ്ചാം ശതകത്തിൽ ഏഷ്യയിൽനിന്നു തുരുഷ്കപ്പടകയറി ആട്ടോമെൻ സാമ്രാജ്യമേപ്പെട്ടത്തിയപ്പോൾ അതിനു കീഴ് വണങ്ങിയ കാലം; പത്തൊമ്പതാം ശതവർഷത്തിൽ തുരുഷ്കരുടെ പിടിയിൽനിന്നു വിട്ടൊഴിഞ്ഞു് ഏതാണ്ടു സ്വാതന്ത്ര്യം കിട്ടിയ കാലം; പിന്നീടു ആസ്ട്രിയൻ സാമ്രാജ്യത്തിന് അധീനമായ കാലം. ഇങ്ങനെ യൂറോപ്പിൽ കലാപങ്ങളുണ്ടാകുമ്പോഴെല്ലാം തല്ലുകൊള്ളാൻ ബാല്ക്കൻസായിരുന്നു. വലിയ യുദ്ധങ്ങളെങ്ങാനുമുണ്ടെങ്കിൽ അതിനുള്ള പോക്കളം ബാല്ക്കൻസിലാണ്. ഇക്കഴിഞ്ഞ മഹായുദ്ധത്തിലും ഒരു വ്യത്യാസവുമുണ്ടായിരുന്നില്ല

മററുള്ളവരുടെ തല്ലുകൊള്ളുക മാത്രമല്ല, തങ്ങളിലടിയും അവിടെ ഒട്ടും കുറവല്ല. ബാല്ക്കൻസിലുൾപ്പെട്ട അഞ്ചാറു രാജ്യങ്ങൾ തമ്മിൽ അതിത്തിത്തക്കം ഇന്നുമുണ്ട്. അതിൽവച്ചു് അടിപിടിയും സാധാരണമാണ്. മഹാസമിതിയുടെ ഇടനിലകൊണ്ടു തക്കങ്ങളും ശണ്ഠകളും ഒരുവിധം അടങ്ങിയെന്നു പറയാം. എങ്കിലും ഇന്നും ആഭ്യന്തരങ്ങളായ കലഹങ്ങൾ തുടരുന്നുണ്ട്. രാജ്യഭരണരീതിക്കു സ്ഥിരത ഇന്നും വന്നിട്ടില്ല. സ്വയംഭരണത്തിനും സ്ഥിരപ്രതിഷ്ഠയുണ്ടായിട്ടില്ല.

ഗ്രീസ്സുരാജ്യത്തിൻെറ വടക്കുഭാഗത്താണു ബൾഗേറിയാരാജ്യത്തിൻെറ കിടപ്പു്. രണ്ടുരാജ്യങ്ങളേയും വേർതിരിക്കുന്നതു് റോഡോപ്പുപർവതപംക്തികളാണ്. തരുനിര തിങ്ങിയ ഈ ശൈലങ്ങളെ കടന്നു മറുവശമിറങ്ങിയാൽ മാറിത്സാ എന്ന നദികാണാം. അതിൽ അനവധി തടിച്ചങ്ങാടങ്ങൾ ഇറക്കിക്കൊണ്ടു് പോകാറുണ്ട്. വനത്തിൽനിന്നുള്ള ആദായം ഒട്ടും ചില്ലറയല്ല. മററുവിധേനയും ആ രാജ്യം സംപത്സമൃദ്ധമാകുന്നു. ഭൂമി ഉർവരയാണ്. ധാന്യങ്ങൾ, കിഴങ്ങുകൾ, ഉള്ളി എന്നുള്ളവ ധാരാളമായി കൃഷിചെയ്യപ്പെടുന്നു. വലിയ നിരത്തുകളിൽകൂടി അനവധി ചക്കടാവണ്ടികളിൽ പുരാതനരീതിയിൽ കാളകളേയും പോത്തുകളേയും കെട്ടി സാമാനങ്ങൾ കയററി 'വാലേവാലേ' പോകുന്നതു കണ്ടാൽതന്നെ രാജ്യത്തുള്ള സാധനസമൃദ്ധി അറിയാം. ഇതുകൂടാതെ അനവധി ആളുകൾ, ആണും പെണ്ണും, കുട്ടിയും കിഴവനും, ചുമടും ചുമ്മി വരിയായി ചന്തകളിലേക്ക് ഓടുന്നതു കാണാനാണു രസം. പെണ്ണുങ്ങൾ നല്ല നിറമേറിയ വസ്ത്രങ്ങളും കുപ്പായങ്ങളും ധരിച്ചു്, ആഭരണങ്ങളിട്ടൊരുങ്ങി, പൂക്കളുംചൂടി, കയ്യിലും കാലിലുമുള്ള വളകൾ കിലുങ്ങത്തക്ക വേഗത്തിൽ നടന്നു കളിച്ചും

ചിരിച്ചും നേരമ്പോക്കുകൾ പറഞ്ഞും ഉത്സാഹമായി ചന്തക്കു പോകുന്നതുകണ്ടാൽ, അവർ വിരുന്നുസല്ക്കാരത്തിനു പുറപ്പെട്ടിരിക്കയാണൊ എന്നു ശങ്കതോന്നും. ചുമലിൽ താങ്ങിയെടുത്തിട്ടുള്ള സാമാനങ്ങൾ അവൎക്കൊരു ഭാരമെന്ന ഭാവംപോലുമില്ല. കയ്യിലിട്ടിരിക്കുന്ന വളകൾക്കുപോലും ഒരു റാത്തലിൽ കുറയാത്ത തൂക്കമുണ്ട്. അരയിലുള്ള അരക്കെട്ടിനു പതിഞ്ചു വീതിയിൽ കുറവില്ല. തലമുടി പിന്നിക്കെട്ടിയിട്ടിരിക്കുന്നതു് അരയ്ക്കു താഴെ തൂങ്ങിക്കിടക്കും. ഇത്ര പരിശ്രമശാലികളായ പെണ്ണുങ്ങൾ മററാരിടത്തു ചുരുക്കമാണു്.

ബൾഗേറിയയിലെപോലെ റോസാപ്പൂ മറെറാരു സ്ഥലത്തും ഉണ്ടാകുന്നില്ല. യൂറോപ്പിൽ കിട്ടുന്ന അത്തർ എല്ലാം ഇവിടത്തെ റോസാപ്പൂ വാററിയെടുക്കുന്നതാണു്. വീടുകൾതോറും തോട്ടങ്ങളുണ്ട്. അവയിലുള്ള റോസാച്ചെടികളിൽ കുലകുലയായി റോസാപുഷ്പങ്ങൾ നില്ക്കുന്നതു് ഏററവും നേത്രാനന്ദകരമായ കാഴ്ചയാകുന്നു. പുലൎന്നു പത്തുമണിക്കു മുമ്പായി പുഷ്പങ്ങളെല്ലാം പറിച്ചു വാററുസ്ഥലത്തു കൊണ്ടുപോയിക്കഴിയും. മൂവ്വായിരം റാത്തൽ പുഷ്പങ്ങൾ വാററിയെടുത്തെങ്കിൽ മാത്രമെ ഒരു റാത്തൽ അത്തർ കിട്ടുകയുള്ളു. കുററമാണൊന്നാ അത്തറിനു വില കൂടിനില്ക്കുന്നതു്.?

ഗ്രീസ്സുരാജ്യത്തിന്റെയും ബൾഗേറിയാരാജ്യത്തിന്റെയും സമ്പൽസമൃദ്ധി അവിടെയുള്ളവൎക്കു പലപ്പോഴും ആപൽക്കരമായി തീൎന്നിട്ടുണ്ട്. തുൎക്കിയിലും ഏഷ്യാമൈനറിലും (ഏഷ്യയുടെ പശ്ചിമോത്തരഭാഗത്തു യൂറോപ്പിനോടു തൊട്ടു കിടക്കുന്ന രാജ്യമാണിതു്) നിന്നു അവിടെയുള്ള കഷ്ടതകൾ സഹിക്കവയ്യാതെ എ. ഡി. ൧൯൨൨-ാമാണ്ടുമുതൽ അസംഖ്യം ദരിദ്രകുടുംബങ്ങൾ ഗ്രീസ്സിലും ബൾഗേറിയയിലും കുടിയേറാൻ തുടങ്ങി. ഉടുതുണിക്കു മറുതുണിയില്ലാതെ വീടും കുടിലുമുപേക്ഷിച്ചു് ഇറങ്ങിയ ഈ ദരിദ്രക്കൂട്ടത്തിൽ തന്തയും തള്ളയുമില്ലാത്ത അനവധി കുട്ടികളുമുണ്ടായിരുന്നു. നദീപ്രവാഹം പോലെ പുറപ്പെട്ട ഈ സാധുക്കൾ ശലഭാക്രമണം പോലെ നാടൊട്ടുക്കു നിറഞ്ഞു. ഈ പട്ടിണിപ്രാണികളുടെ വരവോടുകൂടി പകച്ചവ്യാധികളും പുറപ്പെട്ടു. അനവധിപേർ മരിച്ചു. അമ്പതു ലക്ഷം ജനങ്ങൾ മാത്രം കുടിപാൎത്തിരുന്ന ഗ്രീസ്സുരാജ്യത്തിൽ പതിനഞ്ചുലക്ഷം ആതുരന്മാരും ദരിദ്രന്മാരുമായ വിദേശികൾ കുടിയേറിയാലുള്ള കഥയെന്താണ്.? അവൎക്കെങ്ങനെ ഭക്ഷണം നല്കാം? എവിടെ പാൎക്കാൻ സ്ഥലം? അവരെ രക്ഷിക്കുന്നതെങ്ങനെ? നാട്ടിലുള്ള ജനങ്ങളുടെ അവസ്ഥ വളരെ പരുങ്ങലിലായി. ഈ ദുരവസ്ഥ മുഴുവനും ഗ്രീസ്സുഗവൎമ്മെന്റു മഹാസമിതിയെ ധരിപ്പിച്ചു.

ആതുരസംരക്ഷണമാണല്ലൊ ആൎക്കും പ്രഥമകൃത്യം. വൎത്തമാനം അറിഞ്ഞയുടൻ സമിതിയുടെ ഏൎപ്പാടിൽ ഔഷധങ്ങളോടുകൂടി കുറെ

വൈദ്യന്മാർ വന്നുചേർന്നു. പിറകെ ഭക്ഷണസാധനങ്ങൾ നിറച്ച കപ്പലുകൾ ഡാക്ടർ താംസൻെറ ചുമതലയിൽ സമിതി അയച്ചു. വ്യാധിശമനത്തിനും ക്ഷുൽശാന്തിക്കും അവ ഉതകി. സമിതിയുടെ ആവശ്യപ്രകാരം കുബേരന്മാരുടെ ആവാസമായ അമേരിക്കയിൽനിന്ന് ആതുരസംരക്ഷണസംഘക്കാരും, ബാലരക്ഷണസംഘക്കാരും, മിത്രസംഘക്കാരും മററു പരോപകാരതല്പരരായ കൂട്ടുകാരും അചിരേണ വന്നെത്തി പലവിധങ്ങളായ സഹായങ്ങൾ ചെയ്തു.

ഇത്രയുംകൊണ്ടു തല്ക്കാലശാന്തി വരാൻ മാത്രമെ തരമുള്ളല്ലൊ. എന്നും പരാപേക്ഷയിൽ തന്നെ കാലക്ഷേപം ചെയ്യുന്നവക്കു ദാരിദ്ര്യം വിട്ടുമാറുന്നതല്ല. ഈ വസ്തുതയും സമിതിയുടെ ദൃഷ്ടിയിൽ പെടാതിരുന്നില്ല. കുടിയേറിയവക്കു തനിയെ കാലക്ഷേപം ചെയ്യാനുള്ള ശേഷി വരുത്തുന്നതിനായി പിന്നീടുള്ള ശ്രമം. തരിശായി കിടന്ന സക്കാർഭൂമികളെ ഈ പാവങ്ങളുടെ പേരിൽ പതിച്ചുകൊടുപ്പിച്ചു; വീടുപണിയുന്നതിനും കൃഷിചെയ്യുന്നതിനും മുതലുണ്ടാക്കികൊടുക്കാൻ പത്തുലക്ഷം പവൻ കടമെടുത്തു കൊടുപ്പിച്ചു; കൃഷിചെയ്തുകൊടുക്കുന്ന ആദായത്തിൽനിന്ന് ഈ മുതൽ ആണ്ടുതോറും കുറച്ചുകുറച്ചായി തിരിയെ അടക്കാൻ ഏപ്പാടുചെയ്തു. ഇത്രയുമായപ്പോൾ ക്ഷാമബാധ നീങ്ങി ക്ഷേമമുദിച്ചു. നാലുസംവത്സരം കൊണ്ടു തന്നെ ഗ്രീസ്സുരാജ്യത്തുള്ള വിളഭൂമികൾ മൂവ്വിരട്ടിച്ചു. ജനങ്ങൾ ഇപ്പോൾ സുഖമായി പാക്കുന്നു. ഇതുപോലെ ബൾഗേറിയാരാജ്യത്തെയും ആപത്തിൽനിന്നു രക്ഷിച്ചു. സമിതിയുടെ ഈ മാതിരി ഉദാരകൃത്യങ്ങൾക്കു വിലമതിക്കാവതാണൊ?.

ഈ രാജ്യങ്ങൾക്കു മററൊരുമാതിരി സമിതിയുടെ ഉതവിയുണ്ടായതു കൂടി പറയാം. ഗ്രീസ്സും ബൾഗേറിയായും തമ്മിൽ വേർതിരിക്കുന്ന അതിത്തി പവ്വതപംക്തിയാണെന്നു മുമ്പിൽ പറഞ്ഞിട്ടുണ്ടല്ലൊ. കാട്ടുജന്തുക്കളുടെ പാപ്പിടമാണവിടം. ൧൯൨൫-ൽ അക്ടോബർമാസത്തിൽ ഒരു സായാഹ്നത്തിൽ 'ദെമീർകാപ്പു' എന്നു പേരായ മലയിടുക്കുവഴിയിൽ രണ്ടു ആയുധപാണികളായ ഭടന്മാർ കാവൽ നില്ക്കുകയായിരുന്നു. ഒരുത്തൻ ഗ്രീക്കുകാരനും മററവൻ ബൾഗേറിയനും. ഇരുപേരും അവരവരുടെ രാജ്യാതിത്തിയെ സംരക്ഷിച്ചു നിന്നിരുന്നു. ജനസഞ്ചാരം കുറഞ്ഞ വന്യമായ ഈ അതിത്തിസ്ഥലത്തു രണ്ടുപേരും സൈ്വരസല്ലാപം ചെയ്തു സന്തോഷിച്ചു നില്ക്കവെ പെട്ടെന്ന് ഒരു വെടികേട്ടു. പൊടുന്നനവെ സമീപപ്രദേശത്തുള്ള ഗ്രാമീണജനങ്ങളുടെ ആരാവവും കലശലായി. ഗ്രീക്കുകാർ ബൾഗേറിയരാജ്യത്തെ ആക്രമിക്കുന്നു എന്ന് ഒരു കൂട്ടർ നിലവിളികൂട്ടി. മറുവശത്തുകാർ നേരെമറിച്ചും മുറയിട്ടു. കാട്ടുതീപോലെ ഈ കിംവദന്തി പടന്നു ഇരുഭാഗത്തുള്ള ജനങ്ങൾ ലഹളയും തുടങ്ങി ഗ്രീക്കുഭടൻ ഹതനായി.

ഉടനെ ഒരു ഗ്രീക്കഭടനായകൻ കാൎയ്യം രാജിയാക്കാൻവേണ്ടി വെള്ളക്കൊടിയുമായി ആ സ്ഥലത്തെത്തി. നോക്കണേ കഷ്ടകാലം! അവനും വെടിയേററുവീണു. പിന്നീടുണ്ടായ കോലാഹലം കുറഞ്ഞൊന്നുമല്ല. ഇത്ര ധിക്കാരം മുഴുത്ത ബൾഗേറിയാരാജ്യത്തിന്റെ കഥ കഴിച്ചുകളയാമെന്നുറച്ചു വീറോടെ ഗ്രീക്കുപട്ടാളം സന്നാഹസഹിതം പുറപ്പെട്ടു. പാവപ്പെട്ട ബൾഗേറിയ ഭയപ്പെട്ടു മഹാസമിതിയുടെ വലിയ സിക്രിട്ടറിക്കു് അടിയന്തരക്കമ്പി കൊടുത്തു. കമ്പികിട്ടിയയുടനെ സിക്രിട്ടറി മഹാസമിതിയുടെ കൌൺസിലിന്റെ ഒരു അടിയന്തരയോഗം വിളിച്ചുകൂട്ടി, അവരുടെ നിശ്ചയപ്രകാരം യുദ്ധം നിറുത്താൻ ഇരുരാജ്യങ്ങൾക്കും കല്പനകൊടുത്തു. ഇരുരാജ്യക്കാരുടെയും സേനകൾ അടർക്കളത്തിൽ യുദ്ധമാരംഭിക്കാൻ സന്നദ്ധമായി നില്ക്കുമ്പോഴാണു രണ്ടു പട്ടാളംകമാന്നാപ്സ്സന്മാൎക്കും കമ്പി കിട്ടിയതു്. ഇരുപേരും പട്ടാളങ്ങളെ പിൻവലിച്ചു. അചിരേണ മഹാസമിതി സംഗതികളെ വിചാരണചെയ്തു ശത്രുതകൊണ്ടല്ല ദുർബ്ബോധംകൊണ്ടാണു്, ശണ്ഠയുണ്ടാകാനിടയായതെന്നു കണ്ടു്, രണ്ടുപേരെയും രമ്യപ്പെടുത്തി. അവർ മിത്രങ്ങളായി ഇന്നു പാൎക്കയുംചെയ്യുന്നു.

# പുരാണപ്രസിദ്ധങ്ങളായ ചില സ്ഥലങ്ങൾ.

(സി. പി. ഗോവിന്ദപ്പിള്ള എം. ആർ. എ. എസ്സ്.)

ഈ വിഷയത്തിൽ ഇക്കാലത്തെ ഭൂമിശാസ്ത്രകാരന്മാർ പ്രായേണ ശ്രദ്ധവയ്ക്കുന്നതായി കാണുന്നില്ല. അതിനാൽ ഇവയുടെ സ്ഥാനങ്ങളെ നിൎണ്ണയിക്ക, അദ്ധ്യേതാക്കൾക്കും അശക്യമായിട്ടാണു് തീൎന്നിരിക്കുന്നതു്. ഈ കുറവിനെ അല്പമായിട്ടെങ്കിലും പരിഹരിക്കാൻ ഈ കുറിപ്പു് ഉപകരിക്കുമെന്നു കരുതി (ഏതാനുംസ്ഥലങ്ങളെക്കുറിച്ചു ചില വിവരങ്ങൾ) ഇതൊന്നിച്ചയക്കുന്നു. മഹാന്മാർ ഇതിൽ സഹകരിക്കുന്ന പക്ഷം ഇതു് ഒട്ടൊക്കെ പൂൎണ്ണമാക്കാവുന്നതുമാണല്ലൊ.

൧. അംഗദേശം:— ഗംഗാനദിയുടെ വലത്തെക്കരയിലുള്ള ഒരു പ്രധാനരാജ്യമാണിതു്. രാജധാനി അംഗപുരിയിലായിരുന്നു. ചമ്പ എന്നുകൂടി ഇതിനു പേരുണ്ടു്. ഇതിന്റെ സ്ഥാനം ഗംഗാതീരത്തിൽ അശ്മപൂൎണ്ണമായ

ഒരു തുരുത്തിന് ഏകദേശം ൨൪ മൈൽ പടിഞ്ഞാറാണ്. ആ സ്ഥിതിക്ക് ഇപ്പോഴത്തെ ഭഗൽപുരമൊ അതിൽ തൊട്ടുകിടക്കുന്ന മററേതെങ്കിലും ഒരു സ്ഥലമൊ ആയിരിക്കണം.

൨. ആന്ധ്ര :— ഈ ദേശത്തിലുള്ളവരത്രെ ആന്ധ്രന്മാർ. ഇക്കാലത്തെ തെലുങ്കിനായും ഗോദാവരിമുഖത്തിലുള്ള ഏതാനും സ്ഥലവും ഈ വർഗ്ഗക്കാരുടെ അധീനത്തിലായിരുന്നു. പടിഞ്ഞാറു പൂർവ്വപർവ്വതങ്ങളുടേയും വടക്കും തെക്കും ഗോദാവരി കൃഷ്ണ ഈ നദികളുടേയും ഇടക്കായിരുന്നു ഇത്. കലിംഗത്തിൻെറ പ്രാന്തത്തോളം എത്തിയിരുന്ന ഈ രാജ്യത്തിൽ ആന്ധ്രനഗരം ആയിരുന്നു രാജസ്ഥാനം. ഇപ്പോഴത്തെ വെങ്ഗിയായിരിക്കാനാണു ന്യായം.

൩. അവന്തി:— നർമ്മദാനദിക്കു വടക്കുള്ള ഒരു രാജ്യം. പ്രധാനപട്ടണത്തിന് ഉജ്ജയിനി, അവന്തി, അവന്തിപുരം, വൈശാലി എന്നീ പേരുകളുണ്ട്. ഇപ്പോഴത്തെ മാൾവായുടെ പടിഞ്ഞാറാണ്. ഭാരതയുദ്ധകാലത്ത് ഈ രാജ്യത്തിൻെറ തെക്കെ അതിരു നർമ്മദയും പടിഞ്ഞാറെ അതിരു മാഹിയുടെ തീരവും ആയിരുന്നു. ഇതിനു വടക്കു ചർമ്മണ്വാവതിയുടെ തീരത്തുള്ള ദശപുരം പ്രധാനപട്ടണമായി ഒരു രാജ്യമുണ്ടായിരുന്നു. രന്തിദേവനായിരുന്നു ഇവിടത്തെ രാജാവ്. ഇപ്പോഴത്തെ ഡോൽപൂര് ഇതാണ്.

൪. അശ്മകം:— തിരുവിതാംകോടിൻെറ ഒരു ഭാഗം.

൫. ആനർത്തം:— സൌരാഷ്ട്രം- പേരൊരിടത്തു പറയും.

൬. ഇന്ദ്രപ്രസ്ഥം:— ഹരിപ്രസ്ഥം, ശക്രപ്രസ്ഥം എന്നീ പേരുകളുമുണ്ട്. ഇപ്പോഴത്തെ ഡൽഹിയെന്നാണു പറയുന്നത്. ഡൽഹി യമുനയുടെ വലത്തെക്കരയിലാണല്ലൊ. ഇന്ദ്രപ്രസ്ഥം ഇടത്തെക്കരയിലാണ്. ആ പർവ്വതപ്രദേശത്തിനടുത്ത സ്ഥലം കാട്ടുവെട്ടിത്തെളിച്ചു വാസയോഗ്യമാക്കാൻ തീയിട്ടതാണല്ലൊ ഖാണ്ഡവദാഹം.

൭. ഉല്ക്കലം:— ഔഡ്:- ഇപ്പോഴത്തെ ഒറിസ്സായുടെ സ്ഥാനത്തുണ്ടായിരുന്നു. താമ്രലിപ്തക്കു തെക്കു കപിശാനദിവരെയുണ്ടായിരുന്നു. കട്ടക്, പൂരി ഇവ രണ്ടും പ്രധാന പട്ടണങ്ങൾ. ജഗന്നാഥക്ഷേത്രം ഇവിടെയാണ്.

൮. കനഖലം:— ഹരിദ്വാരത്തിനു സമീപമുള്ള ഒരു നഗരം. ശിവാലികാപർവ്വതത്തിൻെറ ദക്ഷിണ നിതംബത്തിൽ ഗംഗാതീരത്തിലെ ഒരു പ്രദേശം. ചുററുമുള്ള മലകളുടെ പേരും ഇതുതന്നെ.

൯. കപിശാ:— സുവമ്ം ദനാക്കുക.

൧൦ കലിംഗം:—ഔഡ്രം അല്ലെങ്കിൽ ഒറിസ്സായുടെ തെക്ക് ഗോദാവരിമുഖത്തോളം നീണ്ടുകിടന്നിരുന്ന ഒരു രാജ്യം. ഇപ്പോഴത്തെ ഉത്തരസർക്കാർരാജ്യമാണ്. പ്രധാനപട്ടണമായ കലിംഗനഗരം കടല്കരയിൽനിന്ന് അ

ല്പം അകലെയായിരുന്നു. രാജമന്ദിരിയായിരിക്കണമിതു്. ആനന്ദപുരം കാണുക.

൬൬. കാഞ്ചി:— ദ്രവിഡം നോക്കുക.

൬൭. കാമരൂപം:— കരതോയ അല്ലെങ്കിൽ സദാനീരയുടെ തീരത്തിൽനിന്ന് ആസാം വരെ നീണ്ടുകിടന്നിരുന്ന ഒരു പ്രധാനരാജ്യം. കാമരൂപത്തിലെ രാജാവു് ഭാരതായോധനത്തിൽ ദുര്യോധനനെ സഹായിപ്പാൻ കിരാതന്മാരും ചീനരും ആയ സൈന്യങ്ങളെ പോർക്കളത്തിലെയ്ക്കു നയിച്ചതായി കാണുന്നതുകൊണ്ടു് ആ രാജ്യം വടക്കു ഹിമാലയത്തോളവും കിഴക്കു ചൈനയുടെ സീമവരെയും വ്യാപിച്ചിരുന്നുവെന്നു നിർണ്ണയിക്കാം. ലൌഹിത്യ എന്ന ബ്രഹ്മപുത്രാനദിയുടെ മറുതീരത്തിലുണ്ടായിരുന്ന പ്രാഗ്ജ്യോതിഷമാണു് രാജധാനി.

൬൮. കാംബോജം:— കാംബോജന്മാരുടെ വാസസ്ഥാനം. ബാക് എന്ന പ്രദേശത്തെയും ഗിൽജിറവു് താഴ്വരയെയും വേർതിരിക്കുന്ന ഹിൻഡുക്കുഷ് എന്ന മലനാട്ടു് ടിബററു്, ലാഡക് ഈ സ്ഥലങ്ങൾ വരെ നീണ്ടുകിടന്നിരിക്കണം. വിശേഷപ്പെട്ട കുതിരകൾ, സാൽവകൾ, (ആടു് എലി, നായ് എന്നിവയുടെ രോമംകൊണ്ടുണ്ടാക്കിയ) എന്നിവയ്ക്കു് ഈ രാജ്യം കീർത്തിപ്പെട്ടിരുന്നു. കടുക്കാമരം ഇവിടെ ധാരാളമുണ്ടു്.

൬൯. കുന്തളം:— ചോളരാജ്യത്തിനു വടക്കു കല്യാണദുർഗ്ഗം അല്ലെങ്കിൽ കല്യാണനഗരമായിരുന്ന രാജസ്ഥാനം. ഇപ്പോഴത്തെ ഹൈദരാബാദിന്റെ തെക്കുപടിഞ്ഞാറുഭാഗമാണിതു്.

൭൦. കുരുക്ഷേത്രം:— ഡൽഹിക്കു സമീപം അതിവിസ്തൃതമായ ഒരു മൈതാനം. ഇവിടെ വച്ചാണല്ലോ ഭാരതപ്പോരു നടന്നതു് ഇതിനോടു ചേർന്നു് ഇതേപേരിൽ ഒരു വലിയ സരസ്സുണ്ടു്. ഇതു് താനേശ്വരത്തിന്നു് തെക്കാണു്. കുരുക്ഷേത്രം സരസ്വതിക്കു തെക്കുമുതൽ ദൃഷദ്വതിക്കു വടക്കുവരെ വ്യാപിച്ചിരിക്കുന്നു. 'സമന്തപഞ്ചകം' എന്നു പറയുന്നതും ഈ സ്ഥലത്തെയാണു്. പരശുരാമൻ കൊന്നക്ഷത്രിയന്മാരുടെ രുധിരം നിറഞ്ഞ അഞ്ചു സരസ്സുകളാണത്രെ ഇവ.

൭൧. കുലൂതം:— സട്ലജ് എന്ന ശതദ്രുനദിയുടെ വലത്തുകരയിൽ ജലൻഡർ തടത്തിനു വടക്കുകിഴക്കായി കിടക്കുന്ന ഇപ്പോഴത്തെ 'കുലു' എന്ന ദേശം.

൭൨. കുശാവതി-കുശസ്ഥലി:— ദക്ഷിണകോസലത്തിലെ പ്രധാന സ്ഥാനം. വിന്ധ്യന്റെ ഇടയ്ക്കു് അതിനുതെക്കും നർമ്മദക്കു വടക്കുമായിരിക്കണമിതു്. ബൺഡൽക്കണ്ടിലെ രാമനഗരം ആയിരിക്കാനാണു് ന്യായം. കുശസ്ഥലി അല്ലെങ്കിൽ മദ്ധ്യദേശത്തിന്റെ രാജാവായിരുന്ന രാജശേഖരൻ. മദ്ധ്യദേശനരേന്ദ്രൻ എന്നാണു് ഇദ്ദേഹത്തെപ്പറയുന്നതു്. മദ്ധ്യദേശം ബൺഡൽകൺഡുതന്നെ.

൧൮. കേകയം:— സിന്ധുദേശത്തോളം നീണ്ടു കിടന്നിരുന്ന ഇവിടത്തെ നിവാസികൾ കേകയന്മാർ. കൈകേയി ഇവിടത്തെ ഒരു രാജകുമാരിയാണ്. രാമായണത്തിൽ ഭരതൻ കേകയരാജ്യത്തു പോയ കഥ വിവരിച്ചിരിക്കുന്നതിൽനിന്ന് ഈ രാജ്യത്തെപ്പററി പലതും ഗ്രഹിക്കാം.
൧൯. കേരളം:— ഇതിനെപ്പററി അഭിപ്രായഭേദങ്ങൾ പലതുണ്ട്. രേഖകളെല്ലാം അല്പാല്പ വ്യത്യാസങ്ങളോടുകൂടിയാണ് കാണപ്പെടുന്നത്. ഒരു കേരളോല്പത്തിഗ്രന്ഥപ്രകാരം കാവേരിക്കു വടക്കു പശ്ചിമപർവ്വതനിരയ്ക്കും കടലിനും നടുക്കുള്ള പ്രദേശം. ഇവിടത്തെ പ്രധാന നദികൾ; വേത്രവതീ, ശാാവതീ, കാളി എന്നിവ; രഘുവംശത്തിലേയും ഉത്തരരാമചരിതത്തിലേയും മുരള ഈ കാളീനദി ആയിരിക്കണം. ഇപ്പോഴത്തെ തിരുവിതാംകോടിന്റെ വടക്കുഭാഗവും കൊച്ചിയും മലബാറും ക്യാനറായിൽ ഒരംശവും.
൨൦. കോസലം:— രാമായണപ്രകാരം സരയൂനദിയുടെ തീരത്തുള്ള ദേശം. സരയൂ ഇപ്പോഴത്തെ ഗോഗ്രാനദിയാണ്. ഉത്തരകോസലമെന്നും ദക്ഷിണകോസലമെന്നും രണ്ടു വിഭാഗങ്ങളുണ്ടായിരുന്നു. ഉത്തരകോസലത്തിനു ഗൌഡം എന്നും പേരുണ്ട്. അസ്ഥിതിക്ക് അയോദ്ധ്യക്കു വടക്കുള്ള ഗൌഡദേശം ഉൾപ്പെട്ടതായിരിക്കണമത്, അജൻ, ദശരഥൻ മുതലായവർ ഈ രാജ്യം ഭരിച്ചിരിരുന്നു. ശ്രീരാമന്റെ മരണാനന്തരം അദ്ദേഹത്തിന്റെ രണ്ടു പുത്രന്മാർ ഇവരെ ഭരിച്ചു. കുശൻ വിന്ധ്യാന്തരാളത്തിലുള്ള ദക്ഷിണകോസലത്തിൽ കുശാവതിയിലും ലവൻ ഉത്തരകോസലത്തിൽ ശ്രാവസ്തിയിലും വാണിരുന്നു.
൨൧. കൌശാംബി:— വത്സരാജ്യത്തിന്റെ തലസ്ഥാനം. അലഹബാദിനു മുപ്പതുമയിലോളം വടക്ക് ഇപ്പോഴത്തെ കോസാംദേശത്തിനടുത്ത്.
൨൨. കൌശികി:— ഒരു നദിയുടെ പേര്. ദർഭംഗായ്ക്കു കിഴക്ക്, വടക്കൻ ഭഗൽപുരം പടിഞ്ഞാറെ പൂർണ്ണിയാ എന്നീസ്ഥലങ്ങളിൽകൂടി ഒഴുകുന്നു. ഋശ്യശൃംഗമഹർഷിയുടെ ആശ്രമം ഈ നദീതീരത്തോടടുത്തായിരുന്നു.
൨൩. ഗൌഡം-പുൻഡ്രം:— വടക്കെബംഗാളത്ത്.
൨൪. ചേദി:— ഇവിടത്തെ നിവാസികൾ ചേദീശന്മാർ. ദാഹലന്മാരും ത്രൈപുരന്മാരും ഇവർതന്നെ. നർമ്മദാനദീതീരത്തിലാണ് ഈസ്ഥലം. ദശാർണ്ണവാസികളും ഇവരാകുന്നു. രാജസ്ഥാനം ഒരിക്കൽ ശ്രീപുരിയിലായിരുന്നു. ഈ വർഗ്ഗക്കാർ ഇപ്പോൾ മദ്ധ്യഇൻഡ്യയിലെ ബൺഡൽക്കൺഡിൽ കുടിയേറിപ്പാർക്കുകയാണത്രെ. മററുചിലർ ഈ അഭിപ്രായക്കാരല്ല. അവർ ഇപ്പോഴത്തെ ചൺഡായിൽ എന്ന സ്ഥലത്തു പാർക്കുന്നതായി അഭിപ്രായപ്പെടുന്നു. ജബൽപുരത്തിനു കീഴിൽ ബീറാഗർ എന്ന സ്ഥലത്തിനു സമീപമായി വിന്ധ്യപർവ്വതത്തിനും ഋക്ഷപർവ്വതത്തിനും മദ്ധ്യേ നർമ്മദാതീ

രത്തിലുള്ള മാഹിഷ്മതിയിൽ ആയിരുന്ന ഹേഹയന്മാരും കാലചൂരികളും വാണിരുന്നത്.

൨൭. ചോളം:— കാവേരീതീരത്തിലുള്ള ഒരു രാജ്യം. മൈസൂരിന്റെ ദക്ഷിണഭാഗം ഇതിൽ ഉൾപ്പെട്ടിരുന്നു. പുലകേശിദ്വിതീയൻ കാവേരി നദി കടന്ന് അതിനെ ആക്രമിച്ചതായി കാണുന്നതുകൊണ്ട് കാവേരിക്കപ്പുറമാണെന്നു നിർണ്ണയിക്കണം. പിന്നീട് കർണ്ണാടകം എന്നപേർ ഇതിനുണ്ടായി.

൨൮. ജനസ്ഥാനം:— പ്രസ്രവണ പർവ്വതത്തിനു സമീപം ദണ്ഡകാരണ്യത്തിന്റെ ഒരു ഭാഗം. പ്രസിദ്ധമായ പഞ്ചവടി ഇവിടെയാണ്. ബാസിക് പട്ടണത്തിൽനിന്നു രണ്ടു മൈലകലെ ഇതേപേരിൽ ഇപ്പോഴുമുള്ള സ്ഥലം. ശൂർപ്പണഖയുടെ നാസികയെ ഇവിടെവച്ചു ഛേദിച്ചതുകൊണ്ട് ഈ സ്ഥലത്തിനു ഈ പേരുണ്ടായി.

൨൯. ജാലന്ധരം:— ഇപ്പോഴത്തെ ജലൻഡർ തടം. ശതദ്രു, വിപാശ, എന്നീരണ്ടു നദികൾ ഈ പ്രദേശത്തുകൂടി ഒഴുകുന്നു. ശതദ്രുവിന്റെ ഇപ്പോഴത്തെപേര് സട്ട്ളജ് എന്നും വിപാശയുടേതു 'ബിയാസ്' എന്നുമാണ്.

൩൦. താമ്രവർണ്ണി:— ഒരു നദിയുടെ പേര്. മലയപർവ്വതത്തിൽനിന്നു പുറപ്പെടുന്നു. പശ്ചിമഘട്ടത്തിന്റെ കിഴക്കുഭാഗത്തുനിന്നും ഉണ്ടായി തിരുനൽവേലിയിൽകൂടി മന്നാർ ഉൾക്കടലിൽ വീഴുന്ന ഇപ്പോഴത്തെ താമ്രവർണ്ണിതന്നെ.

൩൧. താമ്രലിപ്തം:— സുഹ്മനോക്കുക

൩൨. ത്രിഗർത്തം:— പുരാതനകാലത്തു വെള്ളമില്ലാതെ വരണ്ടു കിടന്ന ഒരു രാജ്യം. ശതദ്രുനദിക്കു കിഴക്കുള്ള മണൽക്കാട്ടുൾപ്പെട്ട സ്ഥലം. വടക്കു ലൂധിയാനയും പാട്ടിയാലയും തെക്കു മണൽക്കാടിന്റെ ഒരംശവും ചേർന്നു സട്ട്ളജ്ജിനും സരസ്വതിക്കും ഇടക്കുള്ള പ്രദേശം. ദുര്യോധനന്റെ അഭിപ്രായാനുസാരം വിരാടന്റെ പശുക്കളെ ഹരിച്ചതും ഇവിടത്തെ രാജാവാണ്.

൩൩. ത്രിപുരം-ത്രിപുരി:— ചേദികളുടെ പ്രധാനസ്ഥാനം. ചന്ദ്രാത്മജയെന്ന നർമ്മദയുടെ കല്ലോലങ്ങൾകൊണ്ടു ശബ്ദായമാനമായ പട്ടണം. ജബൽപുരിക്കു ന്നു മൈലകലെയുള്ള ഇപ്പോഴത്തെ തേവൂർ.

൩൪. ദശപുരം:— അവന്തിനോക്കുക

൩൫. ദശാർണ്ണം:— ദശാർണ്ണനദി ഒഴുകുന്ന ദേശം. മാൾവായുടെ കിഴക്കുഭാഗം. പ്രധാനപട്ടണം ദിശാ. ഇത് ഇപ്പോഴത്തെ ബിൽസായാണ്. വേത്രവതി അല്ലെങ്കിൽ ബേതവാനദീതീരത്തിൽ; കാദംബരിയിൽ ഇതിനെ

സൂചിപ്പിക്കുന്നുണ്ട്. ഈ നദിയെപ്പററി കാളിദാസനും ചിലതു കുറിച്ചിരിക്കുന്നു. (തുടരും)

# പ്രാചീന
# * ഭാരതീയരുടെ ധനതത്വചിന്തകൾ

(റാവുബഹദൂർ. കെ. വി. രങ്കസ്വാമി അയ്യങ്കാർ എം. എ.)

പ്രാചീനഹിന്ദുക്കൾക്ക് അർത്ഥശാസ്ത്രത്തിൻെറ യാതൊരു ഗ്രന്ഥവും ഉണ്ടായിരുന്നില്ലെന്നു പലരും തെററിദ്ധരിച്ചിട്ടുണ്ട്. അവർ ഏററവും ഒതുങ്ങിയമട്ടിൽ ജീവിച്ചിരുന്നവരാകയാൽ സാമ്പത്തികവിഷയങ്ങളെപ്പററി ചിന്തിക്കേണ്ട ആവശ്യം അവർക്കുണ്ടായിരുന്നില്ലത്രെ. കൌടില്യൻ, ശുക്രൻ, ബൃഹസ്പതി മുതലായ തത്വചിന്തകന്മാരുടെ ഗ്രന്ഥങ്ങൾ വായിച്ചിട്ടുള്ളവർക്ക് ഈ വിശ്വാസം അടിസ്ഥാനരഹിതമാണെന്ന് മനസ്സിലാക്കാവുന്നതാണ്.

പ്രാചീനഹിന്ദുക്കൾ നാലു പുരുഷാർത്ഥങ്ങളേയും നാലാശ്രമങ്ങളേയും അനുസരിച്ചു വിദ്യയേയും നാലായി തരംതിരിച്ചിട്ടുണ്ട്. വിദ്യകളും പുരുഷാർത്ഥങ്ങളും തമ്മിലുള്ള ബന്ധംതന്നെയാണു വിദ്യകളും അർത്ഥശാസ്ത്രവും തമ്മിലുള്ളതു്. മനുഷ്യജീവിതത്തിൻെറ പരമോദ്ദേശ്യസിദ്ധിക്കു വിദ്യയും പുരുഷാർത്ഥങ്ങളും ഒരുപോലെ ആവശ്യമാണ്. പക്ഷെ ധർമ്മാർത്ഥകാമങ്ങളിൽവെച്ചു ഹിന്ദുക്കൾ ധർമ്മത്തിനാണു പ്രാധാന്യം നൽകിയിട്ടുള്ളതു്. ധർമ്മശാസ്ത്രവിരോധമായി യാതൊന്നും അവർക്കു സ്വീകാര്യമായിരുന്നില്ല.

വിദ്യയുടെ എല്ലാ ശാഖകൾക്കും ജീവിതത്തിൻെറ എല്ലാ ഘട്ടങ്ങൾക്കും പരസ്പരസംബന്ധമുണ്ടെന്നു ഹിന്ദുക്കൾ വിശ്വസിച്ചിരുന്നതിനാൽ സാമ്പത്തികനിയമങ്ങൾ നീതിശാസ്ത്രത്തിനും വ്യവഹാരശാസ്ത്രത്തിനും യുക്തിക്കും വിധേയമായിരിക്കേണ്ടതും ആധ്യാത്മികശാസ്ത്രവും ധർമ്മശാസ്ത്രവും മതവും നീതീകരിക്കുന്നവയായിരിക്കേണ്ടതുമാകുന്നു.

പ്രാചീന ഹിന്ദുക്കളുടെ ധനതത്വചിന്തകളെ ശരിയായി മനസ്സിലാക്കണമെങ്കിൽ അവയ്ക്കടിസ്ഥാനമായ എട്ടു നിർവാദസങ്കല്പങ്ങളെ നമ്മുടെ പ്രത്യേക ശ്രദ്ധക്കു വിഷയമാക്കേണ്ടതാകുന്നു. അവയിൽ ഏററവും പ്രധാനമായിട്ടുള്ളതു സമുദായസ്ഥാപനങ്ങളിൽ പരിതസ്ഥിതികൾക്കുള്ള

* കാശിഹിന്ദുസർവ്വകലാശാലയിൽ ചെയ്ത പ്രസംഗസംഗ്രഹം.

പ്രാബല്യമാകുന്ന. ഭാരതീയരുടെ പ്രധാന തൊഴിൽ ഇന്നത്തെപ്പോലെത ന്നെ അന്നും കൃഷിയായിരുന്നു. കഷ്കവൃത്തി ഫലപ്രദമാകണമെങ്കിൽ കാലാവസ്ഥ അതിന്നനുകൂലമായിരിക്കണമെന്ന പറയേണ്ടതില്ലല്ലൊ. ഈ സംഗതി ആലോചിക്കുമ്പോൾ ഇൻഡ്യാരാജ്യത്തു കൃഷിക്കുപയുക്തമല്ലാത്ത പ്രദേശം വളരെ കുറച്ചുമാത്രമെയുള്ളു. തോട്ടവെട്ടുക, ചിറകെട്ടുക, പാല മിടുക മുതലായ പൊതുജനോപയോഗപ്രദങ്ങളായ പണികൾ നടത്തുന്ന തിനെ സംബന്ധിച്ച് അനേകം പ്രമാണങ്ങൾ അവർ ഉണ്ടാക്കിയിട്ടുണ്ട്. പൊതുജനാവശ്യാത്ഥം ആളുകളെ നിർബന്ധിച്ചു പണി എടുപ്പിക്കാൻ ധമ്മശാസ്ത്രം അനുവദിച്ചിരുന്നു. കന്നുകാലികളെ വളത്തലും ഗോരക്ഷ ണവും ഉൽകൃഷ്ടമായ ധമ്മമായിട്ടാണ് അവർ കരുതിയിരുന്നത്.

ആത്മാവിൻെറ നിത്യത്വത്തിലും ജന്മാന്തരത്തിലും കമ്മത്തിലും വേദവാക്യത്തിൻെറ അലംഘനീയത്വത്തിലും അവക്കുള്ള വിശ്വാസത്തി ൻെറ പ്രഭാവവും അവരുടെ ധനതത്വചിന്തകളിൽ പ്രതിഫലിച്ചിട്ടുണ്ട്. സ്വത്തനുസരിച്ചുള്ള പരത്വദാനാവകാശവും പിതൃസ്വത്തിന്ന എല്ലാപു ത്രന്മാക്കും ഉള്ള തുല്യാവകാശവും ഈ വിശ്വാസത്തിൻെറ ഫലങ്ങളാകുന്നു. പ്രയത്നത്തിന്ന മാഹാത്മ്യം കല്പിച്ചിട്ടുള്ളതും ഓരോ വ്യക്തിക്കും ഉള്ള ഉ ത്തരവാദിത്വത്തെപ്പററിയുള്ള സിദ്ധാന്തവും ഓരോരുത്തൻേറയും പ്രത്യേ ക സ്വത്തിന്മേൽ രാജാവിന്നുള്ള അധികാരത്തിൻെറ പരിമിതിയും ഇതേ വിശ്വാസത്തിൻെറ സന്താനങ്ങളാണ്. ധനസംബന്ധമായിട്ടാകട്ടെ ഭി ന്നവണ്ണങ്ങൾ തമ്മിലാകട്ടെ പ്രാചീന ഇൻഡ്യയിൽ കലഹം ഉണ്ടാകാതെ യിരുന്നതും ഈ വിശ്വാസംനിമിത്തംതന്നെയാകുന്നു. ബ്രഹസ്പതിയും, ചാ വ്വികനും ധനശാസ്ത്രത്തെ മററുശാസ്ത്രങ്ങളിൽനിന്നും വേർതിരിക്കാൻ നോ ക്കിയെങ്കിലും ഭാരതീയരിൽ ഈ വിശ്വാസം വേരുറച്ചുകിടന്നിരുന്നതിനാൽ അവരുടെ ശ്രമം ഫലപ്രദമായില്ല.

കുടുംബം, കുലം, ഗ്രാമം, തൊഴിൽ, സംഘം, ശ്രേണി എന്നീ പലത രത്തിലുള്ള സംഘടനകളുടെ ആവശ്യവും നമ്മുടെ ശ്രദ്ധക്കു വിഷയീഭവി ക്കേണ്ടതാണ്. ഒരു സമുദായത്തിൻെറ ക്ഷേമത്തിനുവേണ്ടി- ഒരു വ്യക്തി യുടേയും രാജ്യത്തിൻെറയും നന്മക്കുവേണ്ടി ഒരു സമുദായത്തിൻേറയും അവ ശങ്ങളെ തിരസ്കരിക്കാവുന്നതാകുന്നു. രാജ്യരക്ഷയ്ക്കാവശ്യമുള്ള കാര്യങ്ങൾ ക്കു വേണ്ട ധനം ലഭിക്കുന്നതിലേക്കു ഏതുമാതിരി നികുതി ചുമത്തുന്നതും ന്യായമായി കരുതിയിരുന്നു. ജനങ്ങളുടെ ധനാജ്ജനാത്ഥമായ പ്രവൃത്തി കളെ ക്രമീകരിക്കുന്ന നിയമങ്ങൾ നമ്മുടെ ധമ്മശാസ്ത്രങ്ങളിലും അത്ഥശാ സ്ത്രങ്ങളിലും കാണാവുന്നതാണ്. മേൽപറഞ്ഞതിൻനിന്നു കുടുംബത്തി ൻേറയൊ സമുദായത്തിൻേറയൊ രാജ്യത്തിൻേറയൊ ക്ഷേമത്തിന്ന ബാധ കമാകാത്തവിധം ഓരൊ വ്യക്തിക്കും സ്വാതന്ത്ര്യമുണ്ടായിരുന്നു എന്നു വ്യ

ക്തമാകുന്നുണ്ടല്ലോ. എന്നാൽ പ്രായമാകാത്ത പുത്രന്മാൎക്കും അടിമകൾക്കും സ്ത്രീകൾക്കും അവരവർ സമ്പാദിച്ച ധനത്തെ യഥേഷ്ടം വിനിയോഗിക്കാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരുന്നില്ല. ഒരു കുലത്തിലേയൊ ഗ്രാമത്തിലേയൊ അംഗങ്ങൾക്കു കൂട്ടുസ്വത്തിന്മേൽ അവകാശവും സ്വത്ത് അന്യാധീനപ്പെടുന്ന പക്ഷം ആദ്യവിക്രയാവകാശവും ഉണ്ടായിരുന്നു. ഒരു കുടുംബത്തിലെ അശക്തന്മാരായ അംഗങ്ങൾക്കു കുടുംബസ്വത്തിന്റെ ആദായംകൊണ്ട് ഉപജീവിക്കാനുള്ള അവകാശമുണ്ടായിരുന്നു. കുടുംബാരാധനയിൽ പങ്കുകൊള്ളാനുള്ള ആത്മീയമായ യോഗ്യതയെ അനുസരിച്ചാണു സ്വത്ത് പിൻതുടൎച്ചാവകാശമായി ഒരുവന്നു വന്നുചേൎന്നതു്. സ്വധൎമ്മത്തിൽ നിന്ന് വ്യതിചലിക്കുന്നവരെ രക്ഷിക്കേണ്ട ഭാരം കുടുംബത്തിനില്ല.

വൎണ്ണാശ്രമധൎമ്മങ്ങൾക്കും സാമ്പത്തികനിലയ്ക്കും തമ്മിലുള്ള സംബന്ധവും ചിന്തനീയമാണ്. ജനസാമാന്യത്തിന് വിദ്യാഭ്യാസവും ആത്മീയബോധവും നൾകുകയാണ് ഒരു വൎഗ്ഗക്കാരുടെ ചുമതല. ഇവർ ദരിദ്രജീവിതത്തെ കൈക്കൊള്ളണമെന്നാണ് നിശ്ചയം. ഇവൎക്കാണ് സമുദായത്തിൽ ഉൽകൃഷ്ടമായ നിലയുള്ളതു്. മനുഷ്യൎക്ക് ധനാൎജ്ജനത്തിനുള്ള സഹജമായ വാസനയെ ഈ ആദൎശം നശിപ്പിക്കുമൊ എന്നു ഭയപ്പെടേണ്ടതില്ല.

ലക്ഷ്മീഃരവാനപായോലോകേ
നലക്ഷ്മ്യാഃപരതോനയഃ
യസ്മിൻകോഷോബലംചൈവ
തസ്മിൻലോകോനുഗച്ഛതി.

എന്ന് ധനത്തെ പുകഴ്ത്തീട്ടുണ്ട്. ധനാൎജ്ജനം പ്രധാനകൎത്തവ്യമായിട്ടാണു കരുതീട്ടുള്ളതും. മിതവ്യയശീലത്തെ ധനതന്ത്രജ്ഞന്മാർ പ്രശംസിച്ചിട്ടുണ്ടെങ്കിലും ഫലപ്രദങ്ങളായ കാൎയ്യങ്ങൾക്കു ധനം ഉപയോഗിക്കാതിരിക്കുന്നതു നിന്ദ്യമായിട്ടാണു കരുതിയിരുന്നതു്. ധനമെന്നുവച്ചാൽതന്നെ ഭോഗ്യമെന്നാണ് അൎത്ഥം. അതിനാൽ ആവശ്യമായ കാൎയ്യങ്ങൾക്ക് ഉപയോഗിക്കാത്ത ധനം ധനമായി കരുതിയിരുന്നില്ല. ന്യായമായ സുഖം ബ്രാഹ്മണൎക്കു സന്യാസിമാൎക്കും കൂടി അനുവദിക്കപ്പെട്ടിട്ടുണ്ടെന്നു ബുദ്ധമതഗ്രന്ഥങ്ങളിൽ നിന്നു തെളിയുന്നുണ്ട്. അമിതഭോഗവും ആഡംബരവും നിന്ദ്യമായി കരുതിയിരുന്നെങ്കിലും അത്യാവശ്യകാൎയ്യങ്ങളിൽ ലുബ്ധു പിടിക്കയും തന്മൂലം ധനോല്പാദനവിഷയത്തിലുള്ള പ്രവൎത്തകശക്തിയെ നശിപ്പിക്കയും ചെയ്തിരുന്നില്ല.

യുദ്ധങ്ങളൊന്നും കൃഷിക്കു ബാധകങ്ങളായിരുന്നില്ല. ഭടന്മാരും ഗവൎമ്മെൻറുദ്യോഗസ്ഥന്മാരും ഗ്രാമങ്ങളിൽ പ്രവേശിക്കുന്നതു് നിയമവിരോധമായിരുന്നു. നികുതി വസൂൽചെയ്യാൻ ഭടന്മാരെ അയക്കുന്ന സമ്പ്രദാ

യം ഉണ്ടായിരുന്നില്ല. പരാന്നഭുക്കുകളെ ഗ്രാമങ്ങളിൽ കടത്തിയിരുന്നില്ല. കൃഷിപ്രവൃത്തി ചെയ്യുന്ന കാലത്ത് ഒരു കൃഷിക്കാരനെ കോടതിയിൽ ഹാജരാകുവാൻ നിർബ്ബന്ധിക്കരുതെന്ന് നിയമം ഉണ്ടായിരുന്നു. സർക്കാർകരം വസൂൽചെയ്യുന്നതിനുകൂടി കൃഷിയായുധങ്ങൾ ജപ്തിചെയ്യാൻ പാടില്ലന്നായിരുന്നു നിശ്ചയം. കൃഷിക്കാർക്ക് വേണ്ട സകലസൌകര്യങ്ങളും സർക്കാരിൽനിന്നു ചെയ്തുകൊടുത്തിരുന്നു.

ഒരു രാജ്യത്തിൻെറ സാമ്പത്തികനില ആ രാജ്യത്തു പ്രയത്നശാലികളായ പുരുഷന്മാർ ധാരാളമുണ്ടാകുന്നതിനെ ആശ്രയിച്ചിരിക്കും- ജനസംഖ്യ വർദ്ധിക്കയും പ്രയത്നം ചെയ്യാൻ പ്രാപ്തിയുള്ളവർ കുറകയും ചെയ്താൽ രാജ്യത്തു ക്ഷാമം ബാധിക്കാതിപ്പാൻ ഒരു നിവൃത്തിയുമില്ല. ഇപ്പോൾ പല രാജ്യങ്ങളിലുംജനനനിയന്ത്രണത്തിനുള്ള മാർഗ്ഗങ്ങൾ ആലോചിച്ചുവരുന്നുണ്ടു. ഇതിനുള്ള ആവശ്യമൊന്നും പ്രാചീനകാലത്തുണ്ടായിരുന്നില്ല. ജനങ്ങളെ ആരോഗ്യവും ബലവും ഉള്ളവരാക്കിത്തീർക്കേണ്ടുന്നതിനു ഉപയുക്തങ്ങളായിരുന്നു അന്നത്തെ സാമുദായികാചാരങ്ങൾ. ഒരു ജാതിക്കാർക്കു ഒരേ തൊഴിൽ മാത്രമെ സ്വീകരിച്ചുകൂടു എന്നു നിർബ്ബന്ധമൊന്നുമുണ്ടായിരുന്നില്ല. പക്ഷെ തൊഴിലുകളെ ബുദ്ധി ഉപയോഗിക്കേണ്ടതെന്നും കായികബലം ആവശ്യമുള്ളതെന്നും രണ്ടായി തിരിച്ചിരുന്നു.

ഒരേ ജാതിത്തൊഴിൽ തന്നെ ചിരകാലം പരിചയിച്ചവർക്കു മററു ജാതിത്തൊഴിലിൽ പ്രവേശിച്ച് വിജയം നേടുന്നതു കുറെ പ്രയാസമായിരിക്കുമല്ലൊ. ഇതു ഒരു ദോഷമാണെങ്കിൽ ഈ ഒരു ദോഷം മാത്രമെ വർണ്ണാശ്രമധർമ്മവ്യവസ്ഥകൊണ്ടു വന്നിട്ടുള്ളു. പക്ഷെ ഏതുകാലത്തും ശക്തിയുള്ളവർ അശക്തരേയും ബുദ്ധിയുള്ളവർ അതില്ലാത്തവരേയും ഭരിക്കുമെന്നുള്ളതു് സമത്വവാദികൾ ഓർക്കേണ്ടതാണ്.

കടം കൊടുക്കുന്നതു് അക്കാലത്തു അപൂർവ്വമായിരുന്നു. അതിനാൽ അധികപ്പലിശവാങ്ങുന്നതിനെ തടയുന്ന നിയമങ്ങളൊന്നും ഉണ്ടായിരുന്നതായി കാണുന്നില്ല. രാജ്യത്തെ മുതൽ വർദ്ധിപ്പിക്കേണ്ട ആവശ്യത്തിന് വിദേശച്ചരക്കുകൾക്കു ചുങ്കം ചുമത്തിയിരുന്നു. ധനം കെട്ടിവയ്ക്കുന്നതു ഗുണകരമായി കരുതിയിരുന്നില്ല. ധനം സ്വരൂപിച്ചു വെക്കുന്നതിനെക്കാൾ ധനം സമ്പാദിക്കാനുള്ള ശക്തി നാട്ടുകാർക്കുണ്ടാക്കയാണ് അധികമാവശ്യമെന്നുള്ള തത്വം കൌടില്യൻ മുതലായവർ അറിഞ്ഞിരുന്നു. ഒഴിവുസമയത്തിൻേറയും വിശ്രമത്തിൻെറയും വില രാജ്യവാസികളെ മനസ്സിലാക്കുകയും മിതമായ പ്രയത്നത്തിൽ നിന്നും മിതമായ ആദായം ലഭിക്കുന്നതാണ് മേന്മയായിട്ടുള്ളതെന്ന ബോധം അവർക്കു ജനിപ്പിക്കയും ആഡംബരഭ്രമം വിട്ട് ആരോഗ്യമുള്ളവരായിരിക്കത്തക്കവണ്ണം ജീവിക്കാൻ അവരെ സമ

ത്ഥരാക്കുകയും ചെയ്യുകയാണ് രാജ്യത്തിൻെറ സാമ്പത്തികനിലയെ ഉയർത്തുന്നതിന്നുള്ള ഉത്തമമാർഗ്ഗമെന്ന തത്വം അക്കാലത്തെ ധനതത്വചിന്തകന്മാർ വഴിപോലെ ഗ്രഹിച്ചിരുന്നു.

വിലയുടെ ശരിയായ കാരണങ്ങൾ വ്യക്തമാക്കുന്നതിലാണ് ഒരു ധനശാസ്ത്രതത്വജ്ഞൻെറ യോഗ്യത വെളിവാകുന്നത്. കൌടില്യനും മനുവിനും പ്രധാന കാരണങ്ങളുടെ ശരിയായ ബോധമുണ്ടായിരുന്നു. ഇരിപ്പ് അഴിച്ചിലിനോടു തുല്യമായിരിക്കണമെന്നും വിലയിൽ സമയത്തിൻെറ വിലകൂടി ഉൾപ്പെട്ടുമെന്നും അവർ ഗ്രഹിക്കാതിരുന്നില്ല. ഉൽപന്നങ്ങളുടെ വിലയിൽ അവർ കരം ഉൾപ്പെടുത്തിയിരുന്നില്ല.

കച്ചവടത്തിൻെറ അഭിവൃദ്ധിക്കുവേണ്ട എല്ലാസൌകര്യങ്ങളും സക്കാരിൽനിന്നു നൽകിയിരുന്നു. കച്ചവടസംഘങ്ങൾ ഏർപ്പെടുത്തുകയും ചന്ത സ്ഥാപിക്കുകയും ചെയ്യേണ്ടുന്നതിൻെറ ആവശ്യത്തെ പ്രാചീനന്മാർ മനസ്സിലാക്കിയിരുന്നു. കച്ചവടത്തേയും കൈമാററത്തേയും ക്രമീകരിക്കുന്ന നിയമങ്ങളും അക്കാലത്തുണ്ടായിരുന്നു. വില്പന പരസ്യമായി ചെയ്യണമെന്നു നിയമമുണ്ടായിരുന്നു. പാലിൽ വെള്ളം ചേക്കുക, ഉപ്പിൽ മണ്ണുകൂട്ടുക, കള്ളത്തൊപ്പു ഉപയോഗിക്കുക മുതലായ പ്രവൎത്തികൾക്ക് കഠിനമായ ശിക്ഷ നൽകിവന്നിരുന്നു. വാങ്ങിയസാധനങ്ങൾ ബോദ്ധ്യമാകാത്ത പക്ഷം ഒരു നിശ്ചിതഅവധിക്കുള്ളിൽ മടക്കി കൊടുക്കാമെന്ന് നിശ്ചയമുണ്ടായിരുന്നു എങ്കിലും കച്ചവടത്തിൽ വ്യാജം ധാരാളമുണ്ടായിരുന്നു. ഒരു പെരുങ്കള്ളനും ഒരു കച്ചവടക്കാരനും തമ്മിൽ ഭേദമില്ലെന്നു മനു പറഞ്ഞിട്ടുള്ളതിൽനിന്ന് ഈ സംഗതി മനസ്സിലാക്കാം. ന്യായമായ കച്ചവടത്തിന് എല്ലാവിധസഹായങ്ങളും നല്കപ്പെട്ടിരുന്നു. വിദേശവ്യാപാരികളുടെ ആവശ്യാത്ഥം പാണ്ടികശാലകളും വിശ്രമസ്ഥലങ്ങളും സക്കാരിൽനിന്നു കെട്ടിച്ചുകൊടുത്തിരുന്നു. ചുങ്കങ്ങൾ വിദേശവ്യാപാരത്തിനു തടസ്ഥമായി വരുന്നപക്ഷം കുറവുചെയ്യുകയൊ എടുത്തുകളകയൊ ആവാമെന്നാണ് കൌടില്യൻെറ അഭിപ്രായം. സ്വദേശസാമാനങ്ങൾക്ക് അഴിച്ചിലുണ്ടാവുന്നതിന് എല്ലാവിധ പരിശ്രമങ്ങളും ഗവമ്മെണ്ട് ചെയ്യേണ്ടതാണെന്നു മാത്രമല്ല, കയററുമതി, എറക്കുമതി വ്യാപാരത്തെ വദ്ധിപ്പിക്കുന്നതും ഗവമ്മെണ്ടിൻെറ ചുമതലയായിരുന്നു.

സ്വൎണ്ണവും വെള്ളിയുമാണ് നാണയങ്ങൾക്കുപയോഗിച്ചിരുന്നത്. നാണ്യങ്ങൾ ആക്കം അടിക്കാവുന്നതായിരുന്നു. തൂക്കം അനുസരിച്ചാണ് അതുകളുടെ വില നിൎണ്ണയിച്ചിരുന്നത്. പക്ഷെ ചരക്കുകൾ കൈമാററം ചെയ്തുവന്നിരുന്ന അക്കാലത്ത് നാണ്യങ്ങളുടെ ആവശ്യം അധികമുണ്ടായിരുന്നില്ല.

തൊഴിലാളികളും പണക്കാരും തമ്മിലുള്ള മത്സരം പ്രാചീനകാലത്ത് തീരെ ഉണ്ടായിരുന്നില്ല. തൊഴിലാളികളോടു ദയവായി പെരുമാറുകയും അവരുടെ പ്രയത്നത്തിനടുത്തതായ പ്രതിഫലം അവക്കു നൽകുകയും ധാരാളം സമയം വിശ്രമിക്കാൻ അവരെ അനുവദിക്കുകയും രോഗത്താലൊ യാദൃഛികസംഭവങ്ങളാലൊ വാൎദ്ധക്യത്താലൊ ജോലി ചെയ്യാൻ പ്രാപ്തിയില്ലാതെ വരുമ്പോൾ വേണ്ട സഹായങ്ങൾ അവക്കു ചെയ്തുകൊടുക്കുകയും വേണ്ടതാണെന്ന് ശുക്രനീതിയിൽ പറഞ്ഞിട്ടുണ്ട്. ഈ കാൎയ്യങ്ങളിൽ ലുബ്ധ് കാണിക്കുന്നതു് രാജ്യത്തിൻെറ സാമ്പത്തികനിലക്ക് ഇടിവുവരുത്തുന്നതാണെന്നുള്ള തത്വം അവർ മനസ്സിലാക്കിയിരുന്നു.

സ്വന്തംകരംശമ്പളമെന്നമട്ടിൽ
ചെന്താർമകൻഭൂപനെനാട്ടുകാക്കായ്
വേലക്കുനൽകുംപടിവിട്ടുപക്ഷെ
പാലിപ്പതിൻസ്വാമിയുമാക്കിവെച്ചു.

എന്ന് ശുക്രനീതിയിൽ പറഞ്ഞിട്ടുള്ളതിൽ നിന്നു രാജാവിന് നികുതി കൊടുക്കേണ്ടതു പ്രജകളുടേയും ആ നികുതി പ്രജാക്ഷേമത്തിനായി വിനിയോഗിക്കേണ്ടതു് രാജാവിൻെറയും കടമയാണെന്നു വരുന്നുണ്ടല്ലൊ. അതിനാൽ രാജാവു് സ്വേഛാനുസാരം കരം വസൂൽ ചെയ്യുകയൊ നിശ്ചിതകരം യാതൊരു കാരണത്താലും കൊടുപ്പാൻ പ്രജകൾ ഉപേക്ഷ കാണിക്കയൊ ചെയ്യാൻ പാടുള്ളതല്ല. നികുതി കൊടുപ്പാൻ വീഴ്ചവരുത്തുന്നവരെ കഠിനമായി ശിക്ഷിപ്പാൻ ധൎമ്മശാസ്ത്രം അനുവദിച്ചിരുന്നു. പക്ഷെ നികുതി ലഘുവും ഭരണം പ്രജാക്ഷേമകരവും ആയിരിക്കണമെന്നു നിർബ്ബന്ധമുണ്ട്. ആയവ്യയക്കണക്കു തയ്യാറാക്കുന്ന സമ്പ്രദായം അക്കാലത്തുണ്ടായിരുന്നില്ല. പക്ഷെ കൊല്ലംതോറും ചിലവുകഴിച്ചു മതിയായ ഒരു സംഖ്യ മിച്ചമുണ്ടാക്കേണ്ട ആവശ്യത്തെപ്പററി അൎത്ഥശാസ്ത്രഗ്രന്ഥങ്ങളിൽ പറയുന്നുണ്ട്. രാജ്യത്തിലെ മുതലെടുപ്പിൽ ൫൦ ശതമാനത്തിലധികം പട്ടാളച്ചിലവിലേക്കു ഉപയോഗപ്പെടുത്തുന്നതു് കുറെ അധികമാണെന്നു തോന്നുന്നുണ്ടെങ്കിലും അക്കാലത്തെ രാജ്യത്തിൻെറ അപകടനില അറിയുന്നവർ ഇതു അനാവശ്യമാണെന്നു ഒരിക്കലും പറകയില്ല. പട്ടാള ഉദ്യോഗസ്ഥന്മാൎക്കു് കൊടുത്തിരുന്ന ശമ്പളം ഇപ്പോഴത്തെ നിരക്കിനെ അപേക്ഷിച്ചു വളരെ അധികമായിരുന്നു. ചന്ദ്രഗുപ്തൻെറ സൈന്യത്തിലെ ഒരു സാധാരണപടയാളിക്കു മാസംതോറും ൧൫൦ കയും ഒരു സേനാധിപന് ൧൫,൦൦൦ കയും ശമ്പളമായിരുന്നു.

നികുതി ഇന്നത്തെപ്പോലെ അന്നും നാനാപ്രകാരത്തിലായിരുന്നു എങ്കിലും രാജ്യത്തെ മുതലെടുപ്പിനെ പ്രധാനമായി സഹായിച്ചിരുന്നതു്. ഭൂനികുതി ആയിരുന്നു. നികുതികൊടുപ്പാൻ വകയില്ലാത്ത സാധുക്കൾ

രാജ്യത്തെക്കു വേണ്ടി പ്രയത്നിക്കണമെന്നു നിർബ്ബന്ധമുണ്ടായിരുന്നു. ലഹരിസാധനങ്ങൾക്കു വലിയ ചുങ്കം ചുമത്തിയിരുന്നില്ല. എന്തെന്നാൽ ലഹരിസാധനങ്ങളുടെ വില കൂട്ടുന്നതു് അവയിലുള്ള ആസക്തി അധികമാക്കുകയാണെന്നു് പ്രാചീന ധനതന്ത്രജ്ഞന്മാർ മനസ്സിലാക്കിയിരുന്നു. എണ്ണ, ഉപ്പു് ഖനികൾ എന്നിവ കൌടില്യന്റെ കാലത്തു സർക്കാരിൽ നിന്നു് കുത്തക എടുത്തിരുന്നു.

ഭൂമിയെ സംബന്ധിച്ചുള്ള നിയമങ്ങൾ പ്രജകളുടെ അവകാശങ്ങളെ തടയത്തക്ക വിധത്തിലായിരുന്നില്ല. ഭരണകർത്താക്കന്മാർക്കും ഭരണീയക്കും ഭൂമിയെ സംബന്ധിച്ചേടത്തോളം അവകാശം തുല്യമായിരുന്നു. ചുരുക്കിപ്പറയുന്നതായാൽ ആധുനിക ധനശാസ്ത്രജ്ഞന്മാരായ ആഡം സ്മിത്തു് മുതലായ മഹാന്മാർ കണ്ടുപിടിച്ച തത്വങ്ങളെല്ലാം നമ്മുടെ ധനതത്വചിന്തകന്മാർ അനേകവഷങ്ങൾക്കു മുമ്പുതന്നെ ഗ്രഹിച്ചിട്ടുണ്ടു്.

# * മലയാളഭാഷയും തൽകർത്താക്കന്മാരും

(ആർ. ഈശ്വരപിള്ള ബി. എ.)

ഈ വൃത്തം അനന്തരകവികൾ ധാരാളം സ്വീകരിച്ചുവന്നുവെന്നുള്ളതു ജനങ്ങൾക്കു് ഇതിലുള്ള അഭിരുചിയെ സൂചിപ്പിക്കുന്നു.

നമ്മുടെ കവി അദ്ദേഹത്തിന്റെ കാവ്യവിഷയങ്ങളായി പുരാണങ്ങളെ വരിച്ചുവെന്നുള്ളതു് അർത്ഥവത്തായ ഒരു സംഗതിയാണു്. ഈ വരണം കേവലം ഒരു ആഗസ്മികമായ പ്രണോദനത്തിന്റെ ഫലമല്ല, പിന്നെയോ വിചാരപൂർവ്വമായ ഒരു നിശ്ചയമാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. പ്രഥമമായി നമ്മുടെ കവി അഗാധമായ ആത്മീയചിത്തവൃത്തിയോടു കൂടിയ ഒരാളായിരുന്നു. അതുകൊണ്ടു് അദ്ദേഹത്തിന്റെ അഭിരുചിയും വാസനയും അദ്ദേഹത്തെ ആ വഴിക്കുതന്നെ ആകർഷിച്ചു. ഇതിനുംപുറമെ അദ്ദേഹത്തിന്റെ പ്രധാനോദ്ദേശ്യം തന്റെ സമകാലീനന്മാരായ ജനങ്ങളുടെ സന്മാർഗ്ഗോദ്ധാരണവും, അവരുടെ അജ്ഞതയുടെ ദൂരീകരണവും, അവരുടെ ഉള്ളിൽ ആത്മീയജ്യോതിസ്സിന്റെ ഉജ്ജ്വലനവും അവരുടെ മ

* ൨൭ കൊല്ലം മുമ്പു 'മലബാർക്വാർട്ടർലിറിവ്യൂ' എന്ന ഇംഗ്ലീഷ് മാസികയിൽ എഴുതിയിരുന്ന സുപ്രസിദ്ധമായ ഈ ലേഖനം ഇപ്പോൾ ലേഖകൻതന്നെ തർജ്ജിമചെയ്യുകയാണു്.

'ഗുരുനാഥൻ പ്രവർത്തകന്മാർ'

ബ്ബിൽ കർത്തവ്യകർമ്മം, സത്യം, സ്നേഹം മുതലായ സൽഗുണങ്ങളെ സംബന്ധിച്ചുള്ള ഉൽകൃഷ്ടാദർശങ്ങളുടെ സമർപ്പണവും ആയിരുന്നു. അപരം ച കേവലം നിസ്സാരമായി ഗണിക്കപ്പെട്ടിരുന്ന മലയാളഭാഷയെ, മാഹാത്മ്യം കൊണ്ടും ആത്മീയസ്വഭാവം കൊണ്ടും വേദത്തിനോട് അടുത്തുള്ളവയെന്ന് ഗണിക്കപ്പെട്ടിരുന്ന സംസ്കൃതമഹാകാവ്യങ്ങളിൽ നിക്ഷിപ്തങ്ങളായിരിക്കുന്ന ഉൽകൃഷ്ടചിന്തകളുടെ പ്രവഹണമാക്കി ഗൗരവവും പ്രയോജനവും ഉള്ള ഒരു നിലയിൽ കൊണ്ടുവരണമെന്നും അദ്ദേഹത്തിന് ആഗ്രഹമുണ്ടായിരുന്നു. ഇങ്ങിനെ പ്രതിഫലിതഗൗരവം കൊണ്ട് മലയാളഭാഷ സ്വഭാഷയായിരുന്നവരുടെ ദൃഷ്ടിയിൽ തന്നെയല്ല, സംസ്കൃതസാഹിത്യത്തെ ആദരിച്ചുവന്ന ബ്രാഹ്മണരുടെ ദൃഷ്ടിയിലും ഉയർത്തപ്പെട്ടു. ഇപ്രകാരം നമ്മുടെ കവിയുടെ ഉദ്ദേശ്യം ഏററവും സഫലമായി ഭവിച്ചു.

എഴുത്തച്ഛൻെറ വിവിധകൃതികളിൽ വച്ച് ഉത്തമവും മാഹാത്മ്യമേറുന്നതും അദ്ധ്യാത്മരാമായണമാണെന്നു സകാരണം ഗണിക്കപ്പെട്ടിരിക്കുന്നു. ഇതു് സംസ്കൃതത്തിലുള്ള അദ്ധ്യാത്മരാമായണത്തിൻെറ പദാനുപദതർജ്ജിമയാകുന്നു. അതിലെ ഓരോ ശ്ലോകവും തൽതുല്യമൊ, പക്ഷെ അതിനെ അതിശയിക്കുന്നതൊ ആയ രാമണീയകത്വം, ഉൗർജ്ജസ്വലത, വൈശദ്യം ഇവയോടുകൂടി തർജ്ജിമചെയ്യപ്പെട്ടിരിക്കുന്നു. ഭാഷാരീതി സദാ ചിലപ്പോൾ സരളവും, പ്രൗഢവും എന്നാൽ ഒരിക്കലും വിരസമല്ലാത്തതും ആകുന്നു. ചിലപ്പോൾ അതു് മാഹാത്മ്യത്തിൽ ഉയരുകയും, ചിലപ്പോൾ കരുണരസത്തിൽ ലയിക്കുകയും ചെയ്യുന്നു. രാമായണത്തിൻെറ രാമണീയകത്വം അതിൻെറ പ്രൗഢതകൊണ്ടു നമ്മെ വിസ്മയിപ്പിക്കയാണ്. മാധുര്യംകൊണ്ടു വശീകരിക്കയല്ല ചെയ്യുന്നതു്. അതിലെ ഓരോ പാദത്തിനും ഒരു മഹാകാവ്യത്തിൻെറ ധ്വനിയും ഓരോ പദത്തിനും ഉല്ലീഢമായ വജ്രത്തിൻെറ പ്രകാശവും മേനിയും ഉണ്ടു്. ഭാഷയുടെ സാരള്യത്തിലും അർത്ഥപ്രകാശത്തിൻെറ പ്രൗഢതയിലും വൃത്തത്തിൻെറ സരസഗതിയിലും ഭാഷാപദങ്ങളേയും സംസ്കൃതവാക്കുകളേയും ഒരു ചിത്രത്തിലെ വർണ്ണാവർണ്ണങ്ങളെപ്പോലെ ലളിതമായ വിധത്തിൽ ഉള്ള സങ്കലന വിഷയത്തിലും രാമായണം അദ്യാപി അനതിശയനീയമായിത്തന്നെ ഇരിക്കുന്നു. പ്രകൃതിവസ്തുക്കളെ വർണ്ണിക്കുന്നതിലും മനുഷ്യവികാരങ്ങളെ പ്രകാശിപ്പിക്കുന്നതിലും ഈ കവിയ്ക്കു് അനന്യസാധാരണമായ വൈഭവമുണ്ടെന്നു പ്രത്യക്ഷപ്പെടുന്നുണ്ടു്. ദണ്ഡകാരണ്യത്തെയും പമ്പാനദിയുടെ തീരത്തേയും വർണ്ണിക്കുന്നതായ ഏതാനും പദ്യങ്ങൾ വായിക്കുമ്പോൾ അയനവൃത്തത്തിൽ ഉള്ള വനത്തിൻെറ അഭിരാമ്യവും ഗാംഭീര്യവും നമുക്ക് ഓർമ്മവരുന്നു. സീതയുടെ വിയോഗത്തിൽ ശ്രീരാമനുണ്ടായ മനോവ്യഥയെ വർണ്ണിക്കുന്ന ഘട്ടം, വായനക്കാരെ അശ്രുപരീതാക്ഷന്മാരാക്കത്തക്കവണ്ണം കരുണാത്മകമായിരിക്കുന്നു. ഈ കൃതിയിൽനിന്നും അതിൻെറ സ്വാരസ്യത്തെ പ്രദർശിപ്പിക്കുന്നതായ ഘട്ടങ്ങളെ

ഇവിടെ ഉദ്ധരിക്കുന്നതു് ആവശ്യമില്ലെന്നു വിചാരിക്കുന്നു. എന്നുതന്നെയല്ല, സവ്വത്ര അനവദ്യവും രമ്യവും ആയിരിക്കുന്ന ഒരു കൃതിയിൽ നിന്നും പ്രത്യേകം ഉദാഹരണങ്ങളെ ഉദ്ധരിക്കുന്നതു് തന്നെ അത്ര സുകരമല്ല. ഈ മഹാകാവ്യത്തിലെ ഓരോ വരിയിലും പ്രതിഫലിക്കുന്ന രമ്യതയും പ്രൗഢതയും ഏതു മന്ദബുദ്ധിയായ വായനക്കാരനും ഗ്രഹിക്കാതിരിക്കാൻ തരമില്ല. ഈ കാവ്യം സഹോദരസ്നേഹം, പുത്രധമ്മം, പാതിവ്രത്യം, നിസ്വാത്ഥമായഭക്തി, സത്യനിഷ്ഠ, കാമത്തിൻെറ മേൽ ധമ്മത്തിനു സിദ്ധിച്ച വിജയം എന്നിവകളെപ്പററി നമുക്കുപദേശിക്കുന്ന സന്മാഗ്ഗപാഠങ്ങളെക്കുറിച്ചു ഇവിടെ വിസ്തരിക്കേണ്ട ആവശ്യമുണ്ടെന്നു വിചാരിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ ഇവയൊക്കെയും പലപ്പോഴും നിർദ്ദേശിക്കപ്പെട്ടുകയും ഉപദേശിക്കപ്പെട്ടുകയും ചെയ്തിട്ടുള്ളതാണു്. ചുരുക്കത്തിൽ പറയാം. ഈ കാവ്യം ഉച്ഛ്വസിക്കുന്ന ഗാഢമായ ഈശ്വരഭക്തിയും ഉൽകൃഷ്ടമായ സദാചാരബോധവും നമ്മുടെ മനസ്സിനെ ഒരു നിമ്മലമായ അന്തരീക്ഷത്തിലേക്കു നയിക്കയും ധനത്തിനും ഭോഗത്തിനും അധികാരത്തിനും വേണ്ടിയുള്ള ലൌകീകമത്സരത്തിൽ നിന്നും നമ്മെ ഉയത്തുകയും ഒരു പ്രകാശമാനമായ ഇതരലോകത്തിലേയ്ക്കുള്ള ഒരു പ്രവേശനദ്വാരത്തെ തുറക്കുകയും ചെയ്യുന്നു.

രാമായണത്തെക്കുറിച്ചു് ഇപ്പോൾ പറഞ്ഞിട്ടുള്ളതെല്ലാം സാമാന്യേന നമ്മുടെ കവിയുടെ മററു രണ്ടു പ്രധാനകൃതികളെ സംബന്ധിച്ചു യോജിക്കുന്നതാകുന്നു. എന്നാൽ ഒരു വ്യത്യാസമുണ്ടു്. രാമായണം ഗൗരവം കൊണ്ടും, ഭാരതം രാമണീയകത്വം കൊണ്ടും, ഭാഗവതം ശാന്തതകൊണ്ടും സവിശേഷം ശോഭിക്കുന്നു. ഭാരതം മൂലത്തിൻെറ ഒരു സംക്ഷേപം മാത്രം ആയതുകൊണ്ടും അനുപദതജ്ജിമ അല്ലാത്തതിനാലും കവി അതിൽ ഏറക്കുറെ സ്വാതന്ത്ര്യം സ്വീകരിച്ചിട്ടുള്ളതായി കാണുന്നു. അതിനും പുറമെ അതിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ള വിഷയങ്ങളുടെ വിവിധത്വവും അതിൽ സംഗ്രഹിക്കപ്പെട്ടിട്ടുള്ള അനേകം രസാവഹങ്ങളായ ഉപാഖ്യങ്ങളും നമ്മുടെ കവിക്കു് കവിതാചാതുര്യത്തെ പ്രദശിപ്പിക്കുന്നതിനു ധാരാളം അവസരം നൽകി. അതിലെ ഭാഷാരീതി രാമായണത്തെക്കാൾ കുറച്ചുകൂടി ലളിതവും അലങ്കാരകലിതവും ആകുന്നു. നമ്മുടെ കവി അദ്ദേഹത്തിന്നു് സാധിക്കാൻ കഴിയുന്നെടത്തോളം കവിതാലങ്കാരകൌശലങ്ങളെക്കൊണ്ടു് ഈ കൃതിയെ മോടിപിടിപ്പിച്ചിട്ടുണ്ടു്. ഈ കാവ്യം നൈസഗ്ഗികമായ മാധുര്യവും ചാതുര്യവും നിറഞ്ഞ ഘട്ടങ്ങൾകൊണ്ടു ശോഭിക്കുന്നു. അതിനാൽ അതു് ഒരു വിശിഷ്ടകാവ്യമെന്ന നിലയിൽ ചില അംശങ്ങളിൽ രാമായണത്തെ അതിശയിക്കുന്നുമുണ്ടു്. സംസ്കൃതത്തിലുള്ള മഹത്തായ ഈ ഗ്രന്ഥത്തെ സരസങ്ങളായ എല്ലാ ഭാഗങ്ങളേയും സംഗ്രഹിച്ചും, സാരങ്ങളായ യാതൊന്നിനേയും പരിത്യജിക്കാതെയും, ഒരു കരദക്ഷഗ്രന്ഥമായി ചുരുക്കി

യിരിക്കുന്നതിൽ നിന്നും നമുക്കു കവിയുടെ വിവേചനബുദ്ധിയും ഗ്രഹണശക്തിയും എത്രമാത്രമുണ്ടെന്ന് അനുമാനിക്കാവുന്നതാണ്.

ഭാഗവതം എഴുത്തച്ഛന്റെ വാർദ്ധക്യത്തിൽ നിർമ്മിച്ച കൃതിയാണെന്ന് വിചാരിക്കപ്പെട്ടിരിക്കുന്നു. അതിൽ ഒരു ഉൽകൃഷ്ടവും പ്രയോജനകരവുമായ ജീവിതത്തിന്റെ അന്ത്യദശയ്ക്കു സഹജങ്ങളായ ആത്മാവിന്റെ പ്രശാന്തപ്രസന്നതയും, അനുഭൂതമായ ചാരിതാർത്ഥ്യവും പ്രതിഫലിച്ചു കാണുന്നുണ്ട്. ഈ കാവ്യത്തിൽ സർവ്വത്ര വ്യാപിച്ചുകാണുന്ന തത്വജ്ഞാനവിമർശത്തിന് അനുരൂപമായ വിധത്തിൽ അതിലെ ഭാഷാരീതി പ്രൗഢവും, അഡംബരരഹിതവുമായി കാണുന്നു. നിർജ്ജീവവസ്തുക്കളുടെ ആലേഖ്യത്തിനുള്ളതായ ഒരു രമ്യശോഭയും അതിനുണ്ട്.

ഇരുപത്തിനാലുവൃത്തം മലയാളഭാഷയിലുള്ള രത്നങ്ങളിൽ ഒന്നാണ്. അതു ബീജപുടസംഗ്രഹിതമായ രാമായണം തന്നെയാണ്. എന്നാൽ ഈ ചുരുങ്ങിയ പരിധിക്കുള്ളിൽ നമ്മുടെ കവി കവനകലാവിഭവങ്ങൾ മുഴുവനും പ്രദർശിപ്പിച്ചിട്ടുണ്ട്. ഈ കൃതി നമ്മുടെ സ്ത്രീകൾക്കു തിരുവാതിരകളിക്ക് ആയി എഴുതിയിട്ടുള്ളതാണെന്നു പറയപ്പെട്ടിരിക്കുന്നു. ഇതിലെത്രമാത്രം വാസ്തവമുണ്ടെന്ന് ഇപ്പോൾ പറയാൻ സാധിക്കുകയില്ല. ഇതു് അങ്ങിനെ ഒരിക്കലെങ്കിലും ഉപയോഗപ്പെടുത്തിയതായി അറിയുന്നുമില്ല. എന്നുതന്നെയല്ല അതിന്റെ വൃത്തവും ഗാനരീതിയും ഈമാതിരി കളിക്കു ചേരുന്നതുമല്ല. എന്നാൽ ഇതിൽ പലഭാഗങ്ങളും അർത്ഥഗ്രഹണം ലേശം കൂടാതെ നമ്മുടെ പെൺകുട്ടികളെ ആശാന്മാർ കാണാപാഠം പഠിപ്പിച്ചുവന്നിരുന്നു. കവിയുടെ പ്രതിഭാവിലാസവും, വാഗ് വിഭവത്തിന്റെ വിവിധത്വവും, ഭാഷാരീതിയുടെ ഔജ്വല്യവും എല്ലാം പ്രസ്തുതകവിതയിൽ അത്ഭുതകരമാംവണ്ണം ദൃഷ്ടാന്തീകരിക്കപ്പെട്ടിട്ടുണ്ട്. അയോദ്ധ്യാനഗരത്തിന്റേയും സീതാവിയോഗാനന്തരം ശ്രീരാമനുണ്ടായ മനോവ്യാകുലതയുടേയും ഹൃദയംഗമങ്ങളായ വർണ്ണനകൾ,—ഒന്ന് നമ്മുടെ ഹൃദയങ്ങളിൽ അതു ജ്വലിപ്പിക്കുന്ന കരുണാരസംകൊണ്ടും, മററതു് നമ്മുടെ മനസ്സിൽ ഉജ്വലിപ്പിക്കുന്ന രമ്യചിത്രങ്ങൾ കൊണ്ടും— മലയാളസാഹിത്യശാലേയത്തിൽ ഇന്നും അനതിശയനീയമായി വർത്തിക്കുന്നു. നമ്മുടെ കവിയുടെ മററുകൃതികളെ സംബന്ധിച്ച് എനിക്കു പറയാനുള്ളത് അവയും ഇദ്ദേഹത്തിന്റെ അമാനുഷബുദ്ധിയുടെ പ്രതിച്ഛായ വഹിക്കുന്നു എന്നു മാത്രമാണ്.

ഈ ഉപന്യാസം ഉപസംഹരിക്കുന്നതിനുമുമ്പ്, നമ്മുടെ കവി ഭാഷയുടേയും സാഹിത്യത്തിന്റേയും നാട്ടുകാരുടേയും മേൽ പ്രയോഗിച്ച പ്രേരണയെക്കുറിച്ചു കൂടി ഒന്നുരണ്ടുവാക്ക് പറയാനാഗ്രഹിക്കുന്നു. ഇന്നു നാം സംസാരിക്കുന്നതും എഴുതുന്നതുമായ മലയാളം എഴുത്തച്ഛന്റെ മലയാളമാണ്. അദ്ദേഹം ഭാഷയിലേക്ക് അവതരിപ്പിച്ചിട്ടുള്ള വാക്കുകളും, അദ്ദേ

ഹം നിർമ്മിച്ചിട്ടുള്ള വാചോയുക്തികളും മലയാളഭാഷയുടെ സാരാംശങ്ങളായി തീർന്നിട്ടുണ്ട്. അനന്തരകവികൾ അദ്ദേഹത്തിന്റെ ഭാഷാരീതിയെ അനുകരിക്കയും അദ്ദേഹത്തിന്റെ ശൈലികളെ ധാരാളം ഉപയോഗിക്കുകയും ചെയ്തുവരുന്നു. മലയാളസാഹിത്യത്തിന് അദ്ദേഹം നൽകിയിട്ടുള്ള ചലനശക്തി ഇന്നും അതിനെ പുരോഗമനമാർഗ്ഗത്തിൽ ചരിപ്പിക്കുന്നു; നിരോധിക്കപ്പെട്ടിരുന്ന സംസ്കൃതസാഹിത്യഭൂമിയിൽ അദ്ദേഹം നടത്തിയ ആക്രമണങ്ങളും അധികം ശക്തിയോടുകൂടി അനുകരിക്കപ്പെട്ടുവരുന്നു. അദ്ദേഹത്തിന്റെ കൃതികൾ അനുകരണമാതൃകകളായിട്ട് അദ്ദേഹത്തിന്റെ അനന്തരഗാമികളായ അനേകം പേർക്കും, ഉന്മേഷപ്രസ്രവണങ്ങളായിട്ട് അവരിൽ മററുചിലർക്കും തീർന്നിട്ടുണ്ട്. അദ്ദേഹത്തിന്റെ സുജ്ഞാതങ്ങളായ അനേകം പദ്യശകലങ്ങൾ ലോകോക്തികളായി പരിണമിച്ചിട്ടുണ്ട്. കിംബഹുന, മലയാളഭാഷയും മലയാളസാഹിത്യവും ഇന്നും അവയ്ക്കു് ഏകദേശം മുന്നൂറുകൊല്ലംമുമ്പ് അദ്ദേഹം നൽകിയ പ്രണോദനശക്തികൊണ്ട് സജീവങ്ങളായിരിക്കുന്നു.

## ഭാമ.

### വഞ്ചിപ്പാട്ട്

(ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ എം. ഏ. ബി. എൽ. എം. ആർ. ഏ. എസ്സ്).

I

ഉണ്ണിയുഷസ്സൊളിചിന്നിയുയർന്നുയർന്നുച്ചയായി;
പിന്നെയങ്ങു നിറംമങ്ങിയന്തിയുമായി,
ഇക്ഷണത്തിൽകാല മാകും വൻകടലിൻമാറിൽനിന്നി–
ക്കൊച്ചുപകൽ നീർക്കുമിളകാണാതെയാമോ? 4
ആകിലെന്തു? മറയട്ടെ വാസരവുമതിൻദുഷ്ട–
മാഗമിച്ചിടട്ടെ രാത്രി കല്യാണരാത്രി.
ഉദിക്കുന്നു; തടിക്കുന്നു; ചടയ്ക്കുന്നു; നശിക്കുന്നു;
പതിവിതിന്നെങ്ങു മാററം പ്രപഞ്ചത്തിങ്കൽ? 8
വാടിയപൂ ചൂടുന്നീല വാർകുഴലിൽ പ്രകൃത്യംബ;

ചൂടു നീങ്ങിസ്വാദുകെട്ട ചോറശിപ്പീല.
പ്രതിക്ഷണമസ്സവിത്രി തനയക്കായ്ത്തൻകനിവാം
പുതുവെള്ളമൊഴുക്കുന്നു പുഴകൾതോറും.
ചേലിലുമ്പർ മഴവില്ലിൻ ചാറെടുത്തു വാനിടമാം
മാളികയ്ക്കു ചായമിടും കാലമിതല്ലോ!
അതു കാണ്മിനനുഷ്ഠിപ്പിനവസരോചിതമെന്നു
കഥിക്കുന്നു നമ്മെ നോക്കിക്കിളിക്കിടാങ്ങൾ.

## II

വാനിലേവം പലവർണ്ണമൊന്നിനോടൊന്നുരുമ്മവേ,
ദീനതാപമിളംതെന്നൽ തീർത്തു ലാത്തവേ;
ആഢ്യരത്നാകരോർമ്മികൾ വിഷ്ണുപദമണിതന്നെ
മാർത്തടത്തിൽ പതക്കമായ് ലാലസിക്കവേ,
വ്യോമവീഥി താരഹാരമണിയവേ; പുരിമങ്ക
ഹേമകാന്തിയെഴും ദീപദാമം ചാർത്തവേ;
വാടി നവമലർമാല ചൂടിടവേ; കുയിലിനം
പാടിടവേ; വരിവണ്ടു മുരണ്ടീടവേ
കുളിർമതിയമൃതൊളിക്കതിർനിര ചൊരിയവേ;
മലയജരസം മാറിൽമഹി പൂശവേ;
വാനും മണ്ണുമൊന്നിനൊന്നു മത്സരിച്ചു ചമയവേ;–
മാനുഷർക്കു മറെറന്തുള്ളൂ മാമാങ്കോത്സവം?

## III

ഭാമയെന്ന പേരിലൊരു പാർവ്വണേന്ദുമുഖിയുണ്ടു—
ഭാമിനിമാർ തൊടും ചെറുഫാലാലങ്കാരം,
പതിനെട്ടോടടുത്തീടും വയസ്സവൾക്കെന്നുതന്നെ
പതിവ്രതമാർക്കത്തന്വി പരമാദർശം,
ചിരകാലമകലത്തു വസിച്ച തൻദയിതന്റെ
വരവന്നുകാത്തിരിപ്പൂ വരവർണ്ണിനി.
കുളിരിളന്തളിരൊളിതിരളും തൻകളേബരം
കിളിമൊഴിമുടിമണി കഴുകി വേഗാൽ,
ആട,യണി,യലർമാല,യങ്ഗരാഗമിവകൊണ്ടു
മോടിയതിന്നൊന്നിനൊന്നു മുററുംവളർത്തി,
വാരുലാവും തന്നുടയമാളികയിൽ മരുവുന്നു
മേരുവിങ്കലിളംകല്പവല്ലരിപോലെ.

ഏതു ശബ്ദമെങ്ങുനിന്നു പൊങ്ങുകിലുമതു തന്റെ
നാഥനുടെ വരവെന്നാനാരിപ്പൂൺപോർപ്പൂ;
ചിന്മയമായ് ജഗത്തെല്ലാം ബ്രഹ്മനിഷ്ഠ കാണുംപോലെ
തന്മയമായ്ത്തന്നെ കാൺമൂ സർവ്വവും സാധ്വി!

## IV

മണിയറയ്ക്കരികിലായ് മങ്കയൊരു ശബ്ദം കേട്ടാൾ;
മണവാളൻ വന്നുവെന്നായ് മത്താടിക്കൊണ്ടാൾ.
ഭാവംമാറീ ഹാവമായി, ഹാവം മാറി ഹേലയായി;
പൂവൽമേനി പുളകത്താൽ ഭൂഷിതമായി;
ആരതെന്നു താർമിഴിയാൾ നോക്കീടവേ കാണുമാറായ്
ഹീരദത്തൻ നിജതാതൻ നില്പതുമുന്നിൽ.
ഒന്നു ഞെട്ടിപ്പിൻവലിഞ്ഞു സങ്കുചിതശരീരയായ്
സുന്ദരാംഗി ജനകൻതൻ പാദം ഗ്രഹിച്ചാൾ
“കൈതൊഴുന്നേൻ പിതാവേ! ഞാൻ, കനിഞ്ഞാലു”മെന്നു
ഭീതിയോടും ലജ്ജയോടും സംഭ്രമത്തോടും. [ചൊന്നാൾ
“മതി ഭാമേ! മതിപോക്കു മണിയറയ്ക്കുള്ളിൽ! നിന്റെ
പതിയുണ്ടോ വന്നുവെന്നു പരിശോധിച്ചേൻ;
വേറെയൊന്നുമില്ല ചൊൽവാൻ”എന്നുരച്ചാൻ ദത്തൻനാവാൽ;
വേറിട്ടൊരു മനോഗതമാനനത്താലും.
കോപമുണ്ടു, താപമുണ്ടു, നിന്ദയുണ്ടു തന്മുഖത്തിൽ;
ഹാ! പിഴച്ചതെന്തു താനെന്നറിഞ്ഞുമില്ല.
ഏകപുത്രി ഹീരന്നവൾ; ഏതുനാളും ജനകനിൽ
കൈകടന്ന കനിവൊന്നേ കാണുമാറുള്ളോൾ;
എന്തൊരാപത്തതെന്നോർത്തു ബന്ധുരാംഗി നടുങ്ങവേ
പിന്തിരിഞ്ഞു നടകൊണ്ടാൻ ഭീതിദൻ താതൻ.

## V

വലിശതനതോന്നതം വദനമിളകിടവെ;
കലിതുള്ളിക്കരൾക്കളമഴിഞ്ഞീടവേ;
ഇറങ്ങുന്നു കോണിവഴി ഹീരദത്തൻ; ചിലതെല്ലാം
പറയുന്നു തന്നോടായിപ്പലിതാപീഡൻ
“പരിഷ്കാരം പോലുമിതു! ഭഗവാനേ! മുടിഞ്ഞോരി-
പ്പരിഷ്കാരത്തിൻ തലയിലിടി വീഴണേ!
പാതകപ്പാഴ്ച്ചരക്കേറും പടിഞ്ഞാറൻപടവിതു
പാതാളത്തിന്നടിയിൽ പോയ്പ്പതിക്കണമേ!

എത്തിയല്ലോ കലി മുററിയിന്നിലയിൽ, മനുവിൻെറ
'ന സ്ത്രീസ്വാതന്ത്ര്യമർഹതി' നാടുവിട്ടല്ലോ!
ഏവളിവൾ? എൻെറ മകൾ ഭാമയല്ല; മൂവന്തിയിൽ
തേവിടിശ്ശി ചമയുന്ന ധിക്കാരക്കാരി,

ശീലമെന്യേ ശീലയുണ്ടോ? നാണമെന്യെ കാണമുണ്ടോ
ബാലികയാൾക്കൊരു കുലപാലികയാവാൻ?
ഓമനപ്പൂന്തിങ്കളെന്നു ഞാൻനിനച്ചോരിജ്യോതിസ്സു
ധൂമകേതുവായോ തീൎന്നു? ധൂതമെൻഭാഗ്യം!

നടക്കട്ടെ പുതുമോടി; നശിക്കട്ടെ പൂൎവ്വാചാരം;
ഒടുക്കത്തെപ്പെരുവെള്ളമുടൻ വരട്ടെ."
എന്നു ചൊല്ലിപ്പിതൃപാദനിറങ്ങുന്ന സന്നതാങ്ഗി
തന്നുടയ വിധിയോൎത്തു തപിച്ചിടുന്നു.

"ഇതുമൊരു ലിഖിതമോ വിധാതാവേ? ജനകനു
പതിദേവതയാം ഞാനൊ പദവിവിട്ടോൾ?
എൻപ്രിയനെബ്ഭജിക്കുവാൻ ഞാൻ തുടരും സതീവ്രത-
മെൻപിതാവിന്നിത്രമാത്രം ഹിതമല്ലെന്നോ?

കന്യയല്ല, **രണ്ഡ**യല്ല, പരിവ്രാജികയുമല്ല,
തന്വിയാം ഞാൻ ചരിക്കുന്നു തൻവധൂധൎമ്മം.
സാദരമെൻമേനിയാമിപ്പൊന്മലരാൽ പ്രിയൻ നില്ക്കെ-
യേതു ദേവദേവനെനിക്കാരാധ്യനാവൂ?

ഹന്ത! ഞാനെൻപിതാവിന്നുമപലപനീയയായാ-
ലെന്തുതന്നെയെന്നെ നോക്കിയന്യരോതില്ല?
എന്നു ചൊല്ലിക്കരയുന്നു കിളിമൊഴി കളർമല-
ക്കൻ രണ്ടും കഴുകുന്നു ചുടുകണ്ണീരിൽ.

## VI

മണവാളൻ ഹൈമൻ വന്നാൻ മണിയറയ്ക്കുള്ളിൽ; കണ്ടാൻ
പ്രണയിനി കിടപ്പതുപരവശയായ്.
ദീനയവളാത്മതാപം തൻവപുസ്സാൽ നിവേദിപ്പൂ
മീനവേനൽ വരട്ടിന പൂമ്പൊഴിൽപോലെ.

എഴുന്നേററാൾ; സമീപിച്ചാൾ; സൽക്കരിച്ചാൾ; സല്ലപിച്ചാൾ
മുഴുമതിമുഖിയന്നും മുന്നിലപ്പോലെ.
അതിലൊരു കുറവൊന്നുമനുഭൂതമല്ലെന്നാലും
സതിയവൾ തൻസഹജം വെടിഞ്ഞോളെന്നും,

പരിതാപമേതിനോടൊ പടപൊരുതത്രെ ചെയ്വൂ
പരിചയ്യ തനിക്കെന്നും, പതിക്കു കാണാം.
"അരുതരുതഴലേതുമരുവയർമണിമുത്തേ!
തിരുവുരുമലരെങ്ങോ? ചിതാഗ്നിയെങ്ങോ?
ഏതു പിഴയറിയാതെ ചെയ്തുപോയ് ഞാൻ? അതിന്നെത്ര
പാദപാതശതം വേണം പ്രായശ്ചിത്തമായ്?
പ്രാണനാഥേ! തുറന്നോതു പരമാത്ഥം! ശകാരിക്കു!
വേണമെങ്കിൽ പ്രഹരിക്കു പൊൻതളക്കാലാൽ!"
എന്നുരച്ചുതൻവദനമുറവുനോക്കും പ്രിയനോടു
തന്വിചൊന്നാൾ:—"ഒന്നുമില്ലിതൊന്നുമേയില്ല!
അബലമാക്ക്നിയതം ഹസിതവും രുദിതവും—
അബദ്ധത്തിൽ കരഞ്ഞുപോയ് ചിരിക്കേണ്ടോൾഞാൻ."
എന്നുചൊല്ലിക്കുളിരിളം പുഞ്ചിരിപൂണ്ടന്നകനെ-
സ്സുന്ദരിയാൾ സുഖിപ്പിച്ചാൾ സുകരമായി.
ആ രജനിയത്തരത്തിലങ്ങ് ഗനതന്നകപ്പൂമാ-
ലാരുമാരുമറിയാതെ കഴിഞ്ഞുകൂടി.

## VII

അടുത്തനാളന്തിനേരമരികിൽ വന്നച്ഛൻകണ്ടാൻ
മടുത്തുകും മൊഴിയാളെ മറെറാരു മട്ടിൽ,
കോതിവകഞ്ഞൊതുക്കാത്ത ക്രുന്തലിങ്കലലരില്ല;
പാതിമതിനുതലിങ്കൽ ചാന്തുപൊട്ടില്ല;
കാതിൽ വൈരക്കമ്മലില്ല; കയ്യിൽ മണിവളയില്ല;
കാലിലിളകുയിലൊലിപ്പൊൻചിലമ്പില്ല;
ഹാരമില്ല കഴുത്തിങ്കൽ; കാഞ്ചിയില്ല കടിയിങ്കൽ;
ഹീരരത്നഭൂഷയില്ല നാസികയിങ്കൽ;
ഒട്ടുമൊരുപൊൻനറുക്കിൻ തൊട്ടുതെറിപ്പേററിടാതെ
കെട്ടുമിന്നും കഴുത്തുമായ് കേവലമയ്യോ!
അരിയ തൻമലർമെയ്യിലതിന്നേതുമിണങ്ങാത്ത
വെറുമലവലപ്പഴമ്പുടവ ചുററി
പാട്ടിൽ ചിന്താനിമഗ്നയായ് ഭാമ വാഴ്വൂ മുഖം താഴ്ത്തി-
യേറ്റുകേറി ഗ്രസിക്കുന്നോരിന്ദിരപോലെ.
ചരിതാത്ഥനായിടത്തൻ; തനതോമൽതനയയിൻ
പരിപൂർണ്ണപ്രത്യയത്താൽ പ്രസന്നയായി;

“കൺകളിപ്പിച്ചിയല്വമിക്കാഴ്ചയാൽ ഞാൻ ജയിക്കുന്നേൻ;
എൻകുലത്തിൽ മൃതുനന്മയ്ക്കിടിവില്ലിന്നും.
ഭാമയെന്റെ പൈതലല്ലേ?-ഭാഗധേയത്തിടമ്പല്ലേ?
പാമരൻ ഞാനവളിച്ചോ പാതകമോതി?

ഭാമേ! നിന്നെബ്ഭജിക്കട്ടെ ഭാവുകങ്ങൾ”; എന്നുചൊന്നാൻ
ഭാമയതു പാതി കേട്ടു; പാതി കേട്ടീല.
ജനകനും നടകൊണ്ടാൻ ചിബുകത്തിൻ വെളുപ്പിന്നു
പുനരുക്തിയരുളുന്ന പുഞ്ചിരിതൂകി.

## VIII

വരനുടൻ വന്നുചേർന്നാൻ; വനിതമാർമുടിപ്പൂൺപിൻ
പരവശനിലകണ്ടാൻ; പരിതപിച്ചാൻ.
“കരഞ്ഞാളിന്നലെരാവിൽ കരംനൊന്തെൻ കളവാണി
പരമാർത്ഥമെന്നിൽനിന്നു മറച്ചുവെച്ചാൾ;

നളിനനയന പൂണ്ടാൾ നവവധൂചിതവേഷം;
കുളിരെനിക്കരുളിനാളകതളിരിൽ.
പേർത്തുമിന്നാമട്ടുവിട്ടെൻ പ്രേമധാമമമരുന്നു
ബൌദ്ധസംഘാരാമത്തിലെബ്ഭിക്ഷുണിപോലെ.

മതിഭ്രമമുദിക്കയോ? മറുതതാൻ ഗ്രഹിക്കയോ?
പതിയുടെചിത്തവൃത്തി പരീക്ഷിക്കയോ?
എന്നുചിന്തിച്ചമ്പരക്കും തൻപ്രിയനോടോതിഭാമ
“സുന്ദരമോ ദയിതന്നിശ്ശുദ്ധമാം വേഷം?”

“എന്തുചോദ്യമിതു ഭാമേ? നിൻപ്രിയൻതൻവധു നീയോ?
നിൻതുകിലോ? നിന്നണിയോ? നിൻതിലകമോ?
ശങ്കയെന്തിന്നിത്തരത്തിൽ? തത്വമോർക്കു ഭവതിക്കു
തങ്കമേ! ഞാനെന്നുമെന്നും ദാസാതിദാസൻ.

തമ്പി! നിൻനിരാഭരണസുന്ദരമാം തനുവിതു
മന്നിലേററം ദയിതന്നു മോഹനമല്ലീ?”
എന്നുരച്ചോരുമ്മവച്ചാൻ പങ്കിലമാം തന്മുഖത്തിൽ;
തന്നുടയ ചൊടി കയ്യാൽ തുടച്ചാൻപിന്നെ;

അതിന്നൊന്നും മറുപടിയളിവേണിയരുളാതെ
മൃദുമന്ദസ്മിതസിത വിതറിനിന്നാൾ.
ആയിരവുമപ്പുറവും ചിന്തയവൾക്കുള്ളിലേററി-
യായിരവും ചെന്നു പററിയഹമ്മുഖത്തിൽ.

# IX

അത്തരുണിയെത്രമാത്രമാതിഥേയിയെന്നു കാണ്മാ-
നസ്തമനസന്ധ്യയൊന്നു വീണ്ടുമങ്ങെത്തി.
ജായയും താൻ; പുത്രിയും താൻ; വേണ്ടതെന്തെന്നാങ്ങുമിങ്ങു-
മുഴലാടിക്കളിക്കയാണോമലാൾക്കുള്ളം.

പതിയുടൻ വന്നുചേർന്നാൻ, പടുവൃദ്ധൻ ജനകനും,
പ്രതിപത്തിവിമൂഢതൻ പരിസരത്തിൽ.
ഭൃശമവർ മൂന്നുപേരും വിശദമായ് കേൾക്കുംവണ്ണ-
മശരീരിവാക്കൊന്നപ്പോളവതരിച്ചു.

"ഹിരദത്ത! ഹിരദത്ത! ഹീനമീ നിൻവ്യവസായം;
നീരലർമിഴിയിവളിൽ നീതികേടില്ല.
നിൻെറ ലോകപരിചയം നിഷ്ഫലമായ്ത്തീർന്നുവല്ലോ;
ഹന്ത! നീ നിൻപൂർവ്വവൃത്തം മറന്നുവല്ലോ.

ഒരു മതിമുഖിയാളെസ്സധർമ്മിണിയാക്കിയോൻ നീ;
തരുണിമക്കളിപ്പൊയ്കത്തരണംചെയ്തോൻ
ഏതുമട്ടിൽ നിൻപ്രിയയെയന്നു കാണ്മാൻ കൊതിച്ചു നീ;
ഏതുമട്ടിലവൾ നിനക്കന്തിയിൽ മേവി?

സ്മൃതിധർമ്മം നരഹൃത്തു ശരിവരയ്ക്കുന്നഷ്ടിച്ചാൽ
മതി,യന്നു മഹിയിതു പകുതിനാകം.
തക്ക മാറിത്തോടയാവാം; തോടമാറിക്കമ്മലാവാം;
അക്കണക്കിൽ വരും മാററമല്ലവിഷയം.

കാതണിയാൽ മുഖത്തിന്നു കാന്തിയേറുമെന്ന തത്വ-
മാദരിപ്പൂ പണ്ടുമിന്നും ജായാപതിമാർ.
"അലങ്കുർവ്വീത നിശായാം സദാ ദാരം* പ്രതി"യെന്ന
പഴയ സദുപദേശമാപസ്തംബോക്തം.

അണിയണം പുമാനെന്നായരുളിനാനമ്മഹർഷി
വനിതതൻ കഥയുണ്ടോ വചിപ്പാൻ പിന്നെ?
പഴയതു പുകഴ്ത്തുന്നു; പുതിയതു പഴിക്കുന്നു;
പഴയതും പുതിയതുമറിഞ്ഞിടാത്തോർ.

പഴയതു മരാമര,മിടയിലേതിത്താൾക്കണ്ണി;
പഴയതു കലപ്പുററാൽ പുതിയതായി.
പരസപാംതാൻ കുലകന്യ; ജനിതാവിന്നധികാരം

* 'ദാരം' ആപസ്തംബൻെറ ആർഷപ്രയോഗം

പരിണയത്തോളവും താൻ നിജസുതയിൽ.
വെണ്മതിയും യാമിനിയും വേളികഴിഞ്ഞൊന്നു ചേരു-
മംബരത്തിൽ വാഴ്വീലക്കന്നെഴചിത്ര്യവേദി.
ന്യൂനമവരേതുവിധം ലോകയാത്രചെയ്യതെന്നു
താനുളിഞ്ഞു നോക്കുന്നീലാസ്സഹസ്രപാദൻ.

ഇന്നലത്തെദ്ദിനം തൻെറ സന്തതിയാമിദ്ദിനത്തെ-
ത്തന്നരുവിൽ വളർത്തുകിൽ താഴും തൻവംശം.
ദിനന്തോറുമുദയത്തിൽ ദിനകരനെണതുന്ന
ജനതയിൽ സ്വാദശം ജനിപ്പിക്കുന്നു.

ജീവനററ വകമാത്രം ചീഞ്ഞുമണ്ണിലടിയുന്നു;
ജീവനുള്ളതശേഷവുമുൾഗമിക്കുന്നു.
ഹരിദ്വാരത്തിങ്കൽ ഗംങ്ഗയൊരുമട്ടിലൊഴുകുന്നു;
പരിചിൽ മററൊരുമട്ടിൽ പ്രയാഗയിങ്കൽ;

പല ശാഖാനദികളാം സഖികൾതൻസമാഗമ-
മലമതിന്നകവിരിവരുളിടുന്നു.
പേർത്തും പച്ചപ്പട്ടുടുക്കും യൌവനത്തിൽപിലാവില
വാർദ്ധകത്തിൽ മാത്രം ചാർത്തും കാഷായം മെയ്യിൽ;

'തീർന്നിടേണമിക്ഷണത്തിൽ നീയുമെന്നോടൊപ്പമെന്നു
ശീർണപർണമോതുന്നീല പല്ലവത്തോടായ്.
കാലനേറും കരാളമാം കരിമ്പോത്തിൻ കഴുത്തിലെ
ലോലഘണ്ടാരവമല്ലീ ദത്ത! നീ കേൾപ്പൂ.

ഹാ മറെറന്തു ചെവിക്കിമ്പം നിനക്കിപ്പോൾനിൻകിടാവിൻ
കോമളക്കൈത്തരിവളക്കിലുക്കമെന്ന്യേ?
ഏതുപുരുഷാന്തരവുമായതിൻെറ യോഗക്ഷേമം
സാധിക്കുകിൽ മതി; ഭാവി ഭാവിയെക്കാക്കും.

ബന്ധിക്കൊല്ലേ നാമിന്നത്തെക്കൈയാമത്താൽ നമ്മുടയ
സന്തതിയെസ്സംവത്താദിത്യോദയത്തോളം.
ന്യൂനമയഞ്ഞതു പൊട്ടും തുണ്ടുതുണ്ടായ് കുറേനാളി-
ലാനൃശംസ്യവ്രതമല്ലീ കാലം ചരിപ്പൂ?

പരിണാമകങ്ങളാകും പരിതഃസ്ഥിതികൾക്കൊപ്പം
പരിപാടി ലോകമെന്നും പരിഷ്കരിക്കും"
ഈ മാതിരി വചസ്സിനാൽ ഭാമതൻെറ സുതയല്ല
ജാമാതാവിൻ പ്രിയനെന്നു ധരിച്ചനേരം.

പഴയതിൻ ശത്രുവല്ല പുതിയതെന്നുള്ള തത്വം
കിഴവന്നു ബോദ്ധ്യമായി; സുഖവുമായി.
കാലദേശോചിതമാകും കർമ്മാദ്ധ്വാവിൽ സഞ്ചരിച്ചാർ
ശ്രീലരാമദമ്പതിമാർ ശീലനിധിമാർ.

# ഈജിപ്തിലെ വിദ്യാഭ്യാസം.

(സി. ജി. അനന്തൻപിള്ള ബി. ഏ.)

നമ്മുടെ വിദ്യാഭ്യാസസമ്പ്രദായം അനാശാസ്യമായ ഒരു നിലയിവെത്തിയിട്ടുണ്ടെന്നും, അതു പരിഷ്കരിച്ച് രാജ്യാഭിവൃദ്ധിക്കുതകത്തക്ക വിധത്തിൽ രൂപീകരിച്ചില്ലെങ്കിൽ നമ്മുടെ ഭാവിപൌരന്മാർ നാശഗർത്തത്തിൽ ആണ്ടുപോകുമെന്നും ഉള്ള ബോധം ജനഹൃദയത്തിൽ സാമാന്യം സംജാതമായിട്ടുള്ള ഒരു കാലമാണല്ലൊ ഇത്. ഈ ഘട്ടത്തിൽ ഓരോ രാജ്യത്തിലും നിലവിലിരിക്കുന്ന വിദ്യാഭ്യാസ സമ്പ്രദായങ്ങളെ അവലോകനംചെയ്യുന്നതും അവയിലുള്ള ഗുണദോഷങ്ങളെ മനസ്സിലാക്കുന്നതും നാനാതരത്തിലും നമുക്ക് പ്രയോജനകരമായിത്തീരുമെന്ന് തോന്നുന്നു. ഈ പ്രാവശ്യം ഈജിപ്തിലെ വിദ്യാഭ്യാസസമ്പ്രദായത്തെക്കുറിച്ച് ചുരുക്കത്തിൽ പ്രസ്താവിക്കാം.

ഈജിപ്തിലെ ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായം സൂക്ഷ്മമായി ഗവേഷണം ചെയ്യുകയാണെങ്കിൽ മക്കാളിപ്രഭു എന്തുദ്ദേശത്തോടുകൂടി ഏതുതരത്തിലുള്ള ഒരു വിദ്യാഭ്യാസപദ്ധതി ഇൻഡ്യയിൽ ഏർപ്പെടുത്തിയൊ അതേ ഉദ്ദേശത്തോടുകൂടിയും അതേതരത്തിലുള്ളതുമായ ഒരു വിദ്യാഭ്യാസരീതി തന്നെയാണ് ഇംഗ്ലീഷുകാർ അവിടെയും ഏർപ്പെടുത്തിയിട്ടുള്ളതെന്ന് സ്പഷ്ടമായി മനസ്സിലാക്കാവുന്നതാണ്. അതായത് അവർക്ക് വേണ്ട ഗുമസ്തന്മാരെയും ചെറുതരം ഉദ്യോഗസ്ഥന്മാരെയും സൃഷ്ടിക്കുന്നതിനു പര്യാപ്തമായ ഒരു വിദ്യാഭ്യാസരീതി തന്നെയാണ് അവർ അവിടേയും ഏർപ്പെടുത്തിയിട്ടുള്ളത്. ആംഗ്ലേയരുടെ ആശയങ്ങളോടും വിദ്യാഭ്യാസസമ്പ്രദായങ്ങളോടും ഇൻഡ്യക്കാർ അപരിചിതന്മാരായിരുന്നു കൂടെന്നു മക്കാളിപ്രഭു നിശ്ചയിച്ചിരുന്നു. അതുപോലെതന്നെ ചില രാഷ്ട്രീയോദ്ദേശസാദ്ധ്യങ്ങളെ അടിസ്ഥാനമാക്കി ഇംഗ്ലീഷുകാർ ഈജിപ്ത്കാരുടെ അജ്ഞതയേയൊ ദേശീയത്വ

ത്തേയൊ നിലനിൎത്തിക്കൊണ്ടുപോകുവാൻ ശ്രമിച്ചിരുന്നില്ല. ഇംഗ്ലീഷുകാർ ഈജിപ്തിനെ ആദ്യമായി കൈവശമാക്കിയപ്പോൾ പരിഷ്കൃതമായ ഒരു വിദ്യാഭ്യാസസമ്പ്രദായം സുദൃഢമായി അവിടെ സ്ഥാപിക്കുന്നതിന് സാധിക്കാതെ പോയതു ഭരണതന്ത്രജ്ഞന്മാർ വിദ്യാഭ്യാസനയത്തിൽ കൂടക്കൂടെ വരുത്തിയ മാററങ്ങൾ കൊണ്ടാണെന്ന് അഭിപ്രായപ്പെടുന്ന ചില ആംഗ്ലേയഭരണധുരന്ധരന്മാരും ഇന്നുണ്ട്. അറബിഭാഷയിൽ പഠിക്കുവാൻ വയ്യാത്ത ഒരു ശാസ്ത്രം ഒരിക്കലും ഈജിപ്തുകാർ പഠിച്ചുകൂടാ എന്നുള്ള സ്വദേശാഭിമാനികളുടെ അഭിപ്രായവും അതിനു വേറൊരു വിഘാതമായിത്തീൎന്നു. ഈജിപ്തിലെ ജനസമുദായത്തിന്റെ ഒരു വലിയ വിഭാഗം ഗവൎമ്മെൻറുസേവനത്തെ ശരണീകരിച്ചിരുന്നതുകൊണ്ട് പ്രതിബന്ധങ്ങൾ ഉണ്ടായിരുന്നിട്ടും പാശ്ചാത്യവിദ്യാഭ്യാസത്തിന് പ്രചുരപ്രചാരം ലഭിച്ചു. കൂടാതെ പാശ്ചാത്യ രാജ്യങ്ങളുമായിട്ടുള്ള സംഘട്ടനവും പട്ടണങ്ങളിൽ താമസിച്ചിരുന്ന യൂറോപ്യന്മാരുടെ സാന്നിധ്യവും ഈ വിഷയത്തിൽ സഹായമായിത്തീരുകയാണുണ്ടായതു്.

പാശ്ചാത്യവിദ്യാഭ്യാസം ഈജിപ്തിൽ പാഠശാലകളുടേയും പണ്ഡിതന്മാരുടേയും സംഖ്യയെ വൎദ്ധിപ്പിച്ചിട്ടുണ്ട് എന്നുള്ള സംഗതി വിസ്മരണീയമല്ല. ഗവൎമ്മെൻറു സ്ഥാപനങ്ങളിലെ അധ്യയനരീതി ഇപ്പോൾ തൃപ്തികരവുമായി കാണുന്നുണ്ട്. ഇവിടെയും വിദ്യാഭ്യാസത്തെ പ്രാഥമികം, മധ്യമം, ഉൽകൃഷ്ടം എന്നിങ്ങനെ മൂന്നായി വിഭജിച്ചിരിക്കുന്നു. ഒടുവിലത്തെ വിഭാഗത്തിൽ പെട്ട പാഠശാലകളിൽ നിയമം, വൈദ്യം, എൻജിനിയറിംഗ്, ശുചീകരണം, കണക്കെഴുത്ത്, വാണിജ്യം, കൃഷി മുതലായവയെ സംബന്ധിച്ച അധ്യയനം നൽകുന്നതായി അറിയുന്നു. ഇവ കൂടാതെ സാങ്കേതികവിദ്യാലയങ്ങളും ജനോപകാരാൎത്ഥം അവിടെ സ്ഥാപിച്ചിട്ടുണ്ട്. അവിടെ ഈജിപ്തുകാരുടെ കലകളേയും കൈത്തൊഴിലുകളേയും പററിയാണ് പഠിപ്പിക്കുന്നതു്. പോലീസുകാരെ പരിശീലിപ്പിക്കുന്നതിനു വേണ്ട വിദ്യാലയങ്ങളും അവിടെ സ്ഥാപിച്ചിട്ടുണ്ട്. ഈ പാഠശാലകളെല്ലാം ഗവൎമ്മെൻറിന്റെ അധീനതയിലാണ്. സ്ത്രീകളുടെ ഇടയിലും വിദ്യാഭ്യാസം പ്രചരിച്ചുവരുന്നുണ്ട്. ചില പ്രാഥമിക വിദ്യാലയങ്ങളും, പരിശീലനവിദ്യാലയങ്ങളും, വ്യവസായപാഠശാലകളും, വാണിജ്യ വിദ്യാലയങ്ങളും, കാൎഷികവിദ്യാലയങ്ങളും തദ്ദേശീയ ഭരണസഭകളുടെ കീഴിലാണ്.

വിദ്യാഭ്യാസ ഡിപ്പാൎട്ടുമെൻറിൽ പുതുതായി ഇറക്കുമതി ചെയ്തിട്ടുള്ള യൂറോപ്യൻ അധ്യാപകന്മാരുടെ സാന്നിധ്യവും, വിദ്യാഭ്യാസരീതികളും വിദ്യാലയങ്ങളുടെ സ്ഥിതിയെ അഭിവൃദ്ധിപ്പെടുത്തിയിട്ടുണ്ട്. വിദ്യാൎത്ഥികൾ അനവധി ഭാഷകൾ പഠിക്കണമെന്നുണ്ടായിരുന്ന മുമ്പിലത്തെ ഏൎപ്പാ

ട്ടും ഇപ്പോൾ തിരസ്കൃതമായിരിക്കുന്നു. ഇപ്പോൾ സ്വന്തഭാഷ കൂടാതെ ഇംഗ്ലീഷും ഫ്റഞ്ചും മാത്രം പഠിച്ചാൽ മതി. ചരിത്രം, ശാസ്ത്രം മുതലായ വിഷയങ്ങൾ പഠിപ്പിക്കുന്നതും ഈ ഭാഷകളിലാണ്. ഈജിപ്തിൽ അദ്ധ്യാപകന്മാരുടെ സംഖ്യ വർദ്ധിക്കുമ്പോൾ ഉൽകൃഷ്ട വിദ്യാഭ്യാസം ഇപ്പോഴത്തെക്കാൾ കൂടുതലായി അറബിഭാഷ മുഖാന്തിരം നടത്തപ്പെടുമെന്നുവേണം വിചാരിക്കുവാൻ. അനവധി ഈജിപ്തുകാർ യൂറോപ്പിലെ സാഹിത്യത്തിലും ശാസ്ത്രങ്ങളിലും നൈപുണ്യം സമ്പാദിക്കുകയും അവയിൽ യുക്തിവാദം ചെയ്യുന്നതിനു പരിശീലിക്കുകയും ചെയ്തിട്ടുണ്ട്.

ഗവമ്മെൻറു വിദ്യാലയങ്ങൾ കൂടാതെ മഹമ്മദീയർ, ഹീബ്രുവർഗ്ഗക്കാർ, ക്രൂസ്ത്യാനികൾ മുതലായ ജാതിക്കാർ നടത്തപ്പെടുന്ന പാഠശാലകളും ഈജിപ്തിൽ കാണുന്നുണ്ട്. സാഹിത്യസംബന്ധമായും, ശാസ്ത്രവിഷയകമായും, തത്വശാസ്ത്രസംബന്ധമായും ഉപരിപരിജ്ഞാനം നൾകുന്നതിനായി ഫൻറവ്വൽ ഈജിപ്തിലെ ദേശീയ പ്രവർത്തക പ്രധാനികൾ ഒരു ദേശീയ സർവകലാശാല സ്ഥാപിക്കുകയുണ്ടായി. എന്നാൽ രാഷ്ട്രീയ വിഷയങ്ങളും മതവിഷയങ്ങളും അവിടെ പഠിപ്പിച്ചുകൂടതെ. വർഗ്ഗീയമായൊ മതസംബന്ധമായൊ ഉള്ള അനൈക്യത അവിടെ കുറവാണ്.

രാജ്യത്തിൻെറ നാനാഭാഗങ്ങളിലായി ഓരോ ഗ്രാമങ്ങളിലും 'കുട്ടബ്സ്' എന്നു പേരുള്ള നാനാതരത്തിലുള്ള പ്രാഥമിക പാഠശാലകൾ സ്ഥാപിച്ചിട്ടുണ്ട്. ഇവ മിക്കതും മഹമ്മദീയ ദേവാലയങ്ങളോടു സംഘടിപ്പിച്ചിട്ടുള്ളവയാണ്. പരിശോധന, സഹായധനം മുതലായവകൊണ്ട് ഇവയെ വിദ്യാഭ്യാസഡിപ്പാട്ടുമെൻറിൻെറ കീഴിലാക്കുവാൻ ഭരണാധികാരികൾ ശ്രമിച്ചുവരുന്നു. മതപാഠം കൂടാതെ എഴുത്തും, വായനയും, കണക്കും അഭ്യസിപ്പിക്കുകയും, വിദ്യാലയങ്ങൾക്കു തൃപ്തികരമായ യോഗ്യത ഉണ്ടാക്കുകയും ചെയ്താൽ മാത്രമെ അവയ്ക്കു സഹായധനം ലഭിക്കുകയുള്ളൂ. ഇത്തരത്തിൽ ഏകദേശം ൩൨൦൦ വിദ്യാലയങ്ങളും അവിടെ ൬൦൦൦ അദ്ധ്യാപകന്മാരും ൨൦൦൦൨൦ വിദ്യാത്ഥികളുമുണ്ട്. ഈ വിദ്യാലയങ്ങൾ ജനതാമദ്ധ്യത്തിൽനിന്നും അജ്ഞതയെ ദൂരീകരിക്കുന്നതിനും ജനങ്ങളിൽ രാഷ്ട്രീയാഭിപ്രായം സൃഷ്ടിക്കുന്നതിനും സഹായിച്ചിട്ടുണ്ടെന്നുള്ള വസ്തുത പ്രത്യേകം പ്രസ്താവയോഗ്യമത്രെ. മഹമ്മദീയ വിദ്യാഭ്യാസത്തിൻെറ ഒരു പ്രധാന കേന്ദ്രം 'കയറൊ' ആണ്. അവിടത്തെ സുപ്രസിദ്ധമായ 'അൽ അസാർ സർവകലാശാലയെ' പൌരസ്ത്യലോകത്തിലെ ഒന്നാമത്തെ സർവകലാശാലയായി ഗണിച്ചുവരികയും ചെയ്യുന്നുണ്ട്. ഈജിപ്തിലെ സാമാന്യ വിദ്യാഭ്യാസരീതിയെ ഉയത്തുന്നതിനു ഇതു ഉപയുക്തമായിത്തീരുകയില്ലെന്നു കണ്ടതുകൊണ്ട് ഇംഗ്ലീഷുകാർ അതു മഹമ്മദീയക്കായിട്ടുതന്നെ വിട്ടുകൊടു

ത്തിരിക്കയാണ്. മഹമ്മദീയ ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും അവിടെ വരുന്ന അധ്യേതാക്കളുടെ സംഖ്യ ൪൦൦൦൦ ആകുന്നു. അവരിൽ ൮൦൦൦ പേരോളം ആ വിദ്യാലയത്തോടടുത്തുതന്നെ താമസിക്കുന്നവരാണ്. അവർ ഫീസുകൊടുക്കുകയൊ അവിടത്തെ പ്രാസംഗികന്മാർ ശമ്പളംവാങ്ങുകയൊ ചെയ്യുന്നില്ല. രഹസ്യമായി പഠിപ്പിച്ചും. ഗ്രന്ഥങ്ങൾ പകത്തിയും, കൊറാൻ ചൊല്ലിയുമാണ് അവിടത്തെ പണ്ഡിതന്മാർ കാലയാപനം ചെയ്യുന്നതു്. വ്യാകരണം, കാവ്യം, കവിതാനിർമ്മാണം, തക്കം, മതം, നിയമം, കണക്ക്, മുതലായവയാണ് അവിടത്തെ പ്രധാന അധ്യയനവിഷയങ്ങൾ. അധ്യാപകന്മാരുടെ പരിശീലനത്തിനുള്ള ഉന്നതവിദ്യാലയത്തിൽ കണക്ക്, സാഹിത്യം, ശാസ്ത്രം മുതലായവയെ സംബന്ധിച്ച അഭ്യസനം നൽകിവരുന്നുണ്ട്. ഇതു് ൯൭൫ ലാണ് സ്ഥാപിച്ചതു്. ൪൦൦ അധ്യാപകന്മാരും, ൧൨൦൦൦ അധ്യേതാക്കളുമുള്ള ഒരു സർവകലാശാല 'ടാൻറ' എന്ന സ്ഥലത്തു് ഒരു പള്ളിയോടു് സംഘടിപ്പിച്ചു് സ്ഥാപിച്ചിട്ടുണ്ട്. ഇവ കൂടാതെ വേറെ സർവകലാശാലകളും ഉണ്ട്.

ഈജിപ്തിൽ ആരംഭിച്ച പാശ്ചാത്യവിദ്യാഭ്യാസം അറബിസാഹിത്യത്തിലെ വിജ്ഞാനോദ്ധാരണത്തിന് ഇടയാക്കിത്തീർത്തിട്ടുണ്ട്. മഹമ്മദമതത്തേയും, മഹമ്മദീയചരിത്രത്തേയും, സംബന്ധിച്ചഗ്രന്ഥങ്ങൾ നൂതനമായി വളരെ വൎദ്ധിച്ചിട്ടുണ്ട്. അറബിഭാഷയിലുള്ള പത്രങ്ങളുടേയും, മാസികകളുടേയും സംഖ്യയും വൎദ്ധിച്ചുവരുന്നു. അവ ജ്ഞാനപോഷണത്തിനും ജ്ഞാനാന്വേഷണത്തിനും ജനങ്ങളുടെ ആവശ്യസാധ്യത്തിനും പൎയ്യാപ്തങ്ങളായി ഭവിക്കുന്നു. ഇതോടുകൂടിത്തന്നെ ദേശീയപ്രസ്ഥാനസംബന്ധമായി പ്രാബല്യമുള്ള ചില പത്രങ്ങളും ആരംഭിച്ചിട്ടുണ്ട്. ആകപ്പാടെ ഒരു ദേശീയോദ്ധാരണം അവിടെ ഉണ്ടായി കാണുന്നു. മാതൃഭാഷയിൽ ഉയന്ന വിദ്യാഭ്യാസം നൽകണമെന്നുള്ള അഭിപ്രായവും നാൾക്കുനാൾ വൎദ്ധിച്ചുവരികയാണ്. ഇൻഡ്യയിലേയും ഈജിപ്തിലേയും പാശ്ചാത്യവിദ്യാഭ്യാസസമ്പ്രദായത്തേയും തന്മൂലമുണ്ടായിട്ടുള്ള ഫലങ്ങളേയും താരതമ്യം ചെയ്തു നോക്കേണ്ട ഭാരം വായനക്കാൎക്കായി വിട്ടുകൊള്ളുന്നു.

## ശ്രീ ചിത്തിരതിരുനാൾ മംഗളം.

വിദ്യാഭ്യാസംകഴിഞ്ഞു, നൃപനുഗുണഗണം വേണ്ടതെല്ലാംതികഞ്ഞു,
ഹൃദ്യാനന്ദംനിറഞ്ഞു, ജഗതിജനതതിക്കാനനാബ്ജംവിരിഞ്ഞു
സദ്യോവന്നിങ്ങണഞ്ഞൂ, നൃപനുടെതിരുനാൾപുഞ്ചിരിപൂവണിഞ്ഞു,
ഖദ്യോതാംശുപ്രതാപൻനൃപപദമചിരാൽ പ്രാപ്യദിഷ്ട്യാൽപ്രകാമം.

"ഗുരുനാഥൻ"

നാൾതോറുംവളരുന്നരാജകലയും, സൌഭാഗ്യസമ്പത്തിയും,
ശ്രീകോലുംനവയൗവനപ്രസരവും, ശ്രീശാർങ്ഗിസംസക്തിയും,
പീയൂഷംചൊരിയുന്നദാരകരവുംസൌജന്യവുംചേർന്നീഴും
ഭൂലോകാനനകൈരവേന്ദു, നിതരാം, "ശ്രീചിത്രജൻ" ഭാസതാം.

ആർ ഈശ്വരപിള്ള ബി. എ.

## പുസ്തകാഭിപ്രായം.

### 1 സമുദാചാരവിചാരം.

ഗ്രന്ഥകർത്താവ്; എം. രാജരാജവർമ്മതമ്പുരാൻ എം. എ., ബി. എൽ.

വില 0—6—0

സമുദായാചാരങ്ങൾ വിധികല്പിതങ്ങളല്ല; അവയും മനുഷ്യസൃഷ്ടങ്ങളത്രെ. ഒരു സമുദായം, ഒരു കാലത്തുതന്നെ ആചാരനടപടികളിൽ വ്യത്യസ്തപ്പെട്ടു കാണുന്നുണ്ട്. പിന്നെ വിവിധസമുദായങ്ങളുടെ കഥ പറയാനുമില്ലല്ലൊ. സമുദായാചാരങ്ങൾ നടപ്പിൽവരുന്നതു ഓരോ സമുദായങ്ങളുടെ സുസ്ഥിതിയെ പരിഗണിച്ചാണ്. എന്നാൽ കാലം ചെല്ലുന്തോറും വ്യക്തിസ്വാതന്ത്ര്യം വർദ്ധിച്ചും, സമുദായജീവിതത്തിൽ ചില പരിവർത്തനങ്ങൾ ഉണ്ടായിക്കൊണ്ടും ഇരിക്കുന്നു. അപ്പോൾ കാലാനുകൂലമായ ആചാരപരിഷ്കാരവും ആവശ്യമായിത്തീരാറുണ്ട്. ഒരു കാലത്തെ ആചാരങ്ങൾ അക്കാലത്തെ സ്ഥിതിക്ക് എത്ര ഗുണഭൂയിഷ്ടമായിരുന്നാലും അതുത

ന്നെ പിൽക്കാലത്തു ദോഷഹേതുകമായും കണ്ടുവരാറുണ്ട്. ദോഷങ്ങളായിട്ടുള്ളവയെ ത്യജിച്ച് ഗുണകരമെന്നു തോന്നുന്നവയെ സ്വീകരിക്കയാണുത്തമം. കാലാനുസൃതമായ മാററങ്ങൾ വരുത്തുന്നതിൽ ഭയപ്പെടാനൊന്നുമില്ല. പാശ്ചാത്യപരിഷ്കാരക്കൊടുങ്കാററു ഭയങ്കരമായി ഭാരതഭൂമിയിലും അടിച്ചുകൊണ്ടിരിക്കുന്നു. അതിൻെറ ശക്തികൊണ്ട് അടിമറിഞ്ഞു നമ്മുടെ പല നല്ല ആചാരങ്ങളും പ്രാചീനങ്ങളെന്നു പറഞ്ഞു് പരിത്യജിച്ചിട്ടുണ്ട്. നവീനങ്ങളായ പലതും സ്വീകരിക്കയും ചെയ്യുന്നു.

അതുകൊണ്ടു പാശ്ചാത്യപൌരസ്ത്യദേശങ്ങളിലുള്ള ആചാരങ്ങളെ ചൂണ്ടിക്കാണിക്കയും അവയിലുള്ള ഗുണദോഷങ്ങളെ വ്യക്തമാക്കുകയും ചെയ്യുന്ന ഇത്തരം ഒരു പ്രസിദ്ധീകരണം കാലസ്ഥിതിക്ക് അത്യാവശ്യമായിത്തീൎന്നിരിക്കുന്നു. ഇതും ഗുരുനാഥനിൽ ഖണ്ഡശഃപ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. "അവശ്യങ്ങളെ കൈക്കൊണ്ട് പരിഹാൎയ്യങ്ങളെ വെടിഞ്ഞു്, പാരമ്പൎയ്യസിദ്ധമായ വൈശിഷ്ട്യത്തെ പ്ലവകംഭമായി കെട്ടിമുറുക്കി ലോകയാത്രാൎണ്ണവത്തിൻെറ തിരതള്ളി കരപിടിക്കുന്നതത്രെ ബുദ്ധിമൽകൃത്യം" എന്നു് ഗുരുനാഥനും സമ്മതിക്കുന്നു. ലോകത്തിൻെറ നാനാഭാഗത്തും നിവസിക്കുന്ന വിവിധസമുദായങ്ങളുടേയും പല ആചാരങ്ങളും നടപടികളും ഗ്രന്ഥകൎത്താവു തന്മയത്വത്തോടുകൂടിയും ഫലിതസമ്മിശ്രമായും ഇതിൽ വൎണ്ണിച്ചിട്ടുണ്ട്. ഇടക്കിടക്ക് പല സമുദായതത്വങ്ങളും ഉപദേശിക്കുന്നുമുണ്ട്. അതുകൊണ്ട് ഉൽപതിഷ്ണുക്കൾക്കും യാഥാസ്ഥിതികന്മാൎക്കും പരിഷ്കാരികൾക്കും അല്ലാത്തവൎക്കും രസികന്മാൎക്കും എന്നുവേണ്ട എല്ലാവൎക്കും ഗ്രഹിക്കാനും പ്രവൎത്തിക്കാനും ഉള്ള പല നല്ല കാൎയ്യങ്ങളും ഇതിൽ കാണാനുണ്ട്.

ഗ്രന്ഥകൎത്താവായ തമ്പുരാന് ശാസ്ത്രഗ്രന്ഥങ്ങൾ എഴുതാനുള്ള സാമൎത്ഥ്യം ഒന്നു പ്രത്യേകമാണെന്നു ഞങ്ങൾക്കു പലപ്പോഴും തോന്നീട്ടുള്ളതാണ്. അനുകരണീയമായ ഒരു ഗദ്യരീതികൊണ്ടു കേരളീയൎക്കു സുപരിചിതനായി തീൎന്നിട്ടുള്ള സി. അച്യുതമേനോൻ അവൎകൾ (വിദ്യാവിനോദിനി പത്രാധിപർ) ശമിച്ച അഗ്നിപൎവതംപോലെ സ്ഥിതിചെയ്തശേഷം, ഈദൃശമായ വിഷയങ്ങളെപ്പററി ലളിതമായ ഭാഷയിൽ ശക്തിയോടുകൂടി പ്രതിപാദിക്കാൻ തക്ക കെല്പുള്ളവർ കേരളത്തിൽ അധികംപേരുണ്ടെന്നു ഞങ്ങൾക്കു തോന്നിയിട്ടില്ല. ഈ മാന്യഗ്രന്ഥകാരനിൽനിന്നും ഭാഷക്ക് അനൎഘങ്ങളായ പല സമ്പത്തുകളും ലഭിക്കുന്നതിന്നു വേണ്ട ആയുസ്സും തേജസ്സും കൈരളീദേവിതന്നെ അദ്ദേഹത്തിനു പ്രദാനംചെയ്യട്ടെ!

## 2 സാഹിത്യമാലിക

(മൂന്നാംഭാഗം)

ഗ്രന്ഥകത്താവ്; ഇളംകുളം കുഞ്ഞൻ പിള്ള

പ്രസാധകൻ; അംശി നാരായണപിള്ള, തിരുവനന്തപുരം;

വില 0—10—0

ഇളംകുളം മിസ്റ്റർ കുഞ്ഞൻപിള്ള ചില പ്രസംഗവേദികളിലേക്കും മാസികകളിലേക്കും വേണ്ടി രചിച്ചിട്ടുള്ള, കാവ്യകല, ഭാരതീയ നാടകോൽപത്തി, സാഹിത്യവും സമുദായവും, അലങ്കാരവും കവിതയും എന്നിങ്ങനെയുള്ള നാലു ചെറുപ്രബന്ധങ്ങളാണു ഈ സാഹിത്യമാലയിൽ അടങ്ങിയിരിക്കുന്നത്. മനസ്സിന്റെ സംസ്കരണത്തിനും നിർമ്മലീകരണത്തിനും ഒരു മഹൗഷധമാണ് ഉത്തമസാഹിത്യപഠനം. അതിനൊരുങ്ങുന്ന വിദ്യാർത്ഥികൾക്ക് ഒരുകരാവലംബവും മാർഗ്ഗദർശകവുമായി ഭവിക്കണമെന്നുള്ളതാണ് പ്രസ്തുതമാലികയുടെ പ്രസിദ്ധീകരണത്തിനു തൽകത്താവിനെ പ്രേരിപ്പിച്ചിട്ടുള്ളത്. ഗ്രന്ഥകത്താവിന്റെ ആ ആകാംക്ഷ യഥാശക്യം നിർവഹിച്ചിട്ടുണ്ടെന്നുള്ളതിൽ പക്ഷാന്തരത്തിനവകാശം കാണുന്നില്ല. "സാഹിത്യകലയുടെ ചില മൂലതത്വങ്ങളെ" പററി പ്രസംഗതരംഗിണീദ്വാരേണ നിരൂപിച്ചിട്ടുള്ള പി. കെ. അഭിപ്രായപ്പെട്ടിട്ടുള്ളതുപോലെ സാഹിത്യത്തിന്റെ വിവിധ ശാഖകളേപ്പററിയും സമഗ്രമായി ഇതിൽ പ്രതിപാദിച്ചിട്ടില്ലെങ്കിലും അതു പ്രസ്തുത ഗ്രന്ഥത്തിനു ഒരപകഷ്മായി ഭവിക്കുമെന്നും തോന്നുന്നില്ല. വിജ്ഞാനസമ്പത്തും വിചാരസമ്പത്തും പ്രതിനിമിഷം വർദ്ധിച്ചുവരുന്ന ഇക്കാലത്തു സമഗ്രമായ ഒരു വിഷയപ്രതിപാദനം പ്രായേണ അശക്യമായി ഭവിക്കാനെ തരമുള്ളുവല്ലൊ. ഏതായാലും വിദ്യാർത്ഥികൾക്കു പ്രയോജനകരമായിത്തീരാവുന്ന ഇത്തരം പ്രസിദ്ധീകരണങ്ങൾക്ക് ഞങ്ങൾ സസന്തോഷം സ്വാഗതം പറഞ്ഞുകൊള്ളുന്നു.

---

## 3 വസുധ

(ഒരു പുതിയ ഖണ്ഡകാവ്യം)

ഗ്രന്ഥകത്താവ്; പേരുക്കട എം. കൊച്ചപ്പൻ. നാവായിക്കുളം

വില 9 ചക്രം

പെരുക്കട മിസ്റ്റർ കൊച്ചപ്പൻ ഈ 'വസുധ' ഒരു ഇംഗ്ലീഷുകഥയുടെ ഛായയെ അനുകരിച്ച് നിർമ്മിച്ചിട്ടുള്ളതാണ്; കവികൾ ഛായാപഹാരികളുമാകുമല്ലൊ. അതിസുന്ദരിയെങ്കിലും അഹ

ങ്കാരിണിയായ ഒരു രാജപുത്രി, വിവാഹത്തിന വരുന്ന വരന്മാരെയെല്ലാം കുറവും കുറവും പറഞ്ഞാക്ഷേപിക്കുക പതിവായിരുന്നു. തന്നിമിത്തം വിഷമിച്ച പിതാവ്, തന്റെ ശപഥപ്രകാരം, കൊട്ടാരത്തിൽ വന്ന ഒരു പിച്ചക്കാരന് അവളെ പിടിച്ചുകൊടുത്തു. വളഞ്ഞ താടിക്കാരനെന്നാക്ഷേപിക്കപ്പെട്ട ഭിക്ഷുഃവേഷധാരിയായ ഈ രാജാവ് അവളുടെ ഗർവ്വെല്ലാം ശമിപ്പിച്ച് യഥാകാലം വിവാഹംചെയ്തതാണ് ഈ ഖണ്ഡകാവ്യത്തിലെ വർണ്ണ്യവിഷയം വരാന്വേഷണംചെയ്തു വിഷമിക്കുന്ന മാതാപിതാക്കളുടെ, അഹംകാരിണികളായ പുത്രികൾക്ക് –നിത്യകന്യകമാൎക്ക്– ഈ ഖണ്ഡകാവ്യം ഒരു ദൃഷ്ടാന്തപാഠമായിഭവിക്കാം. കുമാരനാശാന്റെ "കാലടികളെപിൻതുടൎന്ന്" സാഹിത്യാംഗത്തിൽ സഞ്ചരിച്ചു തുടങ്ങീട്ടുള്ള മിസ്റ്റർ കൊച്ചപ്പൻ സാമാന്യം വാസനയുള്ള ഒരു യുവകവിയാണെന്ന് ഈ ഖണ്ഡകാവ്യത്തിലെ പല നല്ല പദ്യങ്ങളും തെളിയിക്കുന്നു.

"താൻകാന്തനിൽക്കണ്ട വെറും കറുപ്പു
മായുന്നു; ഗർത്തങ്ങൾ നികന്നിടുന്നു;
അടഞ്ഞിടുന്നൂ വിടവൊക്കെ; നോക്കിൻ
മനസ്സുകാട്ടുന്ന മഹേന്ദ്രജാലം!"

ഇതു മേൽപറഞ്ഞ നല്ല പദ്യങ്ങളിൽ ഒന്നാണ്. കാവ്യകൎത്താവിന ഞങ്ങൾ സൎവ്വമംഗളങ്ങളും ആശംസിക്കുന്നു.

## 4 ഭാരതമാതാവേ!

ഗ്രന്ഥകൎത്താവ്:— മാത്തുപ്പിള്ളി ഗോവിന്ദമേനോൻ
പ്രസാധകൻ:— എം. കെ. നാരായണമേനോൻ
ബി. ഏ. ബി. എൽ. വക്കീൽ എറണാകുളം
വില 4 അണ

"വിദ്യാൎത്ഥികളെ യഥാൎത്ഥപൌരന്മാരാക്കിത്തീൎക്കത്തക്കവണ്ണം വിദ്യാഭ്യാസരീതി പരിഷ്കരിക്കണമെന്നു ഭാരതമാതാവിന്റെ ഉൽഗതിയിൽ ഉത്സുകരായ സകലരോടുമുള്ള ഒരു വിനീതപ്രാൎത്ഥനയായിട്ടാണ് ഈ കൃതി സജ്ജനസമക്ഷം" ഗ്രന്ഥകൎത്താവു സമൎപ്പിച്ചിരിക്കുന്നതു്. കേകവൃത്തത്തിൽ രചിച്ചിട്ടുള്ള ഈ ഖണ്ഡകൃതിയിൽ ഭാരതത്തിന്റെ പുരാതനമഹിമയേയും അതിന്റെ ഇന്നത്തെ ദയനീയാവസ്ഥയേയും ഹൃദയസ്പൃക്കാകുംവണ്ണം വൎണ്ണിക്കുന്നതോടുകൂടി, ഇന്നത്തെ അധഃപതനത്തിൽ നിന്നും മോചനം സിദ്ധിക്കുന്നതിനുള്ള ചില മാൎഗ്ഗങ്ങളേയും ചൂണ്ടിക്കാണിക്കുന്നുണ്ട്. ആദിമുതൽ അന്തംവരെ ഉദ്വേഗജനകമായ ഈ കവിത ദേശാഭിമാനത്തെ ഉത്തേജിപ്പിക്കുന്നതിനു പൎയ്യാപ്തമായ ഒന്നാണെന്നാണ് ഞങ്ങളുടെ അഭി

പ്രായം. കവിതാപ്രവാഹത്തിന് തടസ്സം നേരിട്ടിട്ടുള്ള ചില ഭാഗങ്ങളും പ്രസ്തുതകൃതിയിൽ ഇല്ലാതില്ല.

കണ്ണുകൾ തുറക്കാത്ത പീളക്കുഞ്ഞുങ്ങൾ മുല
യുണ്ണുവാൻ കേൺകേണു നിശ്ശബ്ദരായീടുന്നു!
കൈതവമെന്തെന്നറിഞ്ഞീടാത്തീയധഃകൃത-
പ്പൈതങ്ങൾ വിശപ്പഹോ! സഹിപ്പാൻ കഴിയാഞ്ഞു
പാണിപാദങ്ങളിട്ടുതല്ലിയു മുരുണ്ടും ഹാ!
കാണികൾക്കും പ്രാണദണ്ഡമാതകാണുന്നതായേ!!
കഞ്ഞിക്കും ഗതിയില്ലാതുള്ളവർപോലും തങ്കെ
കുഞ്ഞിനെ, യെന്തുതന്നെ ചെയ്തിട്ടും രക്ഷിക്കുന്നു!
ശിശുവെപ്പോററാൻ സാധിക്കാതുള്ള പെററമ്മതൻ
അശ്രുഭസ്ഥിതിയോളം ഘോരമായെന്തുണ്ടമ്മേ!

ഇങ്ങനെയുള്ള ഭാഗങ്ങൾ വായനക്കാരുടെ ശ്രദ്ധയെ ഹഠാൽ ആകർഷിക്കുന്നതാണ്. ഇന്നത്തെ യുവജനങ്ങൾ ഈ കവിത വായിക്കേണ്ടതാണെന്ന് അഭിപ്രായപ്പെടുവാൻ ഞങ്ങൾക്കു സന്തോഷമുണ്ട്. ഇത്തരം കൃതികൾ കൊണ്ടു കവി മേലിലും കൈരളീദേവിയെ ആരാധിക്കട്ടെ!.

## ഉദ്ധാരണങ്ങൾ.

### സർവ്വകലാശാല ഇടിച്ചുനിരത്തണം.

പ്ലിമൌത്തിൽ ഒരു വിദ്യാർത്ഥിമന്ദിരം ഉൽഘാടനം ചെയ്ത അവസരത്തിൽ സുപ്രസിദ്ധനായ ബർനാഡ്ഷാ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:—

"സർവ്വകലാശാലാഭ്യസനം പരിഷ്ക്കാരത്തെ നശിപ്പിക്കുന്നു എന്നുള്ളതു് എനിക്കു ബോധ്യം വന്നിരിക്കുന്നു. കുറെക്കാലമായി നല്ല ഭരണരീതിയേയും ജനങ്ങളുടെ ജീവിതത്തേയും അസാദ്ധ്യമാക്കിവരുന്നതു് ഈ അഭ്യസനമാണ്. എങ്കിലും അതിന് ഗുണവുമുണ്ടു്. ഈ നാട്ടിൽ രണ്ടുതരം ജനവർഗ്ഗങ്ങളാണുള്ളതു്. അവർ സർവ്വകലാശാലാഭ്യസനം സിദ്ധിച്ചവരും നാവികരും ആകുന്നു. ഇവരിൽ നാവികരുടെ മര്യാദാസമ്പ്രദായങ്ങളാണ് ഉത്തമങ്ങളായിട്ടുള്ളതു്. എന്തുകൊണ്ടെന്നാൽ അവർ വിദ്യാഭ്യാസത്തിൽനിന്നും രക്ഷപെട്ടിട്ടുള്ളവരാണ്. സാധാരണമായ സമുദായാചാരങ്ങളും, ഭാ

ഷയും ഒഴിച്ചാൽ ഇരുകൂട്ടരും തുല്യരാണ്. ഒരു സർവ്വകലാശാലയിലെ വിദ്യാഭ്യാസംകൊണ്ട് ഒരുവന്റെ ബുദ്ധിശക്തിക്കു വലിയ ദോഷം നേരിടുന്നു. അയാൾക്ക് സ്വയം ചിന്തിക്കുവാനുള്ള ശക്തി ഇല്ലാതായിത്തീരുന്നു. ഞാൻ സർവ്വകലാശാലക്കാരുമായി ചേർന്ന് ഒട്ടധികം പ്രവർത്തിച്ചിട്ടുണ്ട്. സർവ്വകലാശാലാഭ്യസനം ലഭിച്ചിട്ടുള്ള ഒരുവന്റെ മനസ്സിൽ അജ്ഞാനത്തേക്കാൾ കഷ്ടമായിട്ടുള്ള എന്തോ ഒന്നു കടന്നുകൂടുന്നു. മനസ്സിന്ന് ദോഷം തട്ടിയിട്ടും ഈ കൂട്ടർക്ക് എന്താണു ചില ഗുണങ്ങൾ സിദ്ധിക്കുന്നത് എന്നു ചോദിച്ചേക്കാം. കാരണം നാവികരെപ്പോലെ അവരും സാമുദായികജീവിതം നയിച്ചതുകൊണ്ടാണ്. അതുകൊണ്ട് ആ ജീവിതത്തെ നിഷ്കാസനം ചെയ്യുവാൻ എനിക്ക് ഇഷ്ടമില്ല.

വിദ്യാർത്ഥിമന്ദിരം ആണ് സർവ്വകലാശാലയുടെ ഗുണമെന്നു തോന്നുന്നതുകൊണ്ടാണു ഞാൻ ഇത് ഉൽഘാടനം ചെയ്യുവാൻ എത്തിയിട്ടുള്ളത്. എന്നോട് ഒരു പള്ളിക്കൂടം ഉൽഘാടനം ചെയ്യുവാൻ മാത്രം പറഞ്ഞിരുന്നെങ്കിൽ, ഞാൻ വാതൽപൂട്ടി താക്കോൽ പടിക്കുപുറത്ത് എറിഞ്ഞേനെ. സർവ്വകലാശാലകളിൽ സ്വഭാവരൂപവൽക്കരണത്തിനായി നന്മനസ്സോടുകൂടി വളരെ പ്രവർത്തിക്കുന്നുണ്ട്. ഇക്കാര്യത്തിൽ ഫലം ദോഷരൂപത്തിൽ കാണപ്പെടുന്നു. രഞ്ജനയില്ലാത്ത ഒരുതരം സ്വഭാവമാണു കാണുന്നത്.

വിദ്യാഭ്യാസത്തെ നമുക്കു ശരിയായിരൂപവൽക്കരിക്കാം. ആദ്യമായി വിദ്യാഭ്യാസത്തെ കേന്ദ്രീകരിക്കാതിരിക്കണം. പ്ലിമൌത്തിലൊ മററു വല്ലേടത്തൊ ഉള്ളവർ തങ്ങളുടെ കുട്ടികളെ ആക്സ്ഫോർഡിലൊ കേംബ്രിഡ്ജിലൊ അയക്കാതിരിക്കട്ടെ. അവിടത്തെ കെട്ടിടങ്ങൾ മനോഹരങ്ങളെങ്കിലും ബഹുമാനം തോന്നാത്ത ആ സ്ഥാപനങ്ങളെ ഇടിച്ചുനിരത്തി അസ്ഥിവാരം തോണ്ടുക. ഇടിച്ചുനിരത്തുവാൻ വിഷമമാണെങ്കിൽ മാനസികമായി ദോഷം സംഭവിച്ചിട്ടുള്ളവരുടെ ആതുരശാലകളാക്കുക. അവയുടെ സ്ഥാനത്തു പ്രാദേശികസർവ്വകലാശാലകൾ സ്ഥാപിക്കണം."

ബർനാഡ്ഷായുടെ ഈ അഭിപ്രായത്തെ പല സർവ്വകലാശാലാ പ്രവർത്തകന്മാരും ആക്ഷേപിക്കുകയുണ്ടായി. "അദ്ദേഹം പറഞ്ഞതു കാര്യമായി വിചാരിക്കേണ്ട," "അദ്ദേഹം പറയുന്നതു വിഡ്ഢിത്തമാണ്" എന്നൊക്കെയാണു അവരിൽ ചിലരുടെ അഭിപ്രായം.

## അംഗഭംഗം വന്നവർക്കുള്ള വിദ്യാലയങ്ങൾ

പ്രസ്തുതവിഷയത്തിൽ ഇംഗ്ലണ്ട് എന്താണു ചെയ്യുന്നത് എന്നുള്ളതിനെപ്പററി മിസ്സ് കെ. എൻ. ബ്ലാക്ക്‌വെ "ഹിന്ദു"പത്രത്തിൽ താഴെ പറയുംപ്രകാരം എഴുതിയിരിക്കുന്നു.

"അംഗഭംഗം വന്നിട്ടുള്ള കുട്ടികൾക്ക് വിദ്യാഭ്യാസം നൾകുന്ന വിഷയത്തിൽ അടുത്തകാലത്താണ് പ്രത്യേക ശ്രദ്ധ പതിപ്പിച്ചുതുടങ്ങിയിട്ടുള്ളത്. നിർബ്ബന്ധിതപ്രാഥമികവിദ്യാഭ്യാസം പാശ്ചാത്യരാജ്യങ്ങളിൽ നടപ്പിൽ വരുത്തുവാൻ ശ്രമം തുടങ്ങിയതോടുകൂടി അംഗഭംഗം വന്ന കുട്ടികളെ മററുള്ളവരോടൊന്നിച്ചിരുത്തി പഠിപ്പിക്കുന്നതുകൊണ്ടു പ്രയോജനമൊന്നുമില്ലെന്ന മനസ്സിലായിത്തുടങ്ങി. ക്രമേണ അന്ധന്മാർ, ബധിരന്മാർ, മുടന്തന്മാർ, മാനസികരോഗമുള്ളവർ എന്നിവക്കു നാനാതരത്തിലുള്ള വിദ്യാലയങ്ങൾ സ്ഥാപിച്ചുവന്നു. അവക്കു പ്രത്യേക അദ്ധ്യയനരീതികളും ഏൎപ്പെടുത്തി. അംഗഭംഗംവന്നിട്ടുള്ള കുട്ടികളെ ഉദ്ദേശിച്ചു ചില അദ്ധ്യയനരീതികൾ ആവിഷ്കരിച്ചതോടുകൂടി സാധാരണ കുട്ടികളുടേയും വിദ്യാഭ്യാസത്തിനു അഭിവൃദ്ധിയുണ്ടായി എന്നുള്ളതാണ് ഇതുകൊണ്ടുള്ള ഒരു ഗുണഫലം. ഒരു പ്രധാന ഉദാഹരണം പറയാം. ചെറിയ കുട്ടികളെ പഠിപ്പിക്കുവാനുള്ള ഡാക്ടർ മോണ്ടിസ്സോറിയുടെ അദ്ധ്യയനരീതികൾ ആദ്യമായി ഇററലിയിലെ അംഗഭംഗം വന്ന കുട്ടികളുടെ സഹായത്തിനായി ഉപയോഗിച്ചുതുടങ്ങി. കുരുടന്മാക്കും ബധിരന്മാക്കുംവേണ്ടി ഇൻഡ്യയിൽ ഏൎപ്പെടുത്തിയിട്ടുള്ള പള്ളിക്കൂടങ്ങൾ ഞാൻ കണ്ടിട്ടുണ്ട്. എന്നാൽ കായികമായി ന്യൂനതകളുള്ളവക്കു ലിവർപൂളിൽ സ്ഥാപിച്ചിട്ടുള്ള വിദ്യാലയവും മാനസികമായ രോഗങ്ങൾ ബാധിച്ചവക്കുവേണ്ടി സ്ഥാപിച്ചിട്ടുള്ള രണ്ടു വിദ്യാലയങ്ങളും സന്ദശിക്കുവാൻ സൌകൎയ്യം ലഭിച്ചതിൽ എനിക്കു അതിയായ സന്തോഷമുണ്ട്.

ലിവർപൂളിലെ ഈ വിദ്യാലയം ഒരു സ്വകാൎയ്യസ്ഥാപനമാണ്. കായികമായി ന്യൂനതകളുള്ള വിദ്യാർത്ഥികൾക്കു വിദ്യാഭ്യാസത്തിനു പുറമെ വൈദ്യസഹായവും ലഭിച്ചുവരുന്നുണ്ട്. രണ്ടു സിസ്റ്റർമാരാണ്-ഒരു നഴ്സും ഒരു അദ്ധ്യാപികയും-ഈ സ്ഥാപനത്തിൻെറ ഭാരവാഹിത്വം വഹിക്കുന്നത്. ആ അദ്ധ്യാപിക അവരുടെ ജോലിയെപ്പററി എന്നോടു അല്പം പറഞ്ഞു. ഈ കുട്ടികളുടെ ജീവിതം ആഹ്ലാദപ്രദമാക്കുകയാണ് അവരുടെ ഒരു ഉദ്ദേശം. മററുള്ളവരെപ്പോലെതന്നെ ലോകത്തിൽ പ്രവൃത്തിചെയ്തു ജീവിക്കുവാൻ ഇവക്കു സാധ്യമല്ലാത്തതുകൊണ്ടു രസകരങ്ങളും ആദായകരങ്ങളുമായ ഗൃഹജോലികൾ അവരെ പഠിപ്പിക്കുന്നുണ്ട്. കുട്ടികളുടെ ശക്തിഹീനതകൊണ്ടും, വീട്ടിൽ വളന്നപ്പോൾ ബാധിച്ചിട്ടുള്ള ചില ദൂഷ്യങ്ങൾകൊണ്ടും ക്ഷമ വളരെ ആവശ്യമായിരിക്കുന്നു എന്ന് അവർ എന്നോടു പറഞ്ഞു. കൂടാതെ ഓരോരുത്തക്കും പ്രത്യേകം മാനസികവും കായികവുമായ ചികിത്സകൾ ആവശ്യമായിരിക്കുന്നു. ലിവർപൂളിലെ മനോഹരമായ ഒരു സ്ഥലത്താണ് വിദ്യാലയം സ്ഥിതിചെയ്യുന്നത്. ശയനമുറികൾ മുകളിലത്തെ നിലയിലും, ക്ലാസ്സുമുറികൾ താഴത്തെ നിലയിലുമാണ് സജ്ജീകരിച്ചിരിക്കുന്നത്. ഒന്നുരണ്ടുകുട്ടികൾ സദാ കിടക്കയെ ആശ്രയിച്ചിരുന്നു എങ്കിലും ഭൂരിപക്ഷം കുട്ടികളും താഴത്തായിരുന്നു. ഞാൻ അവരുടെ ഒരു ഡ്രിൽക്ലാസ്സു കാണുകയുണ്ടായി. അവക്കു പ്രത്യേകതരത്തിലുള്ള വ്യായാമങ്ങൾ നൾകിയിരുന്നു. അതിനെ തുടന്നു തോട്ടത്തിൽ ലഘുവായ ചില ജോലികളുണ്ടായിരുന്നു. പിന്നെ വായനക്കുള്ള സമയമായി.

പ്രത്യേകം നാലുകളായി പിരിച്ചാണു പഠിപ്പിച്ചിരുന്നത്. അതിനുശേഷം കൈവേലകൾ ചെയ്യുന്നു. ഈ വിഷയത്തിൽ അദ്ധ്യാപികക്കു പ്രത്യേകപരിശീലനം സിദ്ധിച്ചിരുന്നു. ആ കുട്ടികൾക്കു ഏററവും പ്രധാനമായജീവിതോപായം അതാണല്ലോ. അവർ ഉണ്ടാക്കിയ കുട്ടകൾ, വട്ടികൾ, പെട്ടികൾ മുതലായവ ഹൃദയാകർഷകങ്ങളായിരുന്നു. ഞാൻ യാത്രയായപ്പോൾ അവിടത്തെ പ്രായമായ കുട്ടി-ഏകദേശം പന്ത്രണ്ടുവയസ്സുള്ള ഒരു പെടച്ച കുട്ടി-എനിക്കു വണ്ടികിടക്കുന്ന സ്ഥലത്തേക്കുള്ള വഴി കാണിച്ചുതന്നു. ഒരു വണ്ടിയിലെ മണിയടിക്കാരനാകാൻ ആഗ്രഹിക്കുന്നു എന്നു ആ കുട്ടി എന്നോടു പറഞ്ഞു.

ലണ്ടനിലെ മാനസികരോഗികൾക്കായുള്ള രണ്ടു പാഠശാലകളും ഞാൻ സന്ദർശിച്ചു. കുട്ടികളെ പള്ളിക്കൂടത്തിൽ പ്രവേശിപ്പിക്കുന്നതു അദ്ധ്യാപകന്മാരുടെ ശുപാർശയനുസരിച്ചും ബുദ്ധിശക്തിപരീക്ഷണം നടത്തിയുമാണ്. ഞാൻ ആദ്യമായി പെൺപള്ളിക്കൂടത്തിൽപോയി. എന്റെകൂടെ ഒരു സ്നേഹിതയുമുണ്ടായിരുന്നു. അവർ മുമ്പെ അതുപോലുള്ളവർക്കുള്ള വിദ്യാലയങ്ങളുടെ ഇൻസ്പെക്ട്രസ്സ് ആയിരുന്നു. ഞങ്ങൾ ചെന്നപ്പോൾ അവിടെ സംഗീതക്ലാസ്സും ഡ്രിൽക്ലാസ്സും നടന്നുകൊണ്ടിരുന്നു. സാധാരണ വിദ്യാലയങ്ങളിൽ കാണുന്ന കുട്ടികളെ അപേക്ഷിച്ചു മണ്ടന്മാരും അശ്രദ്ധരുമായിരുന്ന അവിടത്തെ കുട്ടികളെ പ്രോത്സാഹിപ്പിച്ചു പഠിപ്പിച്ചിരുന്ന അവിടത്തെ അദ്ധ്യാപകന്മാർ ആരേയും അത്ഭുതപ്പെടുത്താതിരിക്കയില്ല. എല്ലാ വിദ്യാലയങ്ങളിലും പ്രായോഗിക ജോലികളിലാണ് പ്രാധാന്യം കല്പിച്ചിരുന്നത്. പ്രായോഗിക ദൃഷ്ടാന്തങ്ങളിൽ കൂടി മാത്രമേ അവൎക്കു പഠിക്കുവാൻ നിവൃത്തിയുള്ളല്ലൊ. ബാലികാപാഠശാലയിൽ പാചക വിദ്യയും തുന്നൽപ്പണിയും പഠിപ്പിച്ചിരുന്നു. അതുകൊണ്ടു ഗൃഹം ഭരിക്കുന്നതിനും വലിയ വീടികകളിൽനിന്നും ചെറുതരം ജോലി സ്വീകരിച്ചു നിത്യവൃത്തി കഴിച്ചുകൂട്ടുവാനും ഇവൎക്കു സാധിക്കുമല്ലൊ. ആൺപള്ളിക്കൂടത്തിൽ മരപ്പണി, തുന്നൽപണി, ലോഹപ്പണി മുതലായവയാണ് പഠിപ്പിക്കുന്നതു്. കുട്ടികൾ അവരുടെ പ്രായോഗിക ജോലികളിൽ താല്പൎയ്യമുള്ളവരാകുന്നു. അദ്ധ്യാപകന്മാർ വളരെ ക്ഷമ കാണിച്ചിരുന്നു. കുട്ടികളെ പുറത്തുപോയി ചെറുതരം ജോലികൾ ചെയ്യുന്നതിനു അനുവദിച്ചിരുന്നു. അവർ നല്ലവണ്ണം ജോലി ചെയ്യുകയും അതിൽ ആനന്ദിക്കുകയും ചെയ്തിരുന്നു. സാധാരണ പ്രാഥമിക പാഠശാലകളിൽ കൂടുതൽ പ്രായോഗികവേല തുടങ്ങുകയാണെങ്കിൽ വളരെ ഗുണമുണ്ടാകുന്നതാണ്. ഈ രണ്ടു പള്ളിക്കൂടങ്ങളിലെ കുട്ടികൾക്കും പുറത്തുപോയാൽ ജോലികിട്ടുന്നു. മാനസികമായി ന്യൂനതകളുള്ള എത്ര സ്ത്രീപുരുഷന്മാരാണ് ധൎമ്മവ്യഭിചാരണംചെയ്തു കുററങ്ങളിൽ പെട്ടിരിക്കുന്നതു എന്നു നോക്കുമ്പോൾ ഇപ്രകാരമുള്ള പാഠശാലകൾ സമുദായത്തിന് വലിയ അനുഗ്രഹമാണെന്ന് എല്ലാവൎക്കും തോന്നാതിരിക്കയില്ല".

## കുറിപ്പ്.

# സമസ്തകേരള സാഹിത്യപരിഷത്ത്

### ചതുർത്ഥസമ്മേളനം.

സാഹിത്യപരിഷത്തിന്റെ അടുത്ത സമ്മേളനം തിരുവിതാംകൂറിന്റെ തലസ്ഥാനനഗരിയായ തിരുവനന്തപുരത്തുവച്ചു നടത്തുന്നതാണല്ലോ. അതിനു വേണ്ട ഏർപ്പാടുകൾ, സാഹിത്യത്തിലും മറ്റുവിധത്തിലും പ്രസിദ്ധന്മാരായ ചില പ്രമാണികൾതന്നെ ചെയ്തുവരുന്നതായും അറിയുന്നതിൽ സന്തോഷിക്കുന്നു.

സാഹിത്യപരിഷത്തു സമീപിച്ചിരിക്കുന്ന ഈഘട്ടത്തിൽ അതിനെക്കുറിച്ചു വിസ്താരമായ ഒരു നിരൂപണം ചെയ്യണമെന്നിവിടെ ഉദ്ദേശമില്ല. ഒന്നുരണ്ടു വാക്കുകൾ ഇവിടെ പറയണമെന്നെ വിചാരിക്കുന്നുള്ളു.

ഒന്നാമത്ത് ഇത്രവളരെ അദ്ധ്യക്ഷന്മാരെ തിരയേണ്ട ആവശ്യമുണ്ടായിരുന്നില്ലെന്നാണു ഞങ്ങളുടെ അഭിപ്രായം. യോഗ്യതയുള്ള ഒന്നോരണ്ടോ അദ്ധ്യക്ഷന്മാർ മതിയായിരുന്നു. അവരിൽ ഒരാളെ അടുത്ത പരിഷത്തുവരെ അദ്ധ്യക്ഷനായി സ്വീകരിക്കാവുന്നതുമാണ്. ഇപ്പോൾ അദ്ധ്യക്ഷന്മാരെ തിരഞ്ഞെടുത്തിരിക്കുന്നത് ജാതി, ദിക്ക്, പാണ്ഡിത്യം മുതലായ തത്വങ്ങളെ ആശ്രയിച്ചാണ് എന്നു പറയുന്നു. സാഹിത്യശാലയത്തിൽ ഈ "ഭേവർകൃത്യം" മനശ്ശുദ്ധിയുള്ള സാഹിത്യരസികന്മാർക്കു ചേന്നതാണെന്നു ഞങ്ങൾ വിചാരിക്കുന്നില്ല.

ഇപ്പോൾ തിരഞ്ഞെടുത്തിരിക്കുന്നവരെ സംബന്ധിച്ച് ആരോ ചില ചോദ്യങ്ങൾ ചോദിക്കുകയും അതിനു മറുപടിയായി പ്രവർത്തകന്മാർക്ക് അറിയാവുന്ന വിധം ചിലതു പറയുകയും ചെയ്തിട്ടുണ്ട്. ശാഖാപരിഷത്തുകൾ ഇല്ലാതിരിക്കെ, ഇപ്പോഴത്തെ നിലയിൽതന്നെ അദ്ധ്യക്ഷന്മാരെ തിരഞ്ഞെടുക്കുമ്പോൾ അത് ഇതിലധികം നന്നാകാനും തരമില്ല. എന്നാൽ പ്രവർത്തകന്മാരേക്കാൾ അദ്ധ്യക്ഷന്മാരോട് അടുത്തു പരിചയമുള്ളവർക്ക് അദ്ധ്യക്ഷന്മാരെക്കുറിച്ചുള്ള പ്രവർത്തകന്മാർ ഉണ്ടാക്കി പറയുന്ന അപദാനങ്ങളിൽ പലതും ഒരു മന്ദഹാസത്തിനാണ് കാരണമാകുന്നത്. എന്നതന്നെയല്ല, ഇവരിൽ പലരേയും കാൾ അദ്ധ്യക്ഷസ്ഥാനത്തിന് അർഹതയുള്ളവർ വേറെ ഉണ്ടായിരിക്കെ ഈ തിരഞ്ഞെടുപ്പിൽ ആക്ഷേപം തോന്നുകയും ചെയ്യും. ഏതായാലും ഇനിയും ഈവക സംഗതികളെ കുറിച്ച് പറഞ്ഞതുകൊണ്ടു ഫലമില്ലല്ലോ.

അടുത്ത സാഹിത്യപരിഷത്തു പൂർവ്വാധികം കർമ്മപദ്ധതിയിൽ വർത്തിച്ചു കാണ്മാനും ശുഭമായി കലാശിപ്പാനും സർവ്വേശ്വരൻ അനുഗ്രഹിക്കട്ടെ.